2026 NOVEMBER 16

emalayalee.com

The Weekly

WEEKLY NEWSPAPER

Conta layalee.com | Phone: 917 324 4907; 917 662 1122



അമേരിക്കൻ നീതിപീഠത്തിലേക്ക് വിജയം ആവർത്തിച്ച് സുരേന്ദ്രൻ കെ. പട്ടേൽ



സെയിന്റ്സ് സിംഫണി വാർഷികം ഹൃദ്യമായി

MALABAR
GOLD & DIAMONDS



THE SEASON OF
JEWELLERY
THE SEASON OF
OFFERS

FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE

Offer valid
until 8th November 2026

*T&C Apply

മലയാള മണ്ണിൽനിന്ന് അമേരിക്കൻ നീതിപീഠത്തിലേക്ക്; വിജയം ആവർത്തിച്ച് സുരേന്ദ്രൻ കെ. പട്ടേൽ



മീട്ടു റഹ്മത്ത് കലാം

കാസർഗോഡ് ജില്ലയിലെ ഒരു കൊച്ചുഗ്രാമത്തിൽ കൂലി പ്പണിക്കാരായ മാതാപിതാക്കളുടെ മകനായി ജനിച്ച്, ജീവിതപ്ര തിസന്ധികളോട് പൊരുതി പഠനം പൂർത്തിയാക്കി, ഇന്ത്യയിലെ സുപ്രീം കോടതിയിൽ അഭിഭാഷകനായും പിന്നീട് അമേരിക്കയി ലെ ടെക്സസിൽ ജില്ലാ കോടതി ജഡ്ജിയായും വളർന്ന വ്യ ക്തിയാണ് സുരേന്ദ്രൻ കെ. പട്ടേൽ. പത്താം ക്ലാസിനുശേഷം പഠനം നിർത്തി കൂലിപ്പണിക്കിറങ്ങിയ ജീവിതത്തിൽനി ന്ന് അമേരിക്കയിലെ സുപ്രധാനമായ ജുഡീഷ്യൽ പദവിയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്ര അതി ജീവനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അപൂർവ മാതൃകയാണ്.

2022-ൽ ആദ്യമായി ജഡ്ജിയായി തിര ഞ്ഞെടുക്കപ്പെട്ട അദ്ദേഹം, ആദ്യ ടേമിൽ കോടതിയിലെ കേസുകളുടെ കെട്ടിക്കി ടക്കുന്ന ബാക്ക്ലോഗ് പൂർണമായി ഒ ഴിവാക്കി മികച്ച പ്രവർത്തനമികവ് തെളിയിച്ചു. ഇരുന്നൂറിൽ താഴെ വോട്ടിന്റെ നേരിയ ഭൂരിപക്ഷ ത്തിൽ ആദ്യ വിജയം നേടി യ അദ്ദേഹം, രണ്ടാം തിര ഞ്ഞെടുപ്പിൽ ഏകദേശം 60,000 വോട്ടിന്റെ ഭൂരി പക്ഷത്തോടെയാണ്

വിജയിച്ചത്. വ്യക്തിപരമായ നേട്ടത്തേക്കാൾ ജനങ്ങൾ അർപ്പിച്ച വിശ്വാസത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും അംഗീകാരമായാണ് ഈ വിജയത്തെ അദ്ദേഹം കാണുന്നത്.

കുട്ടിക്കാലത്തേക്കും കുടുംബപശ്ചാത്തലത്തിലേക്കും ഒന്ന് തിരിഞ്ഞുനോക്കാമോ?

ഞാൻ ജനിച്ചുവളർന്നത് കാസർഗോഡ് ജില്ലയിലെ ബളാൽ എന്ന ചെറിയ ഗ്രാമത്തിലാണ്. ബളാൽ ഗവൺമെന്റ് ഹൈസ്കൂളിലായിരുന്നു ഒന്നുമുതൽ പത്താം ക്ലാസ് വരെയുള്ള പഠനം. പഠനത്തിൽ വലിയ മികവൊന്നും അവകാശപ്പെടാനില്ലാത്ത ഒരു സാധാരണ വിദ്യാർഥിയായിരുന്നു.

വളരെ ദരിദ്രമായ കുടുംബപശ്ചാത്തലമായിരുന്നു. കൂലിപ്പണിക്കാരായ അച്ഛനും അമ്മയ്ക്കും ഞങ്ങൾ ആറു മക്കൾ. മൂത്ത സഹോദരി ഞാൻ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ മരണപ്പെട്ടു. ആ സംഭവവും അതുമായി ബന്ധപ്പെട്ട് കുടുംബത്തിന് നീതി ലഭിച്ചില്ലെന്ന ബോധ്യവും വലിയ മുറിവായി അവശേഷിച്ചു. ഒരുപക്ഷേ, നിയമരംഗത്തേക്ക് എത്തണമെന്ന ആഗ്രഹത്തിന്റെ ഒരു വിത്ത് അന്നേ മനസ്സിൽ വീണിട്ടുണ്ടാകാം.

കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഒമ്പതാം ക്ലാസ് മുതൽ തന്നെ ജോലി ചെയ്യേണ്ടിവന്നു. സഹോദരിമാരോടൊപ്പം ബീഡിതെറുപ്പിൽ സഹായിച്ചു. അടുത്തുള്ള പലചരക്ക് കടയിൽ ജോലി ചെയ്തു. അവധി ദിവസങ്ങളിലും വൈകുന്നേരങ്ങളിലും കൂലിപ്പണിക്കും പോയി.

പത്താം ക്ലാസ് കഴിഞ്ഞ് തുടർപഠനം ഏറെക്കുറെ അസാധ്യമായി. ഒരു വർഷത്തോളം പൂർണമായും കൂലിപ്പണിയെടുത്തു. എന്നാൽ ആ ഒരു വർഷമാണ് എന്റെ ജീവിതത്തിലെ വഴിത്തിരിവായത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും വീണ്ടും പഠനത്തിലേക്ക് മടങ്ങാനും തീരുമാനിച്ചത് ആ കാലത്താണ്.

പഠനം പുനരാരംഭിച്ചപ്പോൾ മികച്ച അക്കാദമിക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. അതിന് പിന്നിലെ പ്രയത്നം എങ്ങനെയായിരുന്നു?

എളേരിത്തട്ട് ഗവൺമെന്റ് കോളജിൽ പ്രീഡിഗ്രിക്ക് മികച്ചപ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചു. പയ്യന്നൂർ കോളജിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദം നേടി. ഇരു കോളജുകളിലും രണ്ടാം റാങ്ക് നേടാനും ഫസ്റ്റ് ക്ലാസോടെ പാസാകാനും സാധിച്ചത് ആത്മവിശ്വാസം വർദ്ധിപ്പിച്ചു. എന്നാൽ, പഠനത്തിനൊപ്പം ജോലി ഉപേക്ഷിക്കാൻ കഴിഞ്ഞിരുന്നില്ല. വൈകുന്നേരങ്ങളിലും വാരാന്ത്യങ്ങളിലും ചെറിയ ജോലികൾ ചെയ്തു.



നിയമപഠനത്തിനായി കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ ചേർന്നപ്പോൾ വെല്ലുവിളികൾ വീണ്ടും വർധിച്ചു. കാസർഗോഡു നിന്ന് ദിവസവും യാത്രചെയ്യാൻ സാധിക്കാത്തതിനാൽ കോഴിക്കോട്ട് താമസിക്കേണ്ടിവന്നു. അതിനുള്ള ചെലവ് കണ്ടെത്താൻ മലബാർ പാലസ് ഹോട്ടലിൽ ജോലി അഭ്യർഥിച്ചു. അവിടെ ഹൗസ് കീപ്പിങ് വിഭാഗത്തിൽ ജോലി ലഭിച്ചു.

ഉച്ചയ്ക്ക് രണ്ടുമുതൽ രാത്രി പതിനൊന്നുവരെയായിരുന്നു ജോലി. ക്ലാസുകൾ രാവിലെ മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെ. അതിനാൽ ഉച്ചയ്ക്കുശേഷമുള്ള ക്ലാസുകൾ നഷ്ടപ്പെടുമായിരുന്നു. ലഭിക്കുന്ന സമയമത്രയും പഠനത്തിനായി വിനിയോഗിച്ചു. അങ്ങനെയാണ് നിയമബിരുദം പൂർത്തിയാക്കിയത്.

ഇന്ത്യയിലെ അഭിഭാഷകജീവിതം എങ്ങനെയായിരുന്നു? സുപ്രീം കോടതിവരെയുള്ള യാത്രയെക്കുറിച്ച് പറയാമോ?

1996 ജനുവരിയിൽ കാഞ്ഞങ്ങാട്ട് അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. അവിടെ അപ്പുക്കുട്ടൻ എന്ന പ്രമുഖ അഭിഭാഷകന്റെ ഓഫീസിലായിരുന്നു തുടക്കം. മികച്ച ട്രയൽ ലോയറായി വളരാനുള്ള അവസരം ആ ഓഫീസ് എനിക്ക് നൽകി. 2004 അവസാനം വരെ അവിടെ പ്രാക്ടീസ് ചെയ്തു.

2004-ലായിരുന്നു വിവാഹം. ഭാര്യയ്ക്ക് ഡൽഹിയിൽ ജോലി ലഭിച്ചതോടെ ഞങ്ങൾ



രണ്ടിടങ്ങളിലായി കഴിയേണ്ട സാഹചര്യമുണ്ടായി. പിന്നീട് ഭാര്യ ഗർഭിണിയായപ്പോൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായി. ഭാര്യയെ പരിചരിക്കേണ്ട സാഹചര്യം വന്നതോടെ കാഞ്ഞങ്ങാട്ടെ നല്ലൊരു പ്രാക്ടീസ് ഉപേക്ഷിച്ച് 2005-ൽ ഡൽഹിയിലേക്ക് മാറി.

തുടക്കത്തിൽ വലിയ ബുദ്ധിമുട്ടുകളുണ്ടായെങ്കിലും പിന്നീട് സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യാൻ അവസരം ലഭിച്ചു. അവിടെ രണ്ടര മുതൽ മൂന്നു വർഷത്തോളം പ്രവർത്തിച്ചു. ആ കാലയളവിൽ ഏകദേശം 32 കേസുകൾ കൈകാര്യം ചെയ്യാൻ സാധിച്ചു.

അതിനിടെയാണ് ഭാര്യയ്ക്ക് അമേരിക്കയിൽ ജോലി ലഭിച്ചത്. കുടുംബത്തോടൊപ്പം അമേരിക്കയിലേക്ക് വരേണ്ടിവന്നതോടെ ഡൽഹിയിലെ പ്രാക്ടീസ് ഉപേക്ഷിക്കേണ്ടിവന്നു.

അമേരിക്കയിലെത്തിയപ്പോൾ ജീവിതം ഒന്നിൽനിന്ന് തുടങ്ങേണ്ടിവന്നു. അഭിഭാഷകനായിരുന്ന ഒരാൾക്ക് ഗ്രോസറി സ്റ്റോറിൽ ജോലി ചെയ്യേണ്ടിവന്ന സാഹചര്യം എങ്ങനെയായിരുന്നു?

അമേരിക്കയിലെത്തിയപ്പോൾ ഇവിടുത്തെ നിയമവ്യവസ്ഥയിൽ എങ്ങനെ പ്രാക്ടീസ് തുടരാമെന്നതിനെക്കുറിച്ച് എനിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നില്ല. നാട്ടിൽ നിന്ന് വന്ന പല അഭിഭാഷകർക്കും ഇവിടെ നിയമരംഗത്ത് തുടരാൻ കഴിയാതെ വന്ന അനുഭവങ്ങളും അറിയാമായിരുന്നു.ഭാര്യ രണ്ടാമത് ഗർഭിണിയായി.കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു.അതുകൊണ്ട് ടെക്സസിലെ ക്രോഗർ ഗ്രോസറി സ്റ്റോറിൽ സെയിൽസ്മാനായി ജോലി ആരംഭിച്ചു. മണിക്കൂറിന് അഞ്ചര ഡോളറായിരുന്നു അന്നത്തെ വേതനം.

ഭാര്യക്ക് നൈറ്റ് ഷിഫ്റ്റ് ആയിരുന്നതിനാൽ കുട്ടികളെ നോക്കേണ്ട ചുമതലയും എനിക്കുണ്ടായിരുന്നു. ഇതിനിടയിൽ ടെക്സസിലെ നിയമവ്യവസ്ഥയിൽ വിദേശ അഭിഭാഷകർക്ക് ലഭ്യമായിരുന്ന ഒരു പ്രത്യേക അവസരത്തെക്കുറിച്ച് അറിഞ്ഞു.

ബ്രിട്ടീഷ് കോമൺ ലോ പിന്തുടരുന്ന രാജ്യങ്ങളിൽ നിശ്ചിത കാലയളവിൽ നിയമപ്രാക്ടീസ് നടത്തിയ അഭിഭാഷകർക്ക് ടെക്സസിൽ ലോ സ്കൂളിൽ വീണ്ടും പഠിക്കാതെ നേരിട്ട് ബാർ പരീക്ഷ എഴുതാനുള്ള വ്യവസ്ഥ ഉണ്ടെന്ന അറിവ് അവസാന കച്ചിത്തുരുമ്പായി. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ അഞ്ചു വർഷത്തെ നിയമപ്രാക്ടീസും മറ്റു യോഗ്യതകളും അതിന് ആവശ്യമായിരുന്നു.

എന്റെ ഇന്ത്യൻ നിയമ പരിചയം ഈ അവസരത്തിന് യോഗ്യത നേടാൻ സഹായിച്ചു. അപേക്ഷ സമർപ്പിച്ചശേഷം വിശദമായ പരിശോധനകളിലൂടെ കടന്നുപോകേണ്ടിവന്നു. എന്നാൽ അപേക്ഷ അംഗീകരിക്കപ്പെട്ടപ്പോഴേക്കും പരീക്ഷയെഴുതാനുള്ള അവസരങ്ങളിൽ ഒന്ന് മാത്രമാണ് ബാക്കിയുണ്ടായിരുന്നത്.

കുട്ടികളെ നോക്കേണ്ട ചുമതലയും ഭാര്യയുടെ ജോലി സമയവും കാരണം പരീക്ഷയ്ക്കുള്ള പ്രത്യേക കോഴ്സിൽ ചേരാനും കഴിഞ്ഞില്ല. സ്വയം പഠിച്ചാണ് പരീക്ഷയെ നേരിട്ടത്.

അമേരിക്കയിൽ ലോ സ്കൂളിൽ പഠിച്ചെത്തുന്നവരിൽ പോലും വിജയശതമാനം പരിമിതമാണ്. വിദേശ നിയമപരിചയത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷയെഴുതുന്നവരിൽ വളരെ കുറച്ചുപേർക്കേ വിജയിക്കാൻ കഴിയാറുള്ളൂ. അത്തരമൊരു സാഹചര്യത്തിൽ ആദ്യ ശ്രമത്തിൽ തന്നെ പരീക്ഷ വിജയിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായിരുന്നു.

ബാർ പരീക്ഷ വിജയിച്ചശേഷം അമേരിക്കയിൽ അഭിഭാഷകനെന്ന നിലയിൽ നേരിട്ട വെല്ലുവിളികൾ എന്തായിരുന്നു?

പരീക്ഷ വിജയിച്ചശേഷം നൂറോളം ലോ ഫേമുകളിൽ ജോലി തേടി അപേക്ഷിച്ചു. എന്നാൽ, പ്രതീക്ഷിച്ച രീതിയിലുള്ള അവസരങ്ങൾ ലഭിച്ചില്ല. ഒടുവിൽ സ്വന്തമായി

പ്രാക്ടീസ് ആരംഭിക്കുകയായിരുന്നു. ഇതിനിടെ യൂണിവേഴ്സിറ്റി ഓഫ് ഹ്യൂസ്റ്റൺ ലോ സെന്ററിൽ എൽ.എൽ.എമ്മിന് ചേർന്നു. ഇന്റർനാഷണൽ ലോയിൽ മാസ്റ്റേഴ്സ് ചെയ്തു. കോഴ്സിന്റെ ഭാഗമായി അന്താരാഷ്ട്ര നിയമത്തിൽ, പ്രത്യേകിച്ച് 'Crimes of Aggression' എന്ന വിഷയത്തിൽ അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ നിർവചനത്തെ വിമർശിക്കുകയും പുതിയൊരു നിർവചനം മുന്നോട്ടുവയ്ക്കുകയും ചെയ്യുന്ന ഗവേഷണ പ്രബന്ധം അവതരിപ്പിച്ചു. ആ പ്രബന്ധത്തിന് മികച്ച പ്രതികരണവും ലഭിച്ചു.

അഭിഭാഷകനിൽനിന്ന് ജഡ്ജിയിലേക്കുള്ള മാറ്റത്തിന് പ്രചോദനമായത് എന്താണ്? ആദ്യമായി തിരഞ്ഞെടുപ്പിൽ മത്സരിച്ചത് എപ്പോഴാണ്?

അഭിഭാഷകനെന്ന നിലയിൽ പ്രാക്ടീസ് തുടർന്നുകൊണ്ടിരിക്കെയാണ് ജുഡീഷ്യൽ രംഗത്തേക്ക് കടക്കണമെന്ന ആഗ്രഹം ശക്തമായത്. നിയമരംഗത്ത് പ്രവർത്തിച്ച അനുഭവങ്ങളും സമൂഹത്തിൽ നേരിട്ട ചില പ്രശ്നങ്ങളും വിലയിരുത്തിയപ്പോൾ ഒരു നല്ല ജഡ്ജിയായി പ്രവർത്തിക്കാൻ എനിക്ക് കഴിയുമെന്ന് തോന്നി.

2020-ലാണ് ആദ്യമായി മത്സരിച്ചത്. പ്രൈമറിയിൽ ഒരാൾക്കും 50 ശതമാനത്തിലധികം വോട്ട് ലഭിക്കാത്തതിനാൽ ഏറ്റവും കൂടുതൽ വോട്ട് നേടിയ രണ്ടുപേർ റൺഓഫിലേക്ക് പോയി. അതിൽ ഞാൻ പരാജയപ്പെട്ടു.

എന്നാൽ ആ പരാജയം എന്നെ പിന്തിരിപ്പിച്ചില്ല. 2022-ൽ വീണ്ടും മത്സരിച്ചു. അന്ന് ഡെമോക്രാറ്റിക് പ്രൈമറിയിൽ സിറ്റിങ് ജഡ്ജിക്കെതിരെ മത്സരിച്ച് വിജയിച്ചു. തുടർന്ന് ജനറൽ ഇലക്ഷനിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥിയെയും പരാജയപ്പെടുത്തി 240-ാം ഡിസ്ട്രിക്ട് കോടതിയുടെ ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ടു. ആദ്യ തിരഞ്ഞെടുപ്പിൽ വെറും 194 വോട്ടിന്റെ ഭൂരിപക്ഷത്തിലായിരുന്നു വിജയം.

ആദ്യ ടേമിൽ തന്നെ കോടതിയുടെ പ്രവർത്തനത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവന്നു. ബാക്ക്ലോഗ് ഒഴിവാക്കിയതിനെക്കുറിച്ച് വിശദീകരിക്കാമോ?

ഞാൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ എന്റെ കോടതിയിൽ നിരവധി കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. ആദ്യ നാലുവർഷത്തെ ടേമിനുള്ളിൽ ആ ബാക്ക്ലോഗ് ഇല്ലാതാക്കുമെന്നാണ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം.

എന്നാൽ നാലുവർഷം കാത്തിരിക്കേണ്ടിവന്നില്ല. ആദ്യ രണ്ടു വർഷത്തിനുള്ളിൽ തന്നെ കോടതിയിലെ ബാക്ക്ലോഗ് പൂർണമായി ഒഴിവാക്കാൻ സാധിച്ചു.

കഴിഞ്ഞ നാലുവർഷത്തിനിടെ കൗണ്ടിയിലെ പത്ത് ഡിസ്ട്രിക്ട് കോടതികളിൽ ഏറ്റവും കൂടുതൽ ജൂറി ട്രയലുകൾ നടത്തിയ ജഡ്ജി എന്ന നേട്ടവും കൈവരിച്ചു. ഏറ്റവും കൂടുതൽ ബെഞ്ച് ട്രയലുകൾ നടത്തിയതിലും കേസുകൾ തീർപ്പാക്കിയതിലും റെക്കോർഡ് സൃഷ്ടിക്കാൻ കഴിഞ്ഞു.

നാല്പതിലേറെ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് നൽകാനും അവരെ മെന്റർ ചെയ്യാനും സാധിച്ചു. ബാർ അസോസിയേഷനുമായി മികച്ച ബന്ധം സ്ഥാപിച്ചു. 2025-ൽ കൗണ്ടിയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ജഡ്ജിക്ക് ബാർ അസോസിയേഷനിൽനിന്ന് ലഭിച്ച പ്രത്യേക ഓണററി അംഗീകാരവും എനിക്ക് ലഭിച്ചു.

ആദ്യ തിരഞ്ഞെടുപ്പിൽ നേരിയ മാർജിനിൽ വിജയിച്ച താങ്കൾ ,രണ്ടാം തവണ ഏകദേശം 60,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. ഈ മാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു?

ആദ്യ തിരഞ്ഞെടുപ്പിൽ എനിക്ക് നിരവധി പരിമിതികളുണ്ടായിരുന്നു.അമേരിക്കയിൽ എത്തിയിട്ട് അധികകാലമായിരുന്നില്ല. 2016-17 കാലഘട്ടത്തിലാണ് എനിക്ക് അമേരിക്കൻ പൗരത്വം ലഭിച്ചത്. പൊതുസമൂഹത്തിൽ എന്നെ അധികമാർക്കും



അറിയില്ലായിരുന്നു. എന്റെ ഉച്ചാരണരീതിയും പശ്ചാത്തലവും കാരണം പൊതുസമൂഹം എത്രത്തോളം എന്നെ അംഗീകരിക്കുമെന്ന ആശങ്കയും ചിലർക്കുണ്ടായിരുന്നു.

ഒരു ഡിസ്ട്രിക്ട്കോടതിയുടെ ജഡ്ജി എന്നത് വളരെ വലിയ ഉത്തരവാദിത്വമുള്ള പദവിയാണ്. കൊലപാതകം, ലൈംഗികാതിക്രമം, കവർച്ച തുടങ്ങിയ ഗുരുതരമായ ക്രിമിനൽ കേസുകളും കോടിക്കണക്കിന് ഡോളറിന്റെ സിവിൽ കേസുകളുമാണ് ഈ കോടതിയിലെത്തുന്നത്. അതിനാൽ ആവശ്യമായ പരിചയവും യോഗ്യതയും എനിക്കുണ്ടോ എന്ന ചോദ്യങ്ങളും ഉയർന്നിരുന്നു.

എന്നാൽ കഠിനമായ പ്രചാരണവും സുഹൃത്തുക്കളുടെയും അഭ്യുദയകാംക്ഷികളുടെയും പിന്തുണയും വിജയത്തിലേക്ക് നയിച്ചു.

രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ സാഹചര്യം വ്യത്യസ്തമായിരുന്നു. ആദ്യ ടേമിലെ പ്രവർത്തനങ്ങൾ എന്റെ ഏറ്റവും വലിയ പ്രചാരണായുധമായി. അഭിഭാഷകസമൂഹത്തിന്റെ വലിയ പിന്തുണയും ലഭിച്ചു. പ്രൈമറിയിൽ എതിരാളികളില്ലാതെ വിജയിച്ചു. ജനറൽ ഇലക്ഷനിൽ ഇന്ത്യൻ വംശജയായ ഒരു വനിതാ അഭിഭാഷകയായിരുന്നു എതിരാളി. അവർ ക്രിമിനൽ ഡിഫൻസ് ലോയറായി ഏകദേശം 35 വർഷമായി പ്രാക്ടീസ് ചെയ്യുന്ന വ്യക്തിയാണ്.

ഈ തിരഞ്ഞെടുപ്പിൽ എനിക്ക് ജയിക്കുമെന്ന കാര്യത്തിൽ വലിയ ആശങ്കയുണ്ടായിരുന്നില്ല. എന്നാൽ എതിരാളിയുടെ പ്രചാരണം ചിലപ്പോഴൊക്കെ നെഗറ്റീവ് സ്വഭാവത്തിലേക്ക് മാറി. ഞാൻ വിശ്വസിക്കുന്നത് പോസിറ്റീവ് ക്യാമ്പയിനിലാണ്. എന്റെ പ്രവർത്തനരേഖയും കഴിഞ്ഞ നാലുവർഷത്തെ നേട്ടങ്ങളുമാണ് ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചത്.

ആദ്യ തവണ 194 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചിടത്ത് ഇത്തവണ ഏകദേശം 60,000 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. അത് എന്റെ വ്യക്തിപരമായ മഹിമയല്ല. ജനങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസത്തിന്റെ അംഗീകാരമാണ്. അതെന്റെ ഉത്തരവാദിത്ത ബോധം വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

ഒരു ജഡ്ജിയുടെ പ്രവർത്തനമികവ് വിലയിരുത്തേണ്ടത് വിധികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ, അതോ നീതിയുടെ ഗുണനിലവാരവും സമയബന്ധിതമായ തീർപ്പുമാണോ പ്രധാനം?

ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ്. 'ഖൗശേരല റലഹമ്യലറ ശേഷൗശേരല റലിശലറ' എന്നൊരു തത്വമുണ്ട്. സമയബന്ധിതമായി നീതി ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ അത് നീതിന്യായവ്യവസ്ഥയുടെ പരാജയമാണ്.

എന്നാൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്റെ പേരിൽ നീതിയുടെ ഗുണനിലവാരം കുറയാൻ പാടില്ല. ഓരോ വ്യക്തിക്കും തന്റെ ഭാഗം വിശദീകരിക്കാനും വാദങ്ങൾ അവതരിപ്പിക്കാനും അവസരവും സമയവും ലഭിക്കണം.

കൃത്യമായ ഷെഡ്യൂളിങ്, കാര്യക്ഷമമായ കേസ് മാനേജ്മെന്റ്, സമയബന്ധിതമായ ഹിയറിങ്ങുകൾ എന്നിവയിലൂടെയാണ് ഞങ്ങളുടെ കോടതി പ്രവർത്തിക്കുന്നത്. ചെറിയൊരു സ്റ്റാഫ് മാത്രമുള്ളപ്പോഴും കാര്യക്ഷമമായി കോടതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ട്.

ജഡ്ജിയെന്ന നിലയിൽ കഴിഞ്ഞ നാലുവർഷത്തിനിടെ ഏറ്റവും കൂടുതൽ മനസ്സിനെ സ്വാധീനിച്ച കേസുകളോ അനുഭവങ്ങളോ ഉണ്ടായിട്ടുണ്ടോ?





വളരെ ഗൗരവമേറിയ ക്രിമിനൽ കേസുകളും സങ്കീർണമായ സിവിൽ കേസുകളുമാണ് എന്റെ കോടതിയിലെത്തുന്നത്. ചില ലൈംഗികാതിക്രമ കേസുകൾ ഉൾപ്പെടെയുള്ള സംഭവങ്ങൾ വൈകാരികമായി ഏറെ സ്വാധീനിക്കുന്നവയാണ്.

എന്നാൽ ഒരു ജുഡീഷ്യൽ ഓഫീസർ എന്ന നിലയിൽ വ്യക്തിപരമായ വികാരങ്ങളും കുടുംബജീവിതവും കോടതി നടപടികളിൽ ഇടപെടാൻ അനുവദിക്കരുത്. ജഡ്ജിയുടെ ഉത്തരവാദിത്വം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കതീതമായി നിയമത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കുക എന്നതാണ്.

വ്യക്തിജീവിതവും ഔദ്യോഗിക ജീവിതവും വേർതിരിച്ചുകൊണ്ടുപോകാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. വർഷങ്ങളായുള്ള അഭിഭാഷകപരിചയം അതിന് എന്നെ സഹായിക്കുന്നുണ്ട്.

നിയമരംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗം വർധിച്ചുവരികയാണ്. അതിന്റെ സാധ്യതകളും വെല്ലു





വിളികളും എങ്ങനെയാണ് കാണുന്നത്?

നിയമഗവേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽ എഐ സഹായകരമാണ്. എന്നാൽ അതിനെ പൂർണമായി ആശ്രയിക്കുന്നത് അപകടകരമാണ്.

പ്രത്യേകിച്ച് സ്വയം കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നവർ എഐ ഉപയോഗിച്ച് മിനിറ്റുകൾക്കുള്ളിൽ നിയമപരമായ മെമ്മോകളും അപേക്ഷകളും തയ്യാറാക്കുന്നുണ്ട്. എന്നാൽ, അതിൽ ഉൾപ്പെടുന്ന നിയമവ്യവസ്ഥകളും മുൻവിധികളും കൃത്യമാണോ എന്ന് പരിശോധിക്കാതെ കോടതിയിൽ സമർപ്പിക്കുന്നത് വലിയ പ്രശ്നമാണ്.

എഐ സൃഷ്ടിക്കുന്നതും യാഥാർഥ്യമല്ലാത്തതുമായ കേസ് ലോ, നിയമപരമായ ഉദ്ധരണികൾ എന്നിവ കോടതിയിൽ സമർപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അഭിഭാഷകർ ഇത്തരം തെറ്റായ വിവരങ്ങൾ പരിശോധിക്കാതെ സമർപ്പിച്ചാൽ അവരുടെ ലൈസൻസിനെ ബാധിക്കുന്ന നടപടികൾ ഉൾപ്പെടെയുള്ള ഉപരോധങ്ങൾ നേരിടേണ്ടിവരാം.

എഐ ഉപയോഗിക്കരുത് എന്നല്ല എന്റെ അഭിപ്രായം. എന്നാൽ അതിന്റെ സഹായത്തോടെ ലഭിക്കുന്ന വിവരങ്ങൾ നിയമപരമായി ശരിയാണെന്ന് ഉറപ്പുവരുത്തണം. അമേരിക്കൻ ജുഡീഷ്യറി ഈ വിഷയത്തിൽ വളരെ ജാഗ്രത പുലർത്തുന്നുണ്ട്.

അമേരിക്കയിലെ കുടിയേറ്റനിയമങ്ങളും കുടിയേറ്റക്കാരുടെ അവകാശങ്ങളും ഇപ്പോൾ വലിയ ചർച്ചാവിഷയമാണ്. നിയമവാഴ്ചയും മനുഷ്യാവകാശങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ എങ്ങനെ ഉറപ്പാക്കണം?

ഇമിഗ്രേഷൻ നിയമങ്ങൾ കൈകാര്യം ചെയ്യുന്നത് എന്റെ കോടതിയല്ല. അത് പ്രധാനമായും ഫെഡറൽ കോടതികളുടെ പരിധിയിലുള്ള വിഷയമാണ്. അതിനാൽ ഒരു ജുഡീഷ്യൽ ഓഫീസർ എന്ന നിലയിൽ അത്തരം നയപരമായ വിഷയങ്ങളിൽ വ്യക്തിപരമായ അഭിപ്രായം പറയുന്നത് ഉചിതമാണെന്ന് ഞാൻ കരുതുന്നില്ല.

എന്നാൽ എന്റെ കോടതിയിലെത്തുന്ന ഓരോ വ്യക്തിക്കും അവരുടെ വംശം, സാമ്പത്തിക പശ്ചാത്തലം, സാമൂഹിക സ്ഥാനം എന്നിവ പരിഗണിക്കാതെ തുല്യനീതി ഉറപ്പാക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം. നിയമം എല്ലാവർക്കും ഒരുപോലെയാണ്.

സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ എല്ലാവർക്കും തുല്യനീതി ഉറപ്പാക്കാൻ കോടതികൾക്ക് എന്തുചെയ്യാൻ കഴിയും?

ഓരോ വ്യക്തിക്കും തുല്യമായ അവസരവും നീതിയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കോടതികൾക്ക് കഴിയും. എന്നാൽ സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങളുടെ ആഴവും വ്യാപ്തിയും ഒരു ജഡ്ജിക്ക് മാത്രം പരിഹരിക്കാനാവില്ല.

അത്തരം വിഷയങ്ങളിൽ നിയമനിർമാണസഭയ്ക്കും ഭരണനിർവഹണ വിഭാഗത്തിനുമാണ് കൂടുതൽ പ്രധാനപ്പെട്ട പങ്കുള്ളത്. എന്നാൽ കോടതിയിലെത്തുന്ന ഓരോ വ്യക്തിക്കും തുല്യനീതിയും നിയമപരമായ സംരക്ഷണവും ഉറപ്പാക്കുക എന്നത് ജഡ്ജിയുടെ അടിസ്ഥാന ഉത്തരവാദിത്വമാണ്.

ഇന്ത്യൻ ജുഡീഷ്യറിയിലും അമേരിക്കൻ ജുഡീഷ്യറിയിലും പ്രവർത്തിച്ച അനുഭവമുള്ള വ്യക്തിയെന്ന നിലയിൽ ഈ രണ്ട് നിയമവ്യവസ്ഥകൾ തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ്?

ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം ജൂറി ട്രയൽ സംവിധാനമാണ്. ഇന്ത്യയിൽ ഭൂരിഭാഗം കേസുകളിലും ജഡ്ജിയാണ് വാദങ്ങളും തെളിവുകളും പരിശോധിച്ച് വിധി പറയുന്നത്. എന്നാൽ, അമേരിക്കയിൽ ക്രിമിനൽ കേസുകളിൽ സാധാരണയായി ജൂറി സംവിധാനമാണ് നിലവിലുള്ളത്. കുറ്റക്കാരനാണോ അല്ലയോ എന്ന് ജൂറിയാണ് തീരുമാനിക്കുന്നത്.

ക്രിമിനൽ കേസുകളിൽ രണ്ട് ഘട്ടങ്ങളുണ്ട്. ഒന്നാമത്തേത് കുറ്റം തെളിയിക്കുന്ന ഘട്ടവും രണ്ടാമത്തേത് ശിക്ഷ നിർണയിക്കുന്ന ഘട്ടവുമാണ്. ആദ്യഘട്ടത്തിൽ ജൂറി കുറ്റം തെളിയിച്ചാൽ ശിക്ഷ നിർണയിക്കുന്ന ഘട്ടം ജഡ്ജിയുടെ മുമ്പാകെ നടത്തണമോ അതോ ജൂറിയെക്കൊണ്ട് തന്നെ തീരുമാനിപ്പിക്കണമോ എന്ന് പ്രതിക്ക് തിരഞ്ഞെടുക്കാം.

സിവിൽ കേസുകളിൽ കക്ഷികൾക്ക് പരസ്പര ധാരണയോടെ ബെഞ്ച് ട്രയൽ തിരഞ്ഞെടുക്കാം. അല്ലാത്തപക്ഷം ആവശ്യാനുസരണം ജൂറി ട്രയലിലേക്ക് പോകാം. രണ്ടു രാജ്യങ്ങളുടെയും നിയമവ്യവസ്ഥകൾക്ക് ബ്രിട്ടീഷ് കോമൺ

ലോ ആണ് അടിസ്ഥാനമായുള്ളത്. അതിനാൽ അടിസ്ഥാന നിയമതത്വങ്ങളിൽ വലിയ സാമ്യമുണ്ട്. ഇന്ത്യയിലെ എന്റെ നിയമപരിചയം അമേരിക്കയിലെ ബാർ പരീക്ഷ വിജയിക്കാനും ഇവിടെ പ്രാക്ടീസ് ചെയ്യാനും ഏറെ സഹായിച്ചു.

അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ പൊതുരംഗത്തെ സാന്നിധ്യം വർധിച്ചുവരികയാണ്. പുതിയ തലമുറയോട് എന്താണ് പറയാനുള്ളത്?

അമേരിക്കയിൽ ഇന്ത്യൻ സമൂഹത്തിന്റെയും മലയാളി സമൂഹത്തിന്റെയും സാന്നിധ്യം എല്ലാ മേഖലകളിലും വർധിച്ചുവരുന്നുണ്ട്. എന്റെ കോടതിയിൽ തന്നെ രണ്ടുമൂന്ന് മലയാളി പ്രോസിക്യൂട്ടർമാരുണ്ട്. രാഷ്ട്രീയ, നിയമ, വിദ്യാഭ്യാസ, സാമൂഹിക രംഗങ്ങളിലും ഇന്ത്യക്കാർ കൂടുതൽ സജീവമാകുന്നുണ്ട്.

അടുത്ത തലമുറയിൽപ്പെട്ട ഇന്ത്യൻ വംശജർ കൂടുതൽ സജീവമായി പൊതുരംഗത്തേക്ക് കടന്നുവരണം. അവർ ഉയർന്ന സ്ഥാനങ്ങളിലെത്തുന്നത് കാണാനും അവരെ പ്രോത്സാഹിപ്പിക്കാനും കൈത്താങ്ങാകാനും നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്.

അടുത്ത തലമുറയ്ക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കണം. അവർക്ക് വഴികാട്ടാനും പിന്തുണ നൽകാനും നാം തയ്യാറാകണം.

മലയാളി സംഘടനകളുമായുള്ള ബന്ധവും പ്രവർത്തനങ്ങളും എങ്ങനെയാണ്?

ഞാൻ ഹ്യൂസ്റ്റണിലെ ഗ്രേറ്റർ ഹ്യൂസ്റ്റൺ മലയാളി അസോസിയേഷനുമായി വളരെ അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയാണ്. അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ ഇതിന്റെ 2014-15 കാലയളവിൽ സെക്രട്ടറിയായും പിന്നീട് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്നും സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. ആവശ്യമായ മാർഗനിർദേശങ്ങളും പിന്തുണയും നൽകാറുണ്ട്. മറ്റു മലയാളി സംഘടനകളുമായും ബന്ധമുണ്ട്. വെറ്ററൻസ് സംഘടനകളുടെ പ്രവർത്തനങ്ങളിലും കഴിയുന്ന രീതിയിൽ സഹായിക്കാറുണ്ട്.



'റൺ സിസ്റ്റർ റൺ' എന്ന വനിതാ ശാക്തീകരണ സംഘടനയുടെ പ്രത്യേക അംഗീകാരം ലഭിച്ചതിനെക്കുറിച്ച് പറയാമോ?

'Run Sister Run' എന്നത് സ്ത്രീകളെ രാഷ്ട്രീയരംഗത്തേക്ക് കൊണ്ടുവരാനും തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. സാധാരണയായി സ്ത്രീ സ്ഥാനാർഥികൾക്കാണ് അവർ തിരഞ്ഞെടുപ്പുകളിൽ പിന്തുണ നൽകാറുള്ളത്.

എന്നാൽ ഈ തിരഞ്ഞെടുപ്പിന് മുമ്പ് എന്റെ ജുഡീഷ്യൽ, സാമൂഹിക, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ പരിഗണിച്ച് അവർ എന്നെ പ്രത്യേകമായി ആദരിക്കുകയും അവാർഡ് നൽകുകയും ചെയ്തു.

സ്ത്രീകളെ മാത്രം പിന്തുണയ്ക്കുന്ന ഒരു സംഘടന പുരുഷനായ എന്നെ പ്രത്യേകം പരിഗണിച്ചത് വലിയ അംഗീകാരമായാണ് കാണുന്നത്. അവരുടെ തിരഞ്ഞെടുപ്പ് പിന്തുണയേക്കാൾ ഉപരിയായി, എന്റെ പ്രവർത്തനങ്ങളെ അവർ അംഗീകരിച്ചു എന്നതാണ് എന്നെ കൂടുതൽ സന്തോഷിപ്പിച്ചത്.

കാസർഗോഡിലെ ജന്മനാടുമായുള്ള ബന്ധം ഇപ്പോഴും നിലനിർത്തുന്നുണ്ടോ? നാട്ടിലെത്തുമ്പോൾ ലഭിക്കുന്ന സ്വീകരണങ്ങളെ എങ്ങനെ കാണുന്നു?

അമ്മയും സഹോദരങ്ങളും നാട്ടിലുണ്ട്. എല്ലാ വർഷവും പ്രിയപ്പെട്ടവരെ കാണാൻ നാട്ടിലെത്താൻ ശ്രമിക്കാറുണ്ട്. 2025-ൽ വരാൻ കഴിഞ്ഞില്ല. 2026 ജനുവരിയിൽ നാട്ടിലെത്തിയിരുന്നു. അടുത്ത ടേം ജനുവരി ഒന്നിന് ആരംഭിക്കുന്നതിനാൽ സത്യപ്രതിജ്ഞാ ചടങ്ങുകൾക്കുശേഷം വീണ്ടും നാട്ടിലെത്താനാണ് ആഗ്രഹം.

കേരള ഹൈക്കോടതി, തലശ്ശേരി ബാർ അസോസിയേഷൻ, കോഴിക്കോട് ബാർ അസോസിയേഷൻ, കാഞ്ഞങ്ങാട് ബാർ അസോസിയേഷൻ തുടങ്ങിയ ഇടങ്ങളിൽ നിന്ന് സ്വീകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഞാൻ പഠിച്ച സ്കൂളുകളിലും കോളേജുകളിലും ആദരിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ നാട്ടിലെത്തുമ്പോൾ ഒരു ജഡ്ജിയുടെ പദവിയിലല്ല, പഴയ സുരേന്ദ്രനായിട്ടാണ് ആളുകൾക്കിടയിൽ ഇടപെടാൻ

ആഗ്രഹിക്കുന്നത്. പഴയ സുഹൃത്തുക്കളെയും സഹപാഠികളെയും കാണുമ്പോൾ പഴയകാലത്തെപ്പോലെ തന്നെയാണ് പെരുമാറുന്നത്. നാട്ടുകാർ എന്നെ പഴയ സുരേന്ദ്രനായി കാണുന്നതാണ് എനിക്ക് ഏറ്റവും സന്തോഷം നൽകുന്നത്.

ജന്മനാട്ടിലെ സ്കൂളിന്റെ വികസനത്തിനായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ടോ?

സ്കൂളിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് പലരും എന്നെ സമീപിക്കാറുണ്ട്. ജന്മനാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് കഴിയുന്ന സംഭാവനകൾ നൽകാറുണ്ട്. ഇനിയും അത് തുടരും.

കുടുംബത്തെക്കുറിച്ച് പറയാമോ?

ഭാര്യ ശുഭ സുരേന്ദ്രൻ അമേരിക്കയിൽ നഴ്സായി ജോലി ചെയ്യുന്നു. ഞങ്ങൾക്ക് രണ്ട് പെൺമക്കളാണ്.

മൂത്ത മകൾ അനഘ സുരേന്ദ്രൻ ടെക്സസ് സർവകലാശാലയിൽ മൂന്നാം വർഷ വിദ്യാർഥിനിയാണ്. കമ്മ്യൂണിക്കേഷനാണ് പ്രധാന വിഷയം. പഠനത്തിനുശേഷം ലോ സ്കൂളിൽ ചേരാനാണ് ആഗ്രഹം.

രണ്ടാമത്തെ മകൾ സാന്ദ്ര സുരേന്ദ്രൻ കോളജിൽ ഒന്നാം വർഷ വിദ്യാർഥിനിയാണ്. ജേണലിസത്തിലാണ് അവളുടെ മേജർ.


താങ്കളുടെ ജീവിതയാത്രയിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ വ്യക്തികൾ?

എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ വ്യക്തി തീർച്ചയായും എന്റെ അമ്മയാണ്. ത്യാഗത്തിന്റെ പര്യായമാണ് എന്റെ അമ്മ ജാനകി. ജീവിതത്തിൽ ഒരുപാട് പ്രയാസങ്ങളും പ്രതിസന്ധികളും കഷ്ടപ്പാടുകളും അനുഭവിച്ചിട്ടും അതൊന്നും പുറത്തുകാണിക്കാതെ എല്ലാം സ്വയം സഹിച്ച് കുടുംബത്തിനുവേണ്ടി കഠിനാധ്വാനം ചെയ്ത വ്യക്തി.

എന്റെ ജീവിതയാത്രയിൽ പലപ്പോഴും വലിയ പ്രതിസന്ധികളും പ്രയാസങ്ങളും നേരിടുമ്പോൾ ഞാൻ തിരിഞ്ഞുനോക്കുന്നത് അമ്മ അനുഭവിച്ച കഷ്ടപ്പാടുകളിലേക്കാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ എന്റെ സ്വന്തം പോരാട്ടങ്ങളൊന്നും അത്ര വലുതായി തോന്നാറില്ല. ജീവിതത്തെ നോക്കിക്കാണുന്ന രീതിയിലും പ്രതിസന്ധികളെ നേരിടാനുള്ള മനക്കരുത്തിലും അമ്മയുടെ ജീവിതം എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

അതുപോലെതന്നെ എന്റെ കുടുംബത്തിന്റെ പിന്തുണയും ഈ യാത്രയിൽ നിർണായകമാണ്. ഭാര്യ ശുഭയും മക്കളും വലിയ ത്യാഗങ്ങളാണ് എനിക്കുവേണ്ടി സഹിച്ചിട്ടുള്ളത്. പൊതുപ്രവർത്തനത്തിലും തിരഞ്ഞെടുപ്പ് പ്രചാരണത്തിലും സജീവമായപ്പോൾ കുടുംബത്തോടൊപ്പം ചെലവഴിക്കേണ്ടിയിരുന്ന സമയത്തിന്റെ വലിയൊരു ഭാഗം എനിക്ക് മാറ്റിവെക്കേണ്ടിവന്നു. എന്റെ തിരഞ്ഞെടുപ്പ് പ്രചാരണകാലത്തും അവർ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിച്ചു. അവരുടെ പിന്തുണയില്ലാതെ എനിക്ക് ഇന്നത്തെ നിലയിലെത്താൻ കഴിയുമായിരുന്നില്ല.

ഭാര്യയ്ക്ക് അമേരിക്കയിൽ ജോലി ലഭിച്ചതാണ് എനിക്കും ഇവിടെ എത്താനുള്ള സാഹചര്യമൊരുക്കിയത്. ഇന്ത്യയിലെ അഭിഭാഷകജീവിതം ഉപേക്ഷിച്ച് അമേരിക്കയിലേക്ക് വരണമോ എന്ന കാര്യത്തിൽ ഞങ്ങൾക്കിടയിൽ വലിയ ചർച്ചകളും ആശങ്കകളുമുണ്ടായിരുന്നു. ഒടുവിൽ ഒരുമിച്ച് വരാൻ തീരുമാനിച്ചു. ആ തീരുമാനം എന്റെ ജീവിതത്തിലെ വലിയ





വഴിത്തിരിവായി. അഭിഭാഷകനിൽനിന്ന് അമേരിക്കൻ ജഡ്ജിയിലേക്കുള്ള മാറ്റത്തിന് വഴിയൊരുക്കിയതിൽ ഭാര്യയോടുള്ള കടപ്പാട് എക്കാലത്തുമുണ്ടാകും.

എന്നെ പഠിപ്പിച്ച അധ്യാപകരും ഗുരുനാഥന്മാരും സുഹൃത്തുക്കളും അയൽവാസികളുമെല്ലാം പല ഘട്ടങ്ങളിലായി എന്റെ ജീവിതത്തെ സ്വാധീനിച്ചവരാണ്. അവരോടൊക്കെ എനിക്ക് വലിയ കടപ്പാടുണ്ട്.

പ്രത്യേകിച്ച് എടുത്തുപറയേണ്ട മറ്റൊരാൾ ഞാൻ പത്തുവർഷത്തോളം അഭിഭാഷകനായി പ്രവർത്തിച്ച ഓഫീസിലെ മുതിർന്ന അഭിഭാഷകനായ അപ്പുക്കുട്ടൻ വക്കീലാണ്. അദ്ദേഹത്തിന്റെ ക്ഷമാശീലവും സമീപനരീതിയും പ്രൊഫഷണൽ ജീവിതത്തിലെ അച്ചടക്കവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. എന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിലും ഒരു അഭിഭാഷകനെന്ന നിലയിൽ എന്നെ പാകപ്പെടുത്തുന്നതിലും അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്.

അതുകൊണ്ട് എന്റെ ജീവിതവിജയം ഒരാളുടെ മാത്രം സംഭാവനയായി കാണാൻ കഴിയില്ല. അമ്മയുടെ ത്യാഗവും ഭാര്യയുടെയും മക്കളുടെയും പിന്തുണയും അധ്യാപകരുടെ മാർഗനിർദേശവും സ്വാധീനവും സുഹൃത്തുക്കളുടെ സ്നേഹവും എല്ലാം ചേർന്നാണ് ഇന്നത്തെ സുരേന്ദ്രൻ പട്ടേലിനെ രൂപപ്പെടുത്തിയത്.

പുതിയ തലമുറയോട് പ്രത്യേകിച്ച് വിദ്യാർഥികളോട് എന്താണ് പറയാനുള്ളത്?

ഡോ. എ.പി.ജെ. അബ്ദുൽ കലാം പറഞ്ഞതുപോലെ, വലിയ സ്വപ്നങ്ങൾ കാണുക എന്നതാണ് എനിക്ക് പുതിയ തലമുറയോട് പറയാനുള്ളത്.

വലിയ സ്വപ്നങ്ങൾ കാണുക മാത്രമല്ല, അവ സാക്ഷാത്കരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. നിശ്ചയദാർഢ്യത്തോടെയും ആത്മവിശ്വാസത്തോടെയും കഠിനാധ്വാനത്തോടെയും മുന്നോട്ടുപോകണം.

ജീവിതത്തിൽ എന്നെ പരാജയപ്പെടുത്താൻ പല സാഹചര്യങ്ങൾക്കും കഴിയുമായിരുന്നുവെങ്കിലും അവയൊന്നും എന്നെ തടഞ്ഞുനിർത്തിയില്ല. അതുകൊണ്ട് തന്നെ ഒരു കാര്യം എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും: ലക്ഷ്യത്തിൽ വ്യക്തതയും അതിനായി പ്രവർത്തിക്കാനുള്ള നിശ്ചയദാർഢ്യവുമുണ്ടെങ്കിൽ നിങ്ങളെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല.

വലിയ സ്വപ്നങ്ങൾ കാണാനും അവ സാക്ഷാത്കരിക്കാനുമുള്ള കരുത്ത് പുതിയ തലമുറയ്ക്ക് ഉണ്ടാകട്ടെ.

GURUKULAM

ഗുരുകുലം

The Indian School of Culture, Languages and Arts, Inc.
P.O. Box 521, White Plains, NY 10602

നിസ്വാർത്ഥവും ത്യാഗോജ്ജ്വലവുമായ സാംസ്കാരിക സേവനത്തിന്റെ

വിജയകരമായ 34 വർഷങ്ങൾ

ഓൺലൈൻ മലയാളം ക്ലാസ്സുകൾ

ഓരോ വീടും ഓരോ ഗുരുകുലം

നൂറു വിടുകളിൽ മലയാളപഠനം സജ്ജീവം

• ചിട്ടയായ • പരിചയ അദ്ധ്യാപകർ • പുതുമ നിറഞ്ഞ പാഠ്യപദ്ധതി

- രണ്ടര വയസ്സു മുതൽ പ്രായമുള്ള കുട്ടികൾക്ക് പ്രവേശനം
- പ്രായത്തിന്റെയും ഭാഷാപരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസ്സുകൾ
- കേരളത്തിലും അമേരിക്കയിലും പഠിപ്പിച്ച് പരിചയം നേടിയിട്ടുള്ള അധ്യാപകർ
- മലയാളപഠനത്തിന് ആധുനികമായ പാഠ്യപദ്ധതി

Professionally prepared audio and video Malayalam classes available in GURUKULAM Website publications

www.gurukulamindianschoolny.org
STUDENTS FROM ALL THE STATES IN THE US ARE WELCOME
for further information: gurukulam.newyork@gmail.com

J. Mathews (Principal) 914 450 1442
Philps Vembenil (PR) 914 428 5678
Purushothaman Panicker (Treasurer) 914 834 5108

GURUKULAM BOARD MEMBERS
Philip Vembenil
J. Mathews
Purushothaman Panicker
Draupathi Nampoothiri
Jeffy Thomas
Betsy Varghese
Sonia Thomas

TEACHERS
Jain Thomas
Sonia Thomas
Betsy Varghese
Sonia Sasidharan
Sonia Chandy
Merin Joseph
Catherine Vembenil
Lissy Joseph

VOLUNTEERS
July Asaniparambil
Tara Nair
Aishwarya Punnoose
Anna Sunil
Smitha R. Cherry
Shana George
Anna Mathew
George Thomas
Julia Sebastian
Selen Paulose

Diana Cherian (Vice Principal), J. Mathews (Principal)



J. MATHEWS
Principal
jmathews335@gmail.com

റോക്ക്‌ലാൻഡിൽ സെയിന്റ്സ് സിംഫണി ആനിവേഴ്സറി അരങ്ങേറി



emalayalee.com

ന്യൂയോർക്ക് : റോക്ക്‌ലാൻഡ് കൗണ്ടിയിലുള്ള സെയിന്റ്സ് സിംഫണി പിയാനോ& മ്യൂസിക് സ്ക്കൂളിന്റെ ആനിവേഴ്സറി അതിപ്രൗഢമായി നടത്തപ്പെട്ടു. സ്ക്കൂളിന്റെ വാർഷികാഘോഷങ്ങൾ എല്ലാ വർഷവും നവംബറിൽ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ എന്ന പേരിൽ നടത്തി വരുന്നു. വിദ്യാർത്ഥികളുടെ പഠനത്തോടനുബന്ധിച്ചുള്ള പ്രസ്തുത കലാപരിപാടികളിലൂടെ, അവരുടെ നൈസർഗികമായ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായിട്ടും താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ അവസരം ഒരുക്കുന്നു. സെയിന്റ്സ് സിംഫണി വിദ്യാർത്ഥികൾ എലിഷേബ സണ്ണി, ഹെലെന സണ്ണി, എലൈജ ഏബ്രഹാം, സെയിഡൻ മത്തായി എന്നിവരോടൊപ്പം അമൈറ മത്തായിയുടെയും നേതൃത്വത്തിൽ അമേരിക്കൻ- ഇൻഡ്യൻ ദേശീയ ഗാനങ്ങളോടെ ആരംഭിച്ച ടാലന്റ് ഷോയിൽ പിയാനോ റിസൈറ്റൽ, ഗാനാലാപനങ്ങൾ, നൃത്തങ്ങൾ തുടങ്ങിയവ ഇടതടവില്ലാതെ വേദിയിൽ അരങ്ങേറിയത് ഹൃദ്യവും കർണ്ണാനന്ദകരവും ആയിരുന്നു.

മുഖ്യാതിഥികളെയും, വിദ്യാർത്ഥികളെയും, മാതാപിതാക്കളേയും, മറ്റ് അഭ്യുദയകാംക്ഷികളെയും സ്ക്കൂൾ ഡിറക്ടർ ജേക്കബ് ജോർജ് സ്വാഗതം ചെയ്തു. വിദ്യാർത്ഥികളുടെ സ്ഥിരമായ പരിശീലനത്തിന് മാതാപിതാക്കളിൽ നിന്നും ലഭിക്കുന്ന നിരന്തരമായ ശ്രദ്ധയും പിന്തുണയും അഭിനന്ദനാർഹമാണെന്ന് സ്വാഗത പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

റോക്ക്‌ലാൻഡ് കൗണ്ടി ലജിസ്ലേച്ചർ ഡോ.ആനി പോൾ, സ്ക്കൂളിലെ ഒരു വിദ്യാർത്ഥിനി എന്ന നിലയിൽ ലഭിക്കുന്ന പ്രയോജനങ്ങളിൽ അഭിമാനമുണ്ടെന്നും വളരെ നാളത്തെ ആഗ്രഹത്തിന്റെ പ്രതിഫലനമാണെന്നും തന്റെ ആശംസ പ്രസംഗത്തിൽ പറയുകയുണ്ടായി. കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ പരിശീലിക്കപ്പെടുകയും, ഒപ്പം അ

വരുടെ ബുദ്ധി വികസനത്തിന് ഉതകുന്ന പഠനരീതിയും ഇവിടെ അവലംബിക്കുന്നതിനാൽ, വിദ്യാഭ്യാസപരമായും മാനസികമായും അവർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വളരെയേറെയാണ് എന്ന് ലജിസ്ലേച്ചർ സൂചിപ്പിച്ചു.

റവ.ഫാ.മാത്യു തോമസ്(സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, വാലികോട്ടേജ്), റവ.ഫാ.ഡോ.രാജു വർഗീസ്(സെന്റ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ച്, സഫേൺ), റവ.ഡോ.പോൾ രാജ്(സി.എസ്.ഐ. ചർച്ച്, ടാപ്പൻ), പി.ടി.തോമസ്(ടാക്സ് പ്രാക്ടീഷ്ണർ), ജോർജ് ജോസഫ്(ഇ-മലയാളി), കോശി ജോർജ്(ഗവാ മീഡിയ), നോഹ ജോർജ്(ഗ്ലോബൽ കൊളിഷൻ), ജിജി ടോം, സജി പേത്തൻ, ഷൈമി ജേക്കബ്, സണ്ണി കല്ലൂപ്പാറ, മാണി ജോർജ്, ജേക്കബ് ചൂരവടി, ജോസഫ് മുണ്ടഞ്ചിറ, രാജൻ ചാക്കോ തുടങ്ങിയവർ വിവിധ സഭകളേയും, സംഘടനകളെയും, പ്രസ്ഥാനങ്ങളെയും പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി.

ഹൈസ്ക്കൂൾ പഠനത്തിന് ശേഷം വിദ്യാർത്ഥികൾ സംഗീതത്തോടും വാദ്യോപകരണങ്ങളോടുള്ള താൽപര്യങ്ങളിൽ വിമുഖത കാണിക്കുന്നത് ദുഃഖകരമാണെന്ന് മുഖ്യാതിഥിയായ ബ്രദേഴ്സ് ഇൻ ഹാർമണിയുടെ ഡയറക്ടർ സാമുവൽ വർഗീസ് പ്രതിപാദിക്കുകയുണ്ടായി. സ്വന്തം അനുഭവത്തിലൂടെ സംഗീതത്തിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രയോജനങ്ങൾ വളരെ വലുതാണെന്നും, ഇങ്ങനെയുള്ള സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണെന്നും തന്റെ ആശംസാ പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.









സെയിന്റ്സ് സിംഫണി സ്ക്കൂൾ പിയാനോ, മ്യൂസിക് എന്നിവയിലൂടെ ചെയ്യുന്ന പ്രവർത്തനങ്ങൾ, സ്ക്കൂളിലെ വിദ്യാർത്ഥിനി എന്ന നിലയിൽ തനിക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരം ലഭിച്ചു കൊണ്ടിരിക്കുന്നതായും പിയാനോയിൽ ഒരു 'മ്യൂസിക് പീസ്' അവതരിപ്പിച്ചതിന് ശേഷം ഡോ. ആനി സാമുവൽ പറയുകയുണ്ടായി.

വിശ്വ വിഖ്യാതമായ ടൈറ്റാനിക് മൂവിയിലെ ടൈറ്റിൽ സോംഗ് പിയാനോയിൽ വായിക്കുന്നതിനൊപ്പം സൂരജ് മുകുന്ദൻ പാടിയത് ഏവരുടേയും പ്രശംസയ്ക്ക് അർഹമായി.



മൂന്ന് മണിക്കൂർ നേരം തുടർച്ചയായ കലാവതരണത്തിന് ശേഷം സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകി. കൗണ്ടിയുടെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് ഡോ. ആനി പോളിന്റെ നിസ്വാർത്ഥമായ സഹകരണം ഉണ്ടായി. നിസ്മയുടെ ഒന്നു മുതൽ ആറു വരെയുള്ള ലവലുകളിൽ ഒന്നാമതെത്തിയ ചേസ് പോൾ, സോഫിയ തോമസ് ഏവാ തോമസ്, ജേക്ക് മാത്യൂസ്, എലൈന മാത്യു, ലിയാനാ ഏബ്രഹാം, ക്രിസ്റ്റിൻ കുര്യാക്കോസ്, നഥാനിയേൽ സാമുവൽ എന്നീ വിദ്യാർത്ഥികൾ ട്രോഫികൾക്ക് അർഹരായി. ഐറിൻ ലിജു, അനീറ്റ കുര്യൻ എന്നിവർ പ്രത്യേക അവാർഡുകൾ സ്വീകരിച്ചു.

മ്യൂസിക് ഷീറ്റുകൾ തയ്യാറാക്കുന്നതിനും സ്റ്റേജ് അറേഞ്ച്മെന്റിനും ചിത്രാ ജേക്കബ് നേതൃത്വം നൽകി. ദിവ്യാ ജേക്കബ് എം.സി.ആയിരുന്നു. സൗണ്ട് സിസ്റ്റം കിരൺ ചന്ദ്രഹാസയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു.

ബിന്നു ഇസറാപ്പു, അജി കളീക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഫോട്ടോ സെഷനും, ഡിന്നറിനും ശേഷം ഈ വർഷത്തെ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോയ്ക്ക് തിരശീല വീണു.











SAINTS SYMPHONY
PIANO SCHOOL







SAINTS SYMPHONY
PIANO SCHOOL

SAINTS SYMPHONY
PIANO SCHOOL



SAINTS SYMPHONY
PIANO SCHOOL










TS SYMPHONY
NO SCHOOL


SAINTS SY
PIANO SC


NTS SYMPHO
ANO SCHOO


SAINTS SYM
PIANO SCH















NRS PAY®

TAP, DIP, SWIPE OR KEY!



ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

GET STARTED TODAY!
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

നെഹ്റുവിന്റെ ആദർശങ്ങൾ ഇന്ത്യയ്ക്ക് ഇന്ന് എന്നത്തേക്കാളും അനിവാര്യം



ജവഹർലാൽ നെഹ്റുവിന്റെ 137 – ാം ജന്മവാർഷികത്തിൽ



ജോർജ്ജ് എബ്രഹാം

നെഹ്റുവിന്റെ പൈതൃകം ഉയർത്തിപ്പിടിക്കുകയും ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ മാറ്റിമറിച്ച അദ്ദേഹത്തിന്റെ മൂല്യവത്തായ ആദർശങ്ങൾ പുതിയ തലമുറയിലേക്ക് കൈമാറുകയും ചെയ്യേണ്ടത് ഇന്ന് എന്നത്തേക്കാളും അനിവാര്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനാധിപത്യ സംവിധാനങ്ങളെയും വ്യക്തിസ്വാതന്ത്ര്യങ്ങളെയും വെല്ലുവിളിക്കുന്ന ഏകാധിപത്യ പ്രവണതകൾ ശക്തിപ്പെട്ടുവരികയും ചെയ്യുന്ന കാലഘട്ടമാണിത്. ഇന്ത്യയും ഇതിൽനിന്ന് വ്യത്യസ്തമല്ല. സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും, അധികാരത്തിലിരിക്കുന്നവരെ വിമർശിക്കാനും, സർക്കാർ നയങ്ങളെ ചോദ്യം ചെയ്യാനുമുള്ള പൗരന്റെ അവകാശങ്ങൾ പോലും ഇന്ന് വെല്ലുവിളികൾ നേരിടുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളായി ജവഹർലാൽ നെഹ്റുവും ഡോ. ബി.ആർ. അംബേദ്കറും വിഭാവനം ചെയ്ത സ്ഥാപനങ്ങൾ തന്നെ അഭൂതപൂർവമായ സമ്മർദ്ദങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ചരിത്രത്തിൽനിന്ന് അദ്ദേഹത്തിന്റെ സംഭാവനകൾ മായ്ച്ചുകളയാൻ പ്രതിജ്ഞ എടുത്തവർ നെഹ്റുവിന്റെ പൈതൃകത്തെയും നിരന്തരമായ ആക്രമണത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

2026 നവംബർ 14-ന് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 137-ാം ജന്മവാർഷികം ആചരിക്കുമ്പോൾ, അദ്ദേഹം എന്തിനുവേണ്ടിയാണ് നിലകൊണ്ടതെന്നും, അദ്ദേഹത്തിന്റെ ആശയങ്ങൾ എന്തുകൊണ്ട് ഇന്ന് എന്നത്തേക്കാളും പ്രസക്തമാകുന്നുവെന്നും ചിന്തിക്കേണ്ടതുണ്ട്.

നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരത്തിലെത്തിയിട്ട് ഏകദേശം 12 വർഷമാകുമ്പോൾ, നെഹ്റുവിന്റെ നേട്ടങ്ങളെ ചെറുതാക്കി കാണിക്കാനുള്ള നിരന്തര പ്രചാരണമാണ് നടന്നുവരുന്നത്. ഇന്നത്തെ ഓരോ പരാജയത്തിനും പതിറ്റാണ്ടുകൾക്കുമുമ്പ് നെഹ്റു ചെയ്ത കാര്യങ്ങളാണ് ചിലർ കാരണ

മായി ചൂണ്ടിക്കാണിക്കുന്നത്. ദാരിദ്ര്യവും ആഴത്തിലുള്ള സാമൂഹിക വിഭജനങ്ങളും നേരിട്ടിരുന്ന ഒരു സമൂഹത്തെ ആധുനിക ജനാധിപത്യ രാഷ്ട്രമായി മാറ്റുന്നതിൽ നിർണായക പങ്കുവഹിച്ച നേതാവിന്റെ അനിതരസാധാരണമായ സംഭാവനകൾ അംഗീകരിക്കുന്നതിനുപകരം ചരിത്രം തിരുത്തിയെഴുതാൻ ആഗ്രഹിക്കുന്നവർക്ക് ചിലർ ശ്രമിക്കുന്നത്. ദേഹത്തിന്റെ പേര് സൗകര്യപ്രദമായ ഒരു ആയുധമായി മാറിയിരിക്കുന്നു.

എന്നാൽ, നെഹ്റുവിന്റെ ഏറ്റവും വലിയ സംഭാവന അണക്കെട്ടുകളോ ഉരുക്കുനിർമാണശാലകളോ ശാസ്ത്ര ഗവേഷണശാലകളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ മാത്രമായിരുന്നില്ല. മറിച്ച്, ജനാധിപത്യം, വ്യക്തിസ്വാതന്ത്ര്യം, മതേതരത്വം, വിയോജിക്കാനുള്ള അവകാശം എന്നിവയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ പൈതൃകം. ഇന്നത്തെ പല നേതാക്കളും മറന്നുപോയ ഒരു യാഥാർഥ്യം നെഹ്റു തിരിച്ചറിഞ്ഞിരുന്നു: വിയോജിപ്പുകളില്ലാതെ ജനാധിപത്യത്തിന് നിലനിൽക്കാനാവില്ല.

വിമർശനങ്ങളോടുള്ള നെഹ്റുവിന്റെ സമീപനത്തിന് അസാധാരണമായ ഒരു ഉദാഹരണം ഡോ. നീരജ് ഗുപ്തയുടെ 'ദ ട്രൈസ്റ്റ് വിത്ത് ഡിസെന്റ് (The Tryst with Dissent)' എന്ന ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. 1937-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധ്യക്ഷനെന്ന നിലയിൽ വലിയ ജനപ്രീതി ആർജ്ജിച്ച കാലത്ത് നെഹ്റു സ്വന്തം നിലപാടുകളെ വിമർശിച്ചുകൊണ്ട് ഒരു ലേഖനം തൂലികാനാമത്തിൽ എഴുതി. ഠവല ങീറല്യി ഞല്ശലം എന്ന പ്രസിദ്ധീകരണത്തിൽ 'ചാണക്യ' എന്ന തൂലികാനാമത്തിലാണ് ലേഖനം പ്രസിദ്ധീകരിച്ചത്. ജവഹർലാൽ നെഹ്റുവിനെപ്പോലെ ജനപ്രീതിയുള്ള ഒരാളായാലും ഒരൊറ്റ വ്യക്തിയുടെ കൈകളിൽ അമിതാധികാരം കേന്ദ്രീകരിക്കരുതെന്ന് അദ്ദേഹം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. വ്യക്തിപൂജയുടെ അപകടങ്ങളെക്കുറിച്ചും താൻ ഒരു ഏകാധിപത്യ ഭരണാധികാരിയായി മാറാനുള്ള സാധ്യതയെക്കുറിച്ചും അദ്ദേഹം ജാഗ്രത പാലിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ മുന്നറിയിപ്പ് വളരെ വ്യക്തമായിരുന്നു: 'നമുക്ക് സീസർമാരെ ആവശ്യമില്ല.'

ഒരു നിമിഷം അതേക്കുറിച്ച് ചിന്തിച്ചുനോക്കൂ. ജനങ്ങൾക്കിടയിൽ അസാധാരണമായ ജനപ്രീതി നേടിയ ഒരു നേതാവ്, തന്റെ മുന്നിൽ ജനങ്ങൾ വിവേചനബുദ്ധി അടിയറവയ്ക്കരുതെന്ന് സ്വയം മുന്നറിയിപ്പ് നൽകുകയാണ്. അമിതമായ ആരാധന സദുദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന ഒരു നേതാവിനെപ്പോലും അധികാരദുരുപയോഗത്തിലേക്ക് നയിക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. സ്വന്തം കൈകളിൽ അധികാരം കേന്ദ്രീകരിക്കുന്നതിനെതിരെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനുള്ള ധൈര്യമോ വിനയമോ ഇന്ന് എത്ര രാഷ്ട്രീയ നേതാക്കൾക്കുണ്ട്? വ്യക്തിപൂജ രാഷ്ട്രീയത്തിന്റെ ഭാഗമായി മാറുകയും നേതാക്കളെ തെറ്റുപറ്റാത്തവരായി ചിത്രീകരിക്കുകയും ചെയ്യുന്ന കാലത്ത്, നെഹ്റുവിന്റെ ഈ നിലപാട് ജനാധിപത്യപരമായ പക്വതയുടെ വേറിട്ട മാതൃകയാണ്.

വിമർശനങ്ങളോടുള്ള നെഹ്റുവിന്റെ സഹിഷ്ണുത വാക്കുകളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. വിഖ്യാത കാർട്ടൂണിസ്റ്റ് കെ. ശങ്കർ പിള്ള 1948-ൽ ശങ്കർസ് വീക്കിലി ആരംഭിച്ചപ്പോൾ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നെഹ്റു പറഞ്ഞത് ഇന്ന് ഏറെ പ്രസിദ്ധമായ വാക്കുകളാണ്: 'ശങ്കർ, എന്നെ വെറുതെ വിടരുത്.' നെഹ്റുവിന്റെ നയങ്ങളെയും രാഷ്ട്രീയ തീരുമാനങ്ങളെയും പരിഹസിച്ചുകൊണ്ട് ശങ്കർ നിരവധി കാർട്ടൂണുകൾ വരച്ചു. എന്നാൽ അത്തരം ആക്ഷേപഹാസ്യങ്ങൾ രാജ്യത്തിനെതിരായ ആക്രമണമല്ലെന്നും ആരോഗ്യകരമായ ജനാധിപത്യത്തിന്റെ ഭാഗമാണെന്നും നെഹ്റു തിരിച്ചറിഞ്ഞിരുന്നു.

ഇന്നത്തെ രാഷ്ട്രീയ അന്തരീക്ഷവുമായി ഈ സമീപനത്തെ ഒന്ന് താരതമ്യം ചെയ്തുനോക്കൂ. അധികാരത്തിലിരിക്കുന്നവരെ വിമർശിച്ചതിന്റെ പേരിൽ മാധ്യമപ്രവർത്തകരും കാർട്ടൂണിസ്റ്റുകളും വിദ്യാർഥികളും സാധാരണ പൗരന്മാരും പൊലീസ് പരാതികൾക്കും നിയമനടപടികൾക്കും പീഡനങ്ങൾക്കും വിധേയരാകുന്ന സാഹചര്യമാണ് പലപ്പോഴും കാണുന്നത്.

പരീക്ഷാ ക്രമക്കേടുകൾ, തൊഴിലില്ലായ്മ, അഴിമതി തുടങ്ങിയ വിഷയങ്ങളിൽ ഉത്തരവാദിത്തം ആവശ്യപ്പെട്ട് ന്യൂഡൽഹിയിൽ അടുത്തിടെ നടന്ന വിദ്യാർഥി പ്രതിഷേധങ്ങളെ കൈകാര്യം ചെയ്ത രീതി ഗൗരവമായ ആശങ്കകൾ ഉയർത്തുന്നു. റിപ്പോർട്ടുകൾ പ്രകാരം, പ്രതിഷേധിച്ച യുവാക്കൾക്ക് പൊലീസ് ബലപ്രയോഗവും അറസ്റ്റും നേരിടേണ്ടിവന്നു. സ്വന്തം ഭാവിയെക്കുറിച്ച് ന്യായമായ ആശങ്കകൾ ഉന്നയിച്ച യുവാക്കളുടെ ശബ്ദങ്ങളെ ഗൗരവമായ ചർച്ചകളിലൂടെ നേരിടുന്നതിനുപകരം ബലപ്രയോഗത്തിലൂടെയാണ് നേരിട്ടത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം

സ്വന്തം യുവതലമുറയോട് ഇങ്ങനെയാണോ പെരുമാറേണ്ടത്?

വിയോജിപ്പുകൾ ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയല്ല, മറിച്ച് ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് നെഹ്റു വിശ്വസിച്ചിരുന്നു. വിമർശനങ്ങളെ രാജ്യദ്രോഹമായും സമാധാനപരമായ പ്രതിഷേധങ്ങളെ അധികാരത്തിനുള്ള ഭീഷണിയായും കാണുമ്പോൾ അപകടത്തിലാകുന്നത് ജനാധിപത്യം തന്നെയാണ്.

ജനാധിപത്യപരമായ ഉത്തരവാദിത്തത്തിന്റെ കേന്ദ്രസ്ഥാപനമായി പാർലമെന്റിനെയും നെഹ്റു ബഹുമാനിച്ചു. കോൺഗ്രസിന് പാർലമെന്റിൽ വൻ ഭൂരിപക്ഷമുണ്ടായിരുന്ന കാലത്തുപോലും പ്രതിപക്ഷ അംഗങ്ങളുടെ അഭിപ്രായങ്ങൾ അദ്ദേഹം ശ്രദ്ധയോടെ കേട്ടിരുന്നു. തന്റെ സർക്കാരിനെ ചോദ്യം ചെയ്യാനുള്ള അവരുടെ അവകാശത്തെ അംഗീകരിക്കുകയും ചെയ്തു. തിരഞ്ഞെടുപ്പുകളിൽ വിജയിക്കുക മാത്രമല്ല പാർലമെന്ററി ജനാധിപത്യമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. തന്നോട് വിയോജിക്കുന്നവരെപ്പോലും ബഹുമാനിക്കുകയെന്നതാണ് അതിന്റെ അടിസ്ഥാനതത്വം. ഇന്നത്തെ ഇന്ത്യക്ക് ഇതിൽനിന്ന് ഏറെ പഠിക്കാനുണ്ട്. ഒരു സർക്കാരിന് പാർലമെന്റിൽ ഭൂരിപക്ഷമുണ്ടാകാം. എന്നാൽ അതിന്റെ പേരിൽ രാജ്യത്തിന്റെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന് അവകാശപ്പെടാനാവില്ല.

ഇന്ത്യൻ ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളും ഈ സാഹചര്യത്തിൽ പരിശോധിക്കേണ്ടതാണ്. 2023-ൽ തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന



നിയമം, തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ തിരഞ്ഞെടുക്കുന്ന സമിതിയിൽനിന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ ഒഴിവാക്കുകയും പകരം പ്രധാനമന്ത്രി നാമനിർദേശം ചെയ്യുന്ന കേന്ദ്ര കാബിനെറ്റ് മന്ത്രിയെ ഉൾപ്പെടുത്തുകയും ചെയ്തു. ഇതോടെ മൂന്നംഗ സമിതിയിൽ സർക്കാരിന് രണ്ട് പ്രതിനിധികളായി.

സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ നടത്താൻ ചുമതലപ്പെട്ട ഒരു സ്ഥാപനത്തിന്റെ നിഷ്പക്ഷതയിൽ പൊതുജനങ്ങൾക്ക് എങ്ങനെ വിശ്വാസമുണ്ടാകുമെന്ന ചോദ്യം ഇവിടെ ഉയരുന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരു സ്വതന്ത്ര ഭരണഘടനാ സ്ഥാപനമായാണ് വിഭാവനം ചെയ്യപ്പെട്ടത്; അല്ലാതെ ഭരണകൂടത്തിന്റെ ഒരു അനുബന്ധ സംവിധാനമായിട്ടല്ല. നീതിന്യായ വ്യവസ്ഥ, പാർലമെന്റ്, അന്വേഷണ ഏജൻസികൾ തുടങ്ങി വ്യക്തിസ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഇതേ തത്വം ബാധകമാണ്. ഈ സ്ഥാപനങ്ങൾ ഇന്ത്യയിലെ ജനങ്ങളുടേതാണ്; അല്ലാതെ ഏതെങ്കിലും പ്രധാനമന്ത്രിയുടെയോ രാഷ്ട്രീയ പാർട്ടിയുടെയോ സ്വകാര്യ സ്വത്തല്ല.

ഒരു ഭരണഘടനാ സ്ഥാപനത്തിൽനിന്ന് പ്രതീക്ഷിക്കുന്ന സ്വതന്ത്രമായ നിലപാട് പ്രകടിപ്പിക്കുന്നതിനുപകരം, പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണമായ എസ്.ഐ.ആർ (Special Intensive Revision) കൈകാര്യം ചെയ്ത രീതിയും തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിലെ സർക്കാരിന് കൂടുതൽ വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന ആശങ്ക വ്യാപിപ്പിച്ചിട്ടുണ്ട്. കരട് വോട്ടർപട്ടികയിൽനിന്ന് ലക്ഷക്കണക്കിന് പേരുകൾ ഒഴിവാക്കപ്പെട്ടത് വോട്ടവകാശത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ഗൗരവമായ ചോദ്യങ്ങൾ ഉയർത്തുന്നു. അർഹതയില്ലാത്ത പേരുകൾ ഒഴിവാക്കാനാണ് നടപടിയെന്ന് കമ്മീഷൻ വിശദീകരിക്കുന്നുണ്ടെങ്കിലും അർഹരായ വോട്ടർമാർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടത് അതിന്റെ ഉത്തരവാദിത്തമാണ്.

തിരഞ്ഞെടുപ്പുകളുടെ വിശ്വാസ്യത സംരക്ഷിക്കുക എന്നത് ചീഫ് ഇലക്ഷൻ കമ്മീഷണറുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്; ഭരണപരമായ തീരുമാനങ്ങളെ ന്യായീകരിക്കുക മാത്രമല്ല അദ്ദേഹത്തിന്റെ കടമ. ജനാധിപത്യത്തിന്റെ ജീവശ്വാസമാണ് വോട്ടവകാശം. ആ അവകാശത്തിലുള്ള പൊതുവിശ്വാസത്തെ തകർക്കുന്ന ഏതൊരു നടപടിയും ജനാധിപത്യത്തിന്റെ അടിസ്ഥാനഘടനയെതന്നെ അപകടത്തിലാക്കും.

സ്വതന്ത്ര സ്ഥാപനങ്ങളുടെ പ്രാധാന്യം നെഹ്റു ആഴത്തിൽ



മനസ്സിലാക്കിയിരുന്നു. കൊളോണിയൽ ചൂഷണം, ദാരിദ്ര്യം, നിരക്ഷരത, വർഗീയ കലാപങ്ങൾ, വിഭജനം എന്നിവയാൽ തകർന്നടിഞ്ഞ ഒരു രാജ്യത്തെയാണ് അദ്ദേഹം ഏറ്റെടുത്തത്. അന്നത്തെ ഇന്ത്യയിലെ ശരാശരി ആയുർദൈർഘ്യം വെറും 32 വയസ്സായിരുന്നു. ലക്ഷക്കണക്കിന് ആളുകൾക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പോലും കഠിനമായി പോരാടേണ്ടിവന്നിരുന്നു. എന്നിട്ടും ശാസ്ത്രീയ അറിവ്, വ്യാവസായികവികസനം, വിദ്യാഭ്യാസം, സാമൂഹികനീതി എന്നിവയിൽ അധിഷ്ഠിതമായ ആധുനിക ഇന്ത്യയെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM), ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) തുടങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രമുഖ ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളുടെയും സ്ഥാപനത്തിന് അദ്ദേഹം പ്രോത്സാഹനം നൽകി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഭിലായ്, റൂർക്കേല, ദുർഗാപൂർ എന്നിവിടങ്ങളിൽ ഉരുക്കുനിർമാണശാലകൾ സ്ഥാപിക്കപ്പെട്ടു. ഭക്രാ നംഗൽ പദ്ധതി വികസിപ്പിക്കുകയും രാജ്യത്തിന്റെ വ്യാവസായിക അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്തു. ഡോ. ഹോമി ഭാഭയുടെ നേതൃത്വത്തിലുള്ള ആണവോർജ ഗവേഷണങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും, പിന്നീട് ഇന്ത്യയുടെ ഉയർന്നുവന്ന ബഹിരാകാശ പദ്ധതികളുടെ അടിത്തറയായ ശാസ്ത്രീയ ഗവേഷണ സംവിധാനങ്ങളുടെ വളർച്ചയ്ക്കും അദ്ദേഹം വഴിയൊരുക്കുകയും ചെയ്തു.

സാങ്കേതികവിദ്യാ മേഖലയിൽ എന്റെ ഔദ്യോഗിക ജീവിതത്തിന്റെ വലിയൊരു ഭാഗം ചെലവഴിച്ച വ്യക്തിയെന്ന നിലയിൽ, ശാസ്ത്രവിദ്യാഭ്യാസത്തിനും സാങ്കേതിക പുരോഗതിക്കും നെഹ്റു നൽകിയ പ്രാധാന്യം അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനകളിലൊന്നായി ഞാൻ വിലയിരുത്തുന്നു. മഹത്തായ ഭൂതകാലത്തെക്കുറിച്ച് അഭിമാനിക്കുന്നതുകൊണ്ടുമാത്രം ഒരു രാജ്യത്തിന് ദാരിദ്ര്യത്തിൽനിന്ന് ഉയർന്നുവരാനാവില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. അറിവിലും നവീകരണത്തിലും ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിലും നിക്ഷേപം നടത്തേണ്ടതുണ്ട്. ഇന്ന് ഇന്ത്യക്കാർ അഭിമാനിക്കുന്ന സാങ്കേതിക നേട്ടങ്ങൾ പെട്ടെന്നൊരു ദിവസം ഉണ്ടായതല്ല. പതിറ്റാണ്ടുകൾക്കുമുമ്പ് പടുത്തുയർത്തിയ അടിത്തറയിലാണ് അവ വളർന്നുവന്നത്.

നെഹ്റുവിന് വീഴ്ചകളൊന്നും ഉണ്ടായിരുന്നില്ലെന്ന് പറയാനാവില്ല. ചൈനയോടുള്ള അദ്ദേഹത്തിന്റെ സമീപനവും 1962-ലെ വിനാശകരമായ യുദ്ധവും വിമർശനത്തിന് വിധേയമാകേണ്ടതാണ്. അദ്ദേഹത്തിന്റെ ചില സാമ്പത്തിക നയങ്ങളും കാലക്രമേണ അപര്യാപ്തമാണെന്ന് തെളിഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ തെറ്റുകൾ അംഗീകരിക്കുന്നതും ആധുനിക ഇന്ത്യയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ അസാധാരണമായ സംഭാവനകളെ നിഷേധിക്കുന്നതും രണ്ടുകാര്യങ്ങളാണ്.

അതുപോലെതന്നെ പ്രധാനപ്പെട്ടതായിരുന്നു മതേത

രത്വത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത. മതം, ജാതി, ഭാഷ, വംശം എന്നിവയുടെ വ്യത്യാസമില്ലാതെ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഈ രാജ്യം ഒരുപോലെ അവകാശപ്പെട്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചു. അസാധാരണമായ വൈവിധ്യമുള്ള ഒരു രാജ്യത്ത് ദേശീയ ഐക്യം നിലനിർത്താൻ മതസ്വാതന്ത്ര്യവും തുല്യ പൗരാവകാശങ്ങളും അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. മതധ്രുവീകരണം രാഷ്ട്രീയ ആയുധമായി മാറുന്ന ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് വീണ്ടും പ്രസക്തിയേറുകയാണ്.

ഇന്ത്യയിലെ തലമുറകളായുള്ള കുട്ടികൾക്ക് നെഹ്റു സ്നേഹപൂർവം 'ചാച്ചാ നെഹ്റു' ആയിരുന്നു. കുട്ടികളാണ് ഇന്ത്യയുടെ ഭാവിയെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതിനാലാണ് അദ്ദേഹത്തിന്റെ ജന്മദിനം ശിശുദിനമായി ആചരിക്കുന്നത്. മുൻ തലമുറകൾക്ക് ലഭിക്കാതിരുന്ന അവസരങ്ങൾ സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു വിദ്യാഭ്യാസത്തിന് അദ്ദേഹം നൽകിയ ഊന്നൽ. ഇന്നും അദ്ദേഹത്തിന്റെ ഏറ്റവും നിലനിൽക്കുന്ന സംഭാവനകളിലൊന്നാണത്.

നെഹ്റുവിന്റെ പൈതൃകത്തെ ചെറുതാക്കി കാണിക്കാനുള്ള ശ്രമങ്ങൾ പൊതുസ്ഥാപനങ്ങളിലേക്കുപോലും വ്യാപിച്ചിട്ടുണ്ട്. നെഹ്റു മെമ്മോറിയൽ മ്യൂസിയത്തിന്റെയും ലൈബ്രറിയുടെയും പേര് മാറ്റിയത് ഇതിന്റെ ഭാഗമാണ്. അതുപോലെ സർദാർ പട്ടേലിനെ നെഹ്റുവിന്റെ രാഷ്ട്രീയ എതിരാളിയായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ രാഷ്ട്രനിർമാണത്തിൽ ഇരുവരും നൽകിയ സംയുക്ത സംഭാവനകളെ അവഗണിക്കുന്നതാണ്. ഗാന്ധിയും നെഹ്റുവും പട്ടേലും അംബേദ്കറും ആധുനിക ഇന്ത്യയുടെ സൃഷ്ടിയിൽ നിർണായക പങ്കുവഹിച്ചവരാണ്. ഒരാളെ ചെറുതാക്കി മറ്റൊരാളെ ആദരിക്കാനാവില്ല.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച അതേ കാലഘട്ടത്തിൽ സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും പിന്നീട് സൈനിക ഏകാധിപത്യത്തിലേക്കോ സ്വേച്ഛാധിപത്യ ഭരണത്തിലേക്കോ വഴുതിവീണു. എന്നാൽ, വലിയ വെല്ലുവിളികൾക്കിടയിലും ഇന്ത്യ പാർലമെന്ററി ജനാധിപത്യം നിലനിർത്തി. അത് യാദൃച്ഛികമായി സംഭവിച്ചതല്ല. ഭരണഘടനാ ദർശനത്തിന്റെയും രാജ്യത്തിന്റെ സ്ഥാപക നേതാക്കളുടെ ജനാധിപത്യ പ്രതിബദ്ധതയുടെയും ഫലമായിരുന്നു അത്.

കോൺഗ്രസ് അനുഭാവികൾക്കുവേണ്ടി മാത്രമായിരുന്നില്ല നെഹ്റു സ്ഥാപനങ്ങൾ പടുത്തുയർത്തിയത്. ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയായിരുന്നു. വിദേശരാജ്യങ്ങളിൽ വിജയകരമായ ഔദ്യോഗിക ജീവിതം കെട്ടിപ്പടുത്ത ഞങ്ങളടക്കം ലക്ഷക്കണക്കിന് ഇന്ത്യക്കാർ അദ്ദേഹത്തിന്റെ ദർശനത്തിന്റെ ഗുണഫലങ്ങൾ നേരിട്ടോ അല്ലാതെയോ അനുഭവിച്ചിട്ടുണ്ട്.

നെഹ്റുവിന്റെ 137-ാം ജന്മവാർഷികം ആചരിക്കുമ്പോൾ, അദ്ദേഹം സ്വീകരിച്ച എല്ലാ നയങ്ങളോടും നമുക്ക് യോജിപ്പുണ്ടോ എന്നതല്ല പ്രധാന ചോദ്യം. ചരിത്രത്തിലെ ഒരു നേതാവും വിമർശനത്തിന് അതീതനല്ല. ഏറ്റവും ജനപ്രീതിയുള്ള നേതാവുപോലും ജനങ്ങളോട് ഉത്തരവാദിത്തമുള്ളവനായിരിക്കണമെന്ന് നെഹ്റു സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. പ്രധാനമന്ത്രിമാർ വരികയും പോകുകയും ചെയ്യും. രാഷ്ട്രീയ പാർട്ടികൾ വാഴുകയും വീഴുകയും ചെയ്യും. എന്നാൽ ജനങ്ങളുടെ ക്ഷേമത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി അവർ എന്തു സംഭാവന നൽകി എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ചരിത്രം ആത്യന്തികമായി അവരെ വിലയിരുത്തുക.

പേരുകൾ മാറ്റിയതുകൊണ്ടോ, പാഠപുസ്തകങ്ങൾ തിരുത്തിയെഴുതുന്നതുകൊണ്ടോ, രാഷ്ട്രീയ പ്രചാരണങ്ങൾ നടത്തുന്നതുകൊണ്ടോ നെഹ്റുവിന്റെ ചരിത്രത്തിലെ സ്ഥാനം മായ്ച്ചുകളയാനാവില്ല. അദ്ദേഹം വളർത്തിയെടുത്ത സ്ഥാപനങ്ങളിലും രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളിലും ഏറ്റവും പ്രധാനമായി കോടിക്കണക്കിന് ഇന്ത്യക്കാരുടെ ജനാധിപത്യ സ്വപ്നങ്ങളിലുമാണ് അദ്ദേഹത്തിന്റെ പൈതൃകം ജീവിക്കുന്നത്.

ഇന്ന് ഇന്ത്യയ്ക്ക് എന്നത്തേക്കാളും ഉപരിയായി നെഹ്റുവിന്റെ ആദർശങ്ങൾ അനിവാര്യമാണ്. ഭൂതകാലത്തിലെ മഹാനായ ഒരു നേതാവിനെ ഓർക്കാൻ മാത്രമല്ല, വർത്തമാനകാലത്തെ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കാനും വരുംതലമുറകളുടെ ഭാവി സുരക്ഷിതമാക്കാനും വേണ്ടിയാണത്.

ജവഹർലാൽ നെഹ്റുവിന്റെ 137-ാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും ഉചിതമായ ആദരാഞ്ജലി അതായിരിക്കും.

(ഐക്യരാഷ്ട്രസഭയുടെ മുൻ ചീഫ് ടെക്നോളജി ഓഫീസറും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, യു.എസ്.എയുടെ വൈസ് ചെയർമാനുമാണ് ലേഖകൻ)

LAWSON travel

Enjoy Your Vacations With Us



214-631-2458

www.LawsonTravel.com

ന്യൂയോർക്ക് അയ്യപ്പ സേവാ സംഘത്തിന്പുതിയ ഭാരവാഹികൾ; ഗോപിനാഥക്കുറുപ്പ് പ്രസിഡന്റ്, രഞ്ജിത് പിള്ള സെക്രട്ടറി





ജയപ്രകാശ് നായർ

ന്യൂയോർക്ക്: ന്യൂയോർക്ക് അയ്യപ്പ സേവാ സംഘത്തിന്റെ വാർഷിക പൊതുയോഗം നവംബർ 11 ബുധനാഴ്ച വൈകിട്ട് എട്ടിന് പ്രസിഡന്റ് ഗോപിനാഥക്കുറുപ്പിന്റെ അധ്യക്ഷതയിൽ ചേർന്നു. സംഘത്തിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗത്തിൽ പുതിയ ഭാരവാഹികളെയും ഭരണസമിതി അംഗങ്ങളെയും തിരഞ്ഞെടുത്തു.

യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്ത പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ്, സംഘത്തിന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദീകരിച്ചു. തുടർന്ന് സെക്രട്ടറി രഘുവരൻ നായർ വാർഷിക പ്രവർത്തന റിപ്പോർട്ടും ട്രഷറർ കുന്നപ്പള്ളിൽ രാജഗോപാൽ വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കുശേഷം വാർഷിക റിപ്പോർട്ടും സാമ്പത്തിക കണക്കുകളും യോഗം അംഗീകരിച്ചു.

കഴിഞ്ഞ ഒക്ടോബറിൽ ന്യൂയോർക്കിൽ സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമവും അയ്യപ്പ ഭാഗവത ജ്ഞാനയജ്ഞവും വൻ വിജയമായിരുന്നുവെന്ന് പൊതുയോഗം വിലയിരുത്തി. ഈ പരിപാടികളുടെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ഭാരവാഹികളെയും പ്രവർത്തകരെയും സന്നദ്ധസേവകരെയും യോഗം പ്രത്യേകം അഭിനന്ദിച്ചു. ഭക്തജനങ്ങളുടെ സജീവ പങ്കാളിത്തവും സംഘാടകരുടെ കൂട്ടായ പരിശ്രമവുമാണ് പരിപാടികളുടെ വിജയത്തിന് അടിത്തറയായതെന്നും

യോഗം അഭിപ്രായപ്പെട്ടു.

1991-ൽ സ്ഥാപിതമായ അയ്യപ്പ സേവാ സംഘം ന്യൂ യോർക്ക്, സേവന പ്രവർത്ത നങ്ങൾക്കും സനാതന ധർമ ത്തിന്റെ മൂല്യങ്ങൾക്കും പ്രാ ധാന്യം നൽകിയാണ് പ്രവർ ത്തിച്ചുവരുന്നത്. 'ലോകാഃ സ മസ്താഃ സുഖിനോ ഭവന്തു' എന്ന മഹത്തായ ആപ്തവാ ക്യം ഉയർത്തിപ്പിടിച്ച് നിഷ്കാ മസേവനത്തിന്റെ പാതയിലൂ ടെ മുന്നേറുന്ന സംഘടന 35 വർഷത്തെ പ്രവർത്തന പാര മ്പര്യമാണ് പിന്നിടുന്നത്. ആ ത്മീയവും സാംസ്കാരികവും സാമൂഹികവുമായ പ്രവർത്ത നങ്ങളിലൂടെ ഭക്തജനങ്ങളെ ഒരുമിപ്പിക്കുന്നതിനൊപ്പം വ രുംതലമുറയിലേക്ക് സനാതന ധർമത്തിന്റെ മൂല്യങ്ങൾ പകർ ന്നുനൽകുകയെന്ന ലക്ഷ്യവും സംഘം ഉയർത്തിപ്പിടിക്കുന്നു.

സംഘത്തിന്റെ പ്രവർ ത്തനങ്ങൾ കൂടുതൽ ഊർജ സ്വലമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും ഭാവി പരിപാ ടികൾ കാര്യക്ഷമമായി സംഘ ടിപ്പിക്കുന്നതിനുമായി പുതിയ ഭരണസമിതിയെ വാർഷിക പൊ തുയോഗം തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ:

പ്രസിഡന്റായി ഗോപിനാഥ ക്കുറുപ്പ്, വൈസ് പ്രസിഡന്റാ യി ജയചന്ദ്രൻ രാമകൃഷ്ണൻ, സെക്രട്ടറിയായി രഞ്ജിത് പിള്ള, ജോയിന്റ് സെക്രട്ടറിയാ യി മഹാദേവൻ ശർമ്മ, ട്രഷറ റായി രഘുവരൻ നായർ എന്നി വർ തിരഞ്ഞെടുക്കപ്പെട്ടു.

അഡ്വൈസറി ബോർഡ് അംഗങ്ങൾ:

വനജ നായർ, കുന്നപ്പ ള്ളിൽ രാജഗോപാൽ, അപ്പു ക്കുട്ടൻ നായർ, ജി.കെ. നായർ, മുരളീധരപ്പണിക്കർ എന്നിവരാ ണ് അഡ്വൈസറി ബോർഡിലേ ക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

രക്ഷാധികാരികളായ രാം പോറ്റി, അപ്പൻ മേനോൻ Esq., ഡോ. മദൻ മോഹൻ എന്നിവർ തങ്ങളുടെ സ്ഥാനങ്ങളിൽ തുട രും. കമ്മിറ്റി അംഗങ്ങളായ രാജു നാണു, സഹൃദയൻ പണിക്കർ, ഉണ്ണിക്കൃഷ്ണ മേനോൻ, ഡോ. ഉണ്ണിക്കൃഷ്ണൻ തമ്പി, ജയപ്ര കാശ് നായർ, ബാലകൃഷ്ണൻ നായർ, രാജീവ് ഭാസ്കർ, ബി ജു ഗോപാലൻ, രാധാമണി നാ യർ, സതീഷ് കാലാത്ത്, നരേ ന്ദ്രൻ നായർ, സുരേഷ് നായർ, സേതുമാധവൻ എന്നിവരും തു ടർന്നും പ്രവർത്തിക്കും.

വാർഷിക പൊതുയോ ഗത്തിനുശേഷം പ്രസിഡന്റ് ഗോപിനാഥക്കുറുപ്പിന്റെ അധ്യ ക്ഷതയിൽ പുതിയ എക്സി ക്യൂട്ടീവ് കമ്മിറ്റി യോഗം ചേർ ന്ന് വരാനിരിക്കുന്ന ആത്മീയ, സാംസ്കാരിക പരിപാടികളെ ക്കുറിച്ച് ചർച്ച നടത്തി.

ഈ വർഷത്തെ മണ്ഡ ലകാല ഭജനയും മകരവിള ക്ക് മഹോത്സവവും ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ വിപുലമായി സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. മണ്ഡ ലകാലത്തെ ആദ്യ ഭജന ന്യൂ യോർക്കിലെ ഫ്ലഷിംഗ് ഗ ണേശ ക്ഷേത്രത്തിലെ അയ്യപ്പ സന്നിധിയിൽ നടത്തും.

നവംബർ 21 ശനിയാഴ്ച വൈകിട്ട് ആറിന് അയ്യപ്പ സന്നി ധിയിൽ നടക്കുന്ന മണ്ഡലകാല ഭജനയിൽ പങ്കെടുക്കാൻ ന്യൂ യോർക്കിലെയും സമീപപ്രദേ ശങ്ങളിലെയും എല്ലാ അയ്യപ്പ ഭക്തരെയും കുടുംബാംഗങ്ങ ളെയും സംഘാടകർ സാദരം ക്ഷണിച്ചു.

മണ്ഡല കാലാചരണ ത്തിന്റെ ഭാഗമായി കൂടുതൽ ഭജനകളും ആത്മീയ പരി പാടികളും സംഘടിപ്പിക്കുന്ന തുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ തുടർന്നുള്ള സംയുക്ത കമ്മിറ്റി യോഗത്തിൽ വിശദമാ യി ചർച്ച ചെയ്ത് തീരുമാനി ക്കും. ഇതിനാവശ്യമായ ക്രമീ കരണങ്ങൾ നടത്തുന്നതിനും പരിപാടികളുടെ വിജയകരമാ യ നടത്തിപ്പിനുമായി പുതിയ ഭരണസമിതിയെ പൊതുയോ ഗം ചുമതലപ്പെടുത്തി.

35 വർഷത്തെ സേവന പാരമ്പര്യവുമായി മുന്നേറുന്ന അയ്യപ്പ സേവാ സംഘത്തി ന്റെ പ്രവർത്തനങ്ങൾ കൂടു തൽ വിപുലീകരിക്കുന്നതിനും ഭക്തജനങ്ങളുടെ സഹകരണ ത്തോടെ ആത്മീയ, സാമൂഹി ക സേവനരംഗങ്ങളിൽ സജീവ സാന്നിധ്യമായി തുടരുന്നതി നുമുള്ള പ്രതിബദ്ധത യോഗം ആവർത്തിച്ചു.

വൈസ് പ്രസിഡന്റ് ജയചന്ദ്രൻ രാമകൃഷ്ണൻ യോഗത്തിൽ പങ്കെടുത്ത എ ല്ലാവർക്കും നന്ദി രേഖപ്പെടുത്തി യതോടെ വാർഷിക പൊതു യോഗം മംഗളകരമായി സമാ പിച്ചു.

MUKKUT
MONUMENTS INC.



PHONE (C)
972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com







We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.

WE SERVICE ALL OVER USA, CANADA & INDIA

ആശാ മേനോനും കെ. ജയകുമാറിനും

കെ.എച്ച്.എൻ.എയുടെ ആർഷദർശന പുരസ്കാരം



കെ.എച്ച്.എൻ.എ
കേരള ന്യൂസ് ഡെസ്ക്

ആലപ്പുഴ : മലയാള സാഹിത്യത്തിനും ഭാരതീയ ജ്ഞാനപൈതൃകത്തിനും നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്ച്.എൻ.എ) ആർഷദർശന പുരസ്കാരങ്ങൾ പ്രമുഖ സാഹിത്യകാരൻ ആശാ മേനോനും കവിയും പണ്ഡിതനുമായ കെ. ജയകുമാറിനും സമ്മാനിച്ചു. ആലപ്പുഴയിൽ നടന്ന കെ.എച്ച്.എൻ.എ കേരള കൺവെൻഷനിൽ സംഘടനയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ ഇരുവർക്കും ഒരു ലക്ഷം രൂപ വീതവും പ്രശസ്തിപത്രവും അടങ്ങുന്ന ആർഷദർശന പുരസ്കാരങ്ങൾ സമർപ്പിച്ചു. സാഹിത്യവും ദർശനവും ഭാഷയും സംസ്കാരവും സംഗമിച്ച ചടങ്ങിൽ സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു.

മലയാള സാഹിത്യത്തിലെ സർഗാത്മക പ്രതിഭകളെയും ഭാരതീയ ദാർശനിക പാരമ്പര്യത്തിന്റെ മൂല്യങ്ങൾ രചനകളിലൂടെ സമൂഹത്തിലെത്തിക്കുന്ന എഴുത്തുകാരെയും ആദരിക്കുന്നതിനാണ് കെ.എച്ച്.എൻ.എ ആർഷദർശന പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. സാഹിത്യകൃതികൾ ഒരു കാലഘട്ടത്തിന്റെ സംസ്കാരത്തിന്റെയും ചിന്തയുടെയും പ്രതിഫലനങ്ങളാണെന്ന തിരിച്ചറിവിൽ, മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കും പ്രചാരണത്തിനും സംഘടന നൽകുന്ന പ്രാധാന്യത്തിന്റെ ഭാഗമാണ് ഈ പുരസ്കാരം.

അഞ്ജലി മാസികയിലൂടെയും കേരള കൺവെൻഷനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന

സാഹിത്യ-സാംസ്കാരിക പരിപാടികളിലൂടെയും മലയാള സാഹിത്യരംഗത്ത് സജീവമായ ഇടപെടലുകൾ നടത്തിവരുന്ന കെ.എച്ച്.എൻ.എ, ആർഷദർശന പുരസ്കാരത്തിലൂടെ ഭാരതീയ ജ്ഞാനപാരമ്പര്യത്തെയും മാനവിക മൂല്യങ്ങളെയും ഉയർത്തിപ്പിടിക്കുന്ന സാഹിത്യപ്രതിഭകളെ ആദരിക്കുകയാണ്.



പൗരസ്ത്യ-പാശ്ചാത്യ ദർശനങ്ങളെ മലയാളത്തിന് പരിചയപ്പെടുത്തിയ ആശാ മേനോൻ

ഭാരതീയ ദാർശനിക പാരമ്പര്യത്തെയും ലോകസാഹിത്യത്തിലെ വൈവിധ്യമാർന്ന ചിന്താധാരകളെയും മലയാളത്തിന്റെ വായനാലോകത്തിന് പരിചയപ്പെടുത്തിയ പ്രമുഖ സാഹിത്യകാരനാണ് ആശാ മേനോൻ. ഉപനിഷത്തുകൾ, ജ്ഞാനേശ്വരി, കാളിദാസകൃതികൾ എന്നിവയുടെ ദാർശനികവും സാഹിത്യപരവുമായ സൗന്ദര്യം ആഴത്തിൽ വിശകലനം ചെയ്ത അദ്ദേഹത്തിന്റെ രചനകൾ ഭാരതീയ ജ്ഞാന പൈതൃകത്തിന്റെ അന്തഃസത്ത തേടുന്നവയാണ്.

മഹർഷി അരവിന്ദന്റെയും രവീന്ദ്രനാഥ ടാഗോറിന്റെയും ചിന്താലോകത്തെ സൂക്ഷ്മമായി പഠിക്കുകയും അവയുടെ ആശയസമ്പത്ത് മലയാള വായനക്കാർക്ക് പരിചയപ്പെടുത്തുകയും ചെയ്ത ആശാ മേനോൻ, ഭാരതീയ ചിന്താപാരമ്പര്യത്തിനൊപ്പം പാശ്ചാത്യ ദർശനങ്ങളെയും തന്റെ സാഹിത്യാന്വേഷണത്തിന്റെ ഭാഗമാക്കി. മാർക്കസ് ഔറേലിയസ് മുതൽ വിൽ ഡ്യൂറന്റ് വരെയുള്ള ചിന്തകരുടെ കൃതികളെയും ആശയങ്ങളെയും മലയാളികൾക്ക് പരിചയപ്പെടുത്തുന്നതിലൂടെ വായനയുടെ ചക്രവാളങ്ങൾ വികസിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

കുടജാദ്രിയും പഞ്ചകേദാരങ്ങളും കൈലാസ-മാനസസരോവരവും ഉൾപ്പെടെയുള്ള ആത്മീയഭൂമികകളിലേക്കും ഭാരതീയ ശിൽപകലയുടെ വിവിധ മേഖലകളിലേക്കും നീളുന്ന അദ്ദേഹത്തിന്റെ അന്വേഷണയാത്രകൾ കേവലം യാത്രാവിവരണങ്ങളിൽ ഒതുങ്ങുന്നവയല്ല. ചരിത്രവും കലയും സാഹിത്യവും ദർശനവും തമ്മിലുള്ള ബന്ധങ്ങൾ അന്വേഷിച്ചുകൊണ്ട് ഭാരതീയ സംസ്കാരത്തിന്റെ ആഴങ്ങളിലേക്ക് വായനക്കാരെ നയിക്കുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ.

ആർഷപൈതൃകത്തെ ഹൃദയത്തോട് ചേർത്തുനിർത്തുകയും പൗരസ്ത്യ-പാശ്ചാത്യ ചിന്താധാരകളെ മലയാളത്തിന്റെ സാഹിത്യലോകത്ത് സമന്വയിപ്പിക്കുകയും ചെയ്ത സംഭാവനകൾ പരിഗണിച്ചാണ് ആശാ മേനോനെ ആർഷദർശന പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

അദ്ദേഹത്തിനുള്ള മംഗളപത്രം ഡോ. ജെ. പ്രമീളാദേവി വായിച്ചു. ഭാരതീയ ജ്ഞാനപാരമ്പര്യത്തിന്റെ ദാർശനിക സൗന്ദര്യവും ലോകചിന്തയുടെ വൈവിധ്യവും മലയാള വായനാസമൂഹത്തിന് പരിചയപ്പെടുത്തുന്നതിൽ ആശാ മേനോൻ നൽകിയ സംഭാവനകളെ മംഗളപത്രത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു. തുടർന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പുരസ്കാരവും ഒരു ലക്ഷം രൂപയും സമ്മാനിച്ചു.

സാഹിത്യത്തിലും കലയിലും ഭരണനിർവഹണത്തിലും വ്യക്തിമുദ്ര പതിപ്പിച്ച കെ. ജയകുമാർ

കവിയും പണ്ഡിതനും ഭരണനിർവഹണരംഗത്തെ പ്രമുഖ വ്യക്തിത്വവുമായ കെ. ജയകുമാർ മലയാളത്തിന്റെ സാഹിത്യ-സാംസ്കാരിക മണ്ഡലത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ്. ഭാഷാപ്രാവീണ്യവും സർഗാത്മകതയും മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതവീക്ഷണവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ സവിശേഷതകളാണ്.

സാഹിത്യത്തിലും കലയിലും ഭരണനിർവഹണത്തിലും ഒരുപോലെ മികവ് തെളിയിച്ച അദ്ദേഹത്തിന്റെ ബഹുമുഖ

വ്യക്തിത്വം സർഗാത്മകതയും സാമൂഹിക ഉത്തരവാദിത്തവും പരസ്പരം പൂരകങ്ങളാകുന്നതിന്റെ ഉദാഹരണമാണ്. കവിതകളിലൂടെയും മറ്റു സാഹിത്യരചനകളിലൂടെയും മനുഷ്യജീവിതത്തിന്റെ സൗന്ദര്യവും മാനവിക മൂല്യങ്ങളുടെ മഹത്വവും ആവിഷ്കരിച്ച അദ്ദേഹത്തിന്റെ സംഭാവനകൾ മലയാളത്തിന്റെ സാംസ്കാരിക പൈതൃകത്തെ സമ്പന്നമാക്കിയിട്ടുണ്ട്.

ഭാഷയോടും സാഹിത്യത്തോടുമുള്ള ആഴത്തിലുള്ള പ്രതിബദ്ധതയ്ക്കൊപ്പം കലയും സംസ്കാരവും സമൂഹജീവിതത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാടും കെ. ജയകുമാറിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നു. അറിവും സൗന്ദര്യബോധവും മൂല്യചിന്തയും സമന്വയിപ്പിക്കുന്ന അദ്ദേഹത്തിന്റെ സർഗാത്മക യാത്ര പുതിയ തലമുറയ്ക്കും പ്രചോദനമാണ്.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും നൽകിയ ബഹുമുഖ സംഭാവനകളെ ആദരിച്ചുകൊണ്ടാണ് കെ.എച്ച്.എൻ.എ അദ്ദേഹത്തിന് ആർഷദർശന പുരസ്കാരം സമർപ്പിച്ചത്.

കെ. ജയകുമാറിനുള്ള പ്രശംസാപത്രം ഡോ. എം. ജി. ശശിഭൂഷൺ വായിച്ചു. അദ്ദേഹത്തിന്റെ സർഗാത്മക പ്രതിഭ, ഭാഷാപ്രാവീണ്യം, മാനവിക ജീവിതവീക്ഷണം, സാഹിത്യ-കലാ-ഭരണനിർവഹണ മേഖലകളിലെ സംഭാവനകൾ എന്നിവ പ്രശംസാപത്രത്തിൽ എടുത്തുപറഞ്ഞു. തുടർന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പുരസ്കാരവും ഒരു ലക്ഷം രൂപയും സമ്മാനിച്ചു.





സാഹിത്യപ്രതിഭകൾക്ക് ആദരവായി പുരസ്കാര സമർപ്പണച്ചടങ്ങ്

പുരസ്കാരസമർപ്പണച്ചടങ്ങിൽ ജ്യൂറി അംഗങ്ങളായ ഡോ. എം. ജി. ശശിഭൂഷൺ, ഡോ. ജെ. പ്രമീളാദേവി, അഭിഭാഷകനും പ്രഭാഷകനും അവതാരകനും എഡിറ്ററുമായ അഡ്വ. എ. ജയശങ്കർ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

പുരസ്കാരജേതാക്കളുടെ സാഹിത്യസംഭാവനകളും ദാർശനിക കാഴ്ചപ്പാടുകളും വിശദീകരിച്ചുകൊണ്ടുള്ള മംഗളപത്രങ്ങളുടെയും പ്രശംസാപത്രങ്ങളുടെയും അവതരണം ചടങ്ങിന് പ്രത്യേക മിഴിവേകി. സാഹിത്യകാരന്മാരെ ആദരിക്കുന്നതിനൊപ്പം അവരുടെ രചനകളിലൂടെ ഉയർത്തിപ്പിടിക്കുന്ന മാനവിക മൂല്യങ്ങളെയും സാംസ്കാരിക ദർശനങ്ങളെയും പൊതുസമൂഹത്തിന് പരിചയപ്പെടുത്താനുള്ള അവസരമായും ചടങ്ങ് മാറി.

സാഹിത്യവും പാണ്ഡിത്യവും ദാർശനിക ചിന്തയും സമൂഹത്തിന്റെ മൂല്യബോധം രൂപപ്പെടുത്തുന്നതിൽ വഹിക്കുന്ന പങ്ക് ഉയർത്തിക്കാട്ടിയ ആർഷദർശന പുരസ്കാരസമർപ്പണം കേരള കൺവെൻഷന്റെ ശ്രദ്ധേയമായ സാംസ്കാരിക പരിപാടികളിലൊന്നായി.

മലയാളത്തിന്റെ സർഗാത്മക പാരമ്പര്യത്തെയും ഭാരതീയ ജ്ഞാനപൈതൃകത്തെയും ഒരുപോലെ ആദരിക്കുന്ന ഈ സംരംഭത്തിലൂടെ, അറിവിനെയും സാഹിത്യത്തെയും വരുംതലമുറകളിലേക്ക് കൈമാറാനുള്ള കെ.എച്ച്.എൻ.എയുടെ പ്രതിബദ്ധതയ്ക്ക് പുതിയൊരു മാനം കൈവന്നു.



വെള്ളിയാഴ്ച, അതും പതിമൂന്നാം തീയതിയാണ് അത് സംഭവിച്ചത്



ശ്രീകുമാർ ഉണ്ണിത്താൻ

പുറത്ത് മഴ തകർത്തു പെയ്യുകയാണ്. ഇടയ്ക്കിടെ വീശിയടിക്കുന്ന ശക്തമായ കാറ്റിൽ വീടിന്റെ ജനാലകൾ ഭയപ്പെടുത്തുന്ന ശബ്ദത്തോടെ വിറയ്ക്കുന്നു. വിജനമായ ആ ഗ്രാമത്തിലെ പഴയ തറവാട്ടിൽ അന്ന് രാത്രി അനിൽ തനിച്ചായിരുന്നു. അന്ന് വെള്ളിയാഴ്ച. അതും പതിമൂന്നാം തീയതി!

സമയം രാത്രി പന്ത്രണ്ടു മണി കഴിഞ്ഞിരുന്നു. പതിമൂന്നാം തീയതിയും വെള്ളിയാഴ്ചയും ഒരുമിച്ചുവരുന്ന ദിവസം അശുഭകരമാണെന്നൊരു പഴമക്കാരുടെ വിശ്വാസം നാട്ടിൽ നിലനിന്നിരുന്നു. അത്തരം രാത്രികളിൽ ദുരാത്മാക്കൾ അലഞ്ഞുനടക്കുമെന്നും, മനുഷ്യർക്ക് അദൃശ്യമായ പല ഭയാനക ശക്തികളും ഉണർന്നെണീക്കുമെന്നും ചിലർ വിശ്വസിച്ചിരുന്നു. അന്ന് വീട്ടിൽ മറ്റാരുമില്ല. അച്ഛനും അമ്മയും ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയിരിക്കുകയാണ്. അവർ തിരിച്ചെത്താൻ നേരം പുലരും. അനിൽ ടിവിയിൽ സിനിമ കണ്ടുകൊണ്ട് കട്ടിലിൽ ചാരിക്കിടക്കുകയായിരുന്നു. പെട്ടെന്നാണ് താഴത്തെ നിലയിൽനിന്ന് ആരോ വിളിക്കുന്നതുപോലൊരു

ശബ്ദം കേട്ടത്. അവൻ ടിവിയുടെ ശബ്ദം കുറച്ചു. എങ്ങും നിശ്ശബ്ദത! അൽപ്പസമയത്തിനു ശേഷം വീണ്ടും ആ ശബ്ദം.

ആരോ വീടിന്റെ വാതിലിൽ മുട്ടുന്നതുപോലെ! അനിൽ മൊബൈലിൽ സമയം നോക്കി. 12:37.

'ഈ പാതിരാത്രിയിൽ ആരായിരിക്കും?'അവൻ പതുക്കെ എഴുന്നേറ്റ് ജനലിലൂടെ പുറത്തേക്ക് നോക്കി. എങ്ങും കൂരിരുട്ട്. മഴയും കാറ്റും മാത്രം. ദൂരെ എവിടെയോ ഒരു നായ്ക്കളുടെ നീണ്ട ഓരിയിടൽ കേൾക്കാം.

പെട്ടെന്ന് വീണ്ടും വാതിലിൽ മുട്ടുന്ന ശബ്ദം. ഇത്തവണ ശബ്ദം കൂടുതൽ ശക്തമായിരുന്നു.

അവന്റെ ഹൃദയം അതിവേഗം മിടിക്കാൻ തുടങ്ങി. കൈകാലുകൾ തണുത്തുറഞ്ഞു. ശരീരമാകെ വിയർപ്പിൽ കുളിച്ചു. എല്ലാ ധൈര്യവും സംഭരിച്ച് അവൻ ഉറക്കെ ചോദിച്ചു. 'ആരാ?' മറുപടിയില്ല.

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം വാതിലിനപ്പുറത്തുനിന്ന് ഒരു സ്ത്രീയുടെ നേർത്ത ശബ്ദം.

'മോനേ... വാതിൽ തുറക്കൂ...' അനിലിന്റെ ശരീരം വിറച്ചു. അത് തന്റെ അമ്മയുടെ ശബ്ദമായിരുന്നു!

'അമ്മേ... നിങ്ങളെന്താ ഇത്ര നേരത്തെ വന്നത്?' മറുപടി വന്നില്ല പകരം 'മോനേ... വേഗം വാതിൽ തുറക്ക്... എനിക്ക് നല്ല തണുക്കുന്നു നല്ല മഴയുമുണ്ട്...'

അവൻ പതുക്കെ വാതിലിനടുത്തേക്ക് നടന്നു. വാതിൽ തുറക്കാൻ കൈ നീട്ടിയതും പെട്ടെന്ന് അച്ഛൻ ഒരിക്കൽ പറഞ്ഞ കാര്യം ഓർമ്മ വന്നു. ഈ വീട്ടിൽ രാത്രിയിൽ ആരെങ്കിലും വിളിച്ചാൽ, അത് എത്ര പരിചയമുള്ള ശബ്ദമാണെങ്കിലും വാതിൽ തുറക്കരുത്! പണ്ട് പലപ്പോഴും പല ദുരനുഭവങ്ങളും ഇവിടെ സംഭവിച്ചിട്ടുണ്ട്.

അവൻ ഭയത്തോടെ പിന്നോട്ട് മാറി. വീണ്ടും അതേ ശബ്ദം. അനിൽ... ഞാൻ നിന്റെ അമ്മയാണ് മോനേ... വാതിൽ തുറക്ക്...' എന്നാൽ ഇത്തവണ ആ ശബ്ദം വാതിലിന് പുറത്തു നിന്നല്ല വന്നത്. അവന്റെ മുറിക്കുള്ളിൽനിന്നായിരുന്നു! അവന്റെ ശ്വാസം നിലച്ചതുപോലെ തോന്നി. അവൻ ഓടി അവന്റെ മുറിയിൽ എത്തി.

പെട്ടെന്ന് മുറിയിലെ ലൈറ്റ് അണഞ്ഞു. പുറത്ത് കോരിച്ചൊരിയുന്ന മഴയും ഇടിമിന്നലും. ഇടയ്ക്കിടെ മിന്നൽവെളിച്ചം മുറിക്കുള്ളിലേക്ക് കടന്നുവരുന്നുണ്ട്. ആ വെളിച്ചത്തിലാണ് അവൻ കണ്ണാടിയിൽ എന്തോ കണ്ടത്.

കണ്ണാടിയിൽ തന്റെ പിന്നിലായി ഒരു സ്ത്രീ നിൽക്കുന്നു! നനഞ്ഞ മുടി മുഖത്തേക്ക് വീണുകിടക്കുന്നു. മനോഹരമായ വെളുത്ത സാരി. നിലത്തുതൊടാതെ വായുവിൽ ഉയർന്നുനിൽക്കുന്ന കാലുകൾ. അസാധാരണമായ സൗന്ദര്യമുള്ള ഒരു സ്ത്രീരൂപം. അനിൽ ഞെട്ടിത്തിരിഞ്ഞുനോക്കി. അപ്പോൾ അവിടെ ആരുമില്ല!

അവൻ വീണ്ടും കണ്ണാടിയിലേക്ക് നോക്കി. ഇത്തവണ ആ രൂപം അവന്റെ തൊട്ടു പിന്നിൽത്തന്നെയുണ്ട്!

അവൾ പതുക്കെ മുഖമുയർത്തി. ഒരു നിമിഷം അവളുടെ മുഖത്ത് മനോഹരമായ പുഞ്ചിരി തെളിഞ്ഞു. അടുത്ത നിമിഷം ആ മുഖം വികൃതമാകാൻ തുടങ്ങി. മനോഹരമായ മുഖം ക്രമേണ വിരൂപമായി. ചുണ്ടുകൾ വലിഞ്ഞു മുറുകി. വായിൽനിന്ന് പുറത്തേക്ക് തള്ളിനിൽക്കുന്ന മൂർച്ചയേറിയ കൂർത്ത പല്ലുകൾ! കണ്ണുകളുണ്ടായിരുന്നിടത്ത് രണ്ടു ചുമന്ന കുഴികൾ!

അവൾ വായ തുറന്ന് ഭീകരമായി ചിരിച്ചു. 'എന്നെ തിരിച്ചറിഞ്ഞില്ലേ മോനേ? 'അനിൽ സർവശക്തിയുമെടുത്ത് അലറിവിളിച്ചു. അപ്പോഴേക്കും താഴെ വീടിന്റെ പ്രധാന വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. 'ആനിലെ ... മോനേ... നീ ഉറങ്ങിയോ?' അത് അച്ഛന്റെ ശബ്ദമായിരുന്നു!

അവൻ ഓടിച്ചെന്ന് മുറിയുടെ വാതിൽ തുറന്നു. അച്ഛനും അമ്മയും താഴെ നിൽക്കുന്നു. അവൻ കരഞ്ഞുകൊണ്ട് അമ്മയെ കെട്ടിപ്പിടിച്ചു. 'അമ്മേ... എന്റെ മുറിയിൽ ഒരാളുണ്ടായിരുന്നു! ഭയങ്കര രൂപം! എന്നെ കൊല്ലാൻ വരുന്നതുപോലെ തോന്നി!'

അമ്മയുടെ മുഖം പെട്ടെന്ന് വിളറി.'മോനേ... നീ എന്താണ് പറയുന്നത്? ഞങ്ങൾ ഇപ്പോഴല്ലേ വന്നത്?'

അച്ഛൻ ഗൗരവത്തോടെ ചോദിച്ചു. 'നീ ആരുടെ ശബ്ദമാണ് കേട്ടത്?' 'അമ്മയുടെ ശബ്ദം... അമ്മ തന്നെയാണ്

എന്നെ വിളിച്ചത്!‘ അമ്മയുടെ മുഖത്ത് ഭയം പടർന്നു.

അച്ഛൻ ഒന്നും മിണ്ടാതെ അവനെ താഴത്തെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ചുമരിൽ തൂക്കിയിട്ടിരുന്ന ഒരു പഴയ ഫോട്ടോ കാണിച്ചു കൊടുത്തു.അത് മുപ്പത് വർഷങ്ങൾക്കുമുമ്പ് ആത്മഹത്യ ചെയ്ത അനിലിന്റെ മുത്തശ്ശിയുടെ ചിത്രമായിരുന്നു. അനിൽ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കി.

അവൻ ഞെട്ടിപ്പോയി! അതേ മുഖം! അതേ നനഞ്ഞ മുടി! അതേ വെളുത്ത സാരി! അവൻ വിറയ്ക്കുന്ന ശബ്ദത്തിൽ ചോദിച്ചു.‘അച്ഛാ... മുത്തശ്ശി എങ്ങനെയാണ് മരിച്ചത്?‘

അച്ഛൻ ദീർഘമായി നിശ്വസിച്ചു. ‘ഈ വീട്ടിലെ നിന്റെ മുറിയിലാണ് മുത്തശ്ശി ആത്മഹത്യ ചെയ്തത്. ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നത് നിന്നെയായിരുന്നു. നീ ജനിക്കുന്നതിനു മുമ്പുതന്നെ പുതിയ കൊച്ചുമകനെക്കുറിച്ച് അവർ വാതോരാതെ സംസാരിക്കുമായിരുന്നു. പക്ഷേ, നീ ജനിക്കുന്നതിനു മുമ്പു തന്നെ അവർ ഈ ലോകത്തുനിന്ന് പോയി. മരിക്കുന്നതിനു മുമ്പ് അവർ പറഞ്ഞ അവസാന വാക്കുകൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്.’

‘എന്തായിരുന്നു അച്ഛാ അത്?‘ ‘എന്റെ കൊച്ചുമോനെ ഒരിക്കലെങ്കിലും കാണണം... അവനെ എനിക്ക് ഒരുപാട് ഇഷ്ടമാണ്...‘അച്ഛൻ അത്രയും പറഞ്ഞുതീർന്നതും മുകളിലെ മുറിയിൽനിന്ന് വീണ്ടും ഒരു ശബ്ദം കേട്ടു.

മൂന്നുപേരും ഒരേസമയം മുകളിലേക്ക് നോക്കി. അതിനു ശേഷം വ്യക്തമായി ഒരു സ്ത്രീയുടെ ശബ്ദം.

‘മോനേ... നീ താഴേക്ക് പോയോ?‘ അച്ഛന്റെ കൈ അനിലിന്റെ തോളിൽ മുറുകി. വീണ്ടും ആ ശബ്ദം.

‘മോനേ... വാതിൽ തുറക്കൂ... ഞാൻ നിന്റെ അമ്മയാണ്...’ അനിൽ പതുക്കെ അമ്മയുടെ മുഖത്തേക്ക് നോക്കി. അമ്മ അവന്റെ അരികിൽത്തന്നെയുണ്ട്. അവരുടെ ചുണ്ടുകൾ അനങ്ങുന്നില്ല! എന്നിട്ടും മുകളിലെ മുറിയിൽനിന്ന് അമ്മയുടെ ശബ്ദം വീണ്ടും കേൾക്കുന്നു. അനിൽ ... പേടിക്കേണ്ട മോനേ... അമ്മ മുകളിലുണ്ട്...‘ അവന്റെ തല കറങ്ങുന്നതുപോലെ തോന്നി.

പെട്ടെന്നാണ് അവന് ഒരു കാര്യം ഓർമ്മ വന്നത്. ഇന്ന് വെള്ളിയാഴ്ച! അതും പതിമൂന്നാം തീയതി!

അവന്റെ ഭയം ഇരട്ടിയായി. തന്റെ മുന്നിൽ നിൽക്കുന്നത് യഥാർത്ഥ മാതാപിതാക്കളാണോ? അതോ മാതാപിതാക്കളുടെ രൂപത്തിൽ എത്തിയ ഏതെങ്കിലും ദുരാത്മാക്കളാണോ?

അവൻ അച്ഛന്റെ കൈ തട്ടിമാറ്റി പിന്നോട്ട് നീങ്ങി. ‘നിങ്ങൾ ആരാണ്? എന്റെ അച്ഛനും അമ്മയും എവിടെ?‘

അച്ഛൻ അവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. ‘മോനേ... എന്താ ഇത്? ഞങ്ങൾ തന്നെയാണ്...‘

അപ്പോഴാണ് അച്ഛന്റെ പിന്നിൽനിന്ന് മറ്റൊരു ശബ്ദം കേട്ടത്. ‘അല്ല മോനേ... അവർ നിന്റെ അച്ഛനും അമ്മയുമല്ല...’ അനിൽ തിരിഞ്ഞുനോക്കി.

മുകളിലെ പടിക്കെട്ടിന്റെ അവസാനത്തെ പടിയിൽ അതേ വെളുത്ത സാരിയുടുത്ത സ്ത്രീ നിൽക്കുന്നു! അവൾ പതുക്കെ കൈ നീട്ടി വിളിച്ചു.‘മോനേ... മുത്തശ്ശിയുടെ അടുത്തേക്ക് വാ...’

അടുത്ത നിമിഷം അവളുടെ മുഖം വീണ്ടും വികൃതമായി. അവളുടെ വായിൽനിന്ന് ഒരു ഭീകരമായ ചിരി പുറത്തുവന്നു. ‘ഇന്ന് നിന്നെ ഞാൻ കൊണ്ടുപോകും...’

അനിലിന്റെ കണ്ണുകൾ നിശ്ചലമായി. വായിൽനിന്ന് ശബ്ദം പുറത്തുവന്നില്ല. അവന്റെ കാലുകൾ തളർന്നു. ഒടുവിൽ ഒരു നിലവിളിയോടെ അവൻ ബോധരഹിതനായി നിലത്തുവീണു.

കണ്ണുതുറന്നപ്പോൾ അനിൽ ആശുപത്രിയിലെ കിടക്കയിലായിരുന്നു. അരികിൽ അച്ഛനും അമ്മയും ഇരിക്കുന്നുണ്ടായിരുന്നു. ‘മോനേ... ഇപ്പോൾ എങ്ങനെയുണ്ട്?‘ അമ്മ സ്നേഹത്തോടെ ചോദിച്ചു.

‘മോനേ, നീ പേടിക്കേണ്ട. ഇന്നലെ രാത്രി പന്ത്രണ്ടരയോടെ അമ്മയും ഞാനും വീട്ടിലെത്തിയപ്പോൾ നീ മുറിയിൽ ബോധരഹിതനായി കിടക്കുകയായിരുന്നു. ഉടനെ ആശുപത്രിയിൽ എത്തിച്ചതാണ്. ഡോക്ടർ പറഞ്ഞത് കടുത്ത ഭയം മൂലമുള്ള ബോധക്ഷയമാണെന്നാണ്.‘അനിൽ ഒന്നും മിണ്ടിയില്ല. (താൻ കണ്ടത് ഒരു സ്വപ്നമായിരുന്നോ, അതോ വെറും തോന്നൽ മാത്രമായിരുന്നോ എന്ന് അനിലിന് തിരിച്ചറിയാനായില്ല.)

Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

BUSINESS NEEDS

Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

PERSONAL NEEDS

Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

emalayalee.com The Weekly

ക്നാനായ കാത്തലിക് വിമൻസ് ഫോറം വെസ്റ്റേൺ ഒന്റാറിയോയ്ക്ക് പുതിയ നേതൃത്വം;

സുജിൽ സാബു തറപ്പേൽ പ്രസിഡന്റ്, അഞ്ജന ആൻ റോബി ഈന്തുംകാട്ടിൽ സെക്രട്ടറി

അനിൽ മറ്റത്തിക്കുന്നേൽ



ലണ്ടൻ (ഒന്റാറിയോ): കാനഡയിലെ ഒന്റാറിയോ പ്രവിശ്യയിലെ ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് വെസ്റ്റേൺ ഒന്റാറിയോയുടെ (KCCWO) പോഷക സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് ഫോറം ഓഫ് വെസ്റ്റേൺ ഒന്റാറിയോയുടെ (KCWFWO) 2026-2028 പ്രവർത്തനകാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

നവംബർ 7 ശനിയാഴ്ച ലണ്ടനിലെ ക്നായി തൊമ്മൻ പാരിഷ് ഹാളിൽ നടന്ന വാർഷിക പൊതുയോഗത്തിലാണ് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തത്. ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് വെസ്റ്റേൺ ഒന്റാറിയോയുടെ 2024-2026 കാലയളവിലെ പ്രസിഡന്റ് ഫെബി തൈക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തോടനുബന്ധിച്ചാണ് വിമൻസ്

ഫോറത്തിന്റെ പുതിയ നേതൃത്വത്തെയും തിരഞ്ഞെടുത്തത്.

പുതിയ ഭരണസമിതിയുടെ പ്രസിഡന്റായി സുജിൽ സാബു തറപ്പേൽ, വൈസ് പ്രസിഡന്റായി ലിപ്സി ജിം തേരകതനാടിയിൽ, സെക്രട്ടറിയായി അഞ്ജന ആൻ റോബി ഈന്തുംകാട്ടിൽ, ജോയിന്റ് സെക്രട്ടറിയായി നീനു ബിനീഷ് എടാട്ട്കാലായിൽ, ട്രഷററായി ആനി ജിയ ജയിംസ് പീടികയിൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

2024-2026 കാലയളവിൽ ജെസ്ലി പുത്തൻപുരയിൽ പ്രസിഡന്റായും സിമി കളമ്പാംകുഴിയിൽ വൈസ് പ്രസിഡന്റായും അഞ്ജന ഈന്തുംകാട്ടിൽ സെക്രട്ടറിയായും ലിസ പെരുമാപ്പാടം ജോയിന്റ് സെക്രട്ടറിയായും ഷീബ മുള്ളൂർ ട്രഷററായും എലിസബത്ത് കോറപ്പിള്ളിൽ ജോയിന്റ് ട്രഷററായും പ്രവർത്തിച്ചിരുന്നു.

കഴിഞ്ഞ രണ്ടു വർഷക്കാലം വിമൻസ് ഫോറത്തിന്റെ വളർച്ചയ്ക്കും വിവിധ സാമൂഹിക, സാംസ്കാരിക, ആത്മീയ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ മുൻ ഭരണസമിതിയിലെ എല്ലാ ഭാരവാഹികളുടെയും സേവനങ്ങളെ പൊതുയോഗത്തിൽ അഭിനന്ദിച്ചു. സംഘടനയുടെ പ്രവർത്തനങ്ങൾക്ക് അവർ നൽകിയ പിന്തുണയ്ക്കും നേതൃത്വത്തിനും അർപ്പണബോധത്തോടെയുള്ള സേവനങ്ങൾക്കും അംഗങ്ങൾ ഹൃദയപൂർവം നന്ദി അറിയിച്ചു.

ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് വെസ്റ്റേൺ ഒന്റാറിയോയുടെ 2026-2028 കാലയളവിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് മനു കോറപ്പിള്ളിൽ, വൈസ് പ്രസിഡന്റ് മെൽവിൻ കൊച്ചനയിൽ, സെക്രട്ടറി ആഷ്ലി അഴകുളം, ജോയിന്റ് സെക്രട്ടറി അരുൺ പ്രാലയിൽ പുത്തൻപുരയ്ക്കൽ, ട്രഷറർ ജിതിൻ ചേരോലിക്കൽ, ജോയിന്റ് ട്രഷറർ ഷിന്റോ സ്റ്റീഫൻ ഉള്ളാട്ടിൽ എന്നിവരുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി വിമൻസ് ഫോറത്തിന്റെ പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേർന്നു.

ദേശീയ കൗൺസിൽ അംഗങ്ങളായ ജോജോ നെടിയകാലായിൽ, ജെബിൻ ചെറുകാട്ടൂർ, കമ്മിറ്റി അംഗങ്ങളായ അജോ കുര്യൻ, നിഖിൽ പുലിവേലിൽ എന്നിവരും പുതിയ വിമൻസ് ഫോറം നേതൃത്വത്തിന് ആശംസകൾ അറിയിച്ചു.

വിമൻസ് ഫോറത്തിന്റെ പുതിയ നേതൃത്വത്തോടൊപ്പം ചേർന്ന് കാനഡയിലെ ക്നാനായ സമുദായത്തിന്റെ ഉന്നമനത്തിനും വളർച്ചയ്ക്കും ഐക്യത്തിനുമായി പ്രവർത്തിക്കുമെന്നും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണങ്ങളും പിന്തുണയും നൽകുമെന്നും ക്നാനായ കാത്തലിക് കോൺഗ്രസ് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

ക്നാനായ സമുദായത്തിന്റെ വിശ്വാസപാരമ്പര്യവും സാംസ്കാരിക തനിമയും കുടുംബമൂല്യങ്ങളും സംരക്ഷിക്കുന്നതിനൊപ്പം വനിതകളുടെ നേതൃത്വപാടവം വളർത്തുന്നതിനും സാമൂഹിക, സാംസ്കാരിക, ആത്മീയ പ്രവർത്തനങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമാണ് വിമൻസ് ഫോറം പ്രാധാന്യം നൽകുന്നത്.

കുടുംബങ്ങൾക്കിടയിലെ സൗഹൃദവും സഹകരണവും ശക്തിപ്പെടുത്തുക, പുതിയ തലമുറയെ സമുദായ പ്രവർത്തനങ്ങളുമായി കൂടുതൽ അടുപ്പിക്കുക, വനിതകൾക്ക് അവരുടെ കഴിവുകളും ആശയങ്ങളും പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ മേഖലകളിലും പുതിയ ഭരണസമിതി ശ്രദ്ധ കേന്ദ്രീകരിക്കും.

വെസ്റ്റേൺ ഒന്റാറിയോയിലെ ക്നാനായ കുടുംബങ്ങളെ ഒരുമിപ്പിക്കുന്നതിലും വിവിധ സാമൂഹിക, സാംസ്കാരിക, ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലും വിമൻസ് ഫോറം ശ്രദ്ധേയമായ പങ്കാണ് വഹിച്ചുവരുന്നത്. കഴിഞ്ഞ ഭരണസമിതിയുടെ പ്രവർത്തനങ്ങളുടെ തുടർച്ചയായി കൂടുതൽ സജീവവും ജനപങ്കാളിത്തമുള്ളതുമായ പരിപാടികൾ സംഘടിപ്പിക്കാനുള്ള പ്രതീക്ഷയിലാണ് പുതിയ നേതൃത്വം.

മാതൃസംഘടനയായ ക്നാനായ കാത്തലിക് കോൺഗ്രസിന്റെയും പോഷക സംഘടനയായ വിമൻസ് ഫോറത്തിന്റെയും പുതിയ ഭരണസമിതികൾ പരസ്പര സഹകരണത്തോടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും മുന്നോട്ടുപോകുന്നത് വെസ്റ്റേൺ ഒന്റാറിയോയിലെ ക്നാനായ സമുദായത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും കൂടുതൽ കരുത്തുപകരുമെന്നാണ് പ്രതീക്ഷ.

ഫൊക്കാന എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് അപ്പുക്കുട്ടൻ പിള്ള മത്സരിക്കുന്നു

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ (FOKANA - Federation of Kerala Associations in North America) 2028 – 2030 കാലയളവിലേക്കുള്ള ഭരണസമിതി തിരഞ്ഞെടുപ്പിൽ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പ്രമുഖ പ്രവാസി മലയാളി സാമൂഹിക-സാംസ്കാരിക സംഘാടകനായ അപ്പുക്കുട്ടൻ പിള്ള (അപ്പു പിള്ള) മത്സരിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യത്തിനും സംഘടനാ വളർച്ചയ്ക്കും കലാ-സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിനുമായി പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന അദ്ദേഹം, പ്രവാസി സംഘടനാ രംഗത്തെ പരിചയവും നേതൃത്വപരമായ പ്രവർത്തനങ്ങളും മുൻനിർത്തിയാണ് എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത്.

ഫൊക്കാനയുടെ ആരംഭകാലം മുതൽ സംഘടനയുടെ വളർച്ചയിൽ പങ്കാളിയായ അപ്പുക്കുട്ടൻ പിള്ള, ഫൊക്കാനയുടെ പ്രഥമ കൺവെൻഷൻ സംഘാടകരിൽ ഒരാളായിരുന്നു. ഫൊക്കാനയുടെ ആരംഭകാലം മുതൽ അംഗമായും എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായും മറ്റ് നിരവധി പദവികളിലും അസോസിയേറ്റ് ജോയിന്റ് സെക്രട്ടറിയായും അസോസിയേറ്റ് ട്രഷററായും സേവനമനുഷ്ഠിച്ച അദ്ദേഹം, ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നേതൃത്വം നൽകി. ന്യൂയോർക്കിലെ കേരള കൾച്ചറൽ



അസോസിയേഷന്റെ (KCA) സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം നാലു പതിറ്റാണ്ടിലേറെയായി സംഘടനയിൽ സജീവമാണ്. കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (KHNA), വേൾഡ് മലയാളി കൗൺസിൽ, മലയാളി അസോസിയേഷൻ തുടങ്ങി നിരവധി പ്രവാസി സംഘടനകളിലും വിവിധ നേതൃത്വപരമായ ചുമതലകൾ വഹിച്ചിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ ഓണാഘോഷങ്ങളിൽ തുടർച്ചയായി അരനൂറ്റാണ്ടോളം മാവേലിയുടെ വേഷം അണിഞ്ഞ് ശ്രദ്ധേയനായ അപ്പുക്കുട്ടൻ പിള്ള, ഈ രംഗത്തെ വ്യത്യസ്തമായ പ്രവർത്തനത്തിലൂടെ ഗിന്നസ് റെക്കോർഡിലും ഇടം നേടിയിട്ടുണ്ട്. ചെറുപ്പം മുതൽ നാടകത്തിലും അഭിനയത്തിലും താൽപര്യം പുലർത്തിയ അദ്ദേഹം എൻ. എൻ. പിള്ളയുടെ 'ഗറില്ല' ഉൾപ്പെടെയുള്ള നാടകങ്ങളിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചു. 'അവർക്കൊപ്പം' എന്ന അമേരിക്കൻ മലയാളി സിനിമയിലും അഭിനയിച്ചിട്ടുള്ള അദ്ദേഹം, 'മുല്ലമൊട്ടും മുന്തിരിച്ചാറും', 'സ്വർണം', 'കാഞ്ചിപുരത്തെ കല്യാണം' എന്നീ സിനിമകളുടെ നിർമ്മാണത്തിലും പങ്കാളിയായി. കലാരംഗത്തെ ഈ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ സാംസ്കാരിക താൽപര്യത്തിന്റെയും മലയാളത്തോടുള്ള അടുപ്പത്തിന്റെയും പ്രതിഫലനമാണ്.

പ്രവാസി മലയാളികളുടെ പുതുതലമുറയ്ക്ക് കേരളത്തിന്റെ തനത് കലാരൂപങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'ഫ്രണ്ട്സ് ഓഫ് കേരള' എന്ന ചെണ്ടമേള ഗ്രൂപ്പും അദ്ദേഹം രൂപീകരിച്ചു. കുട്ടികൾക്കും യുവാക്കൾക്കും ചെണ്ടമേള പരിശീലനം നൽകുന്നതിലൂടെ കേരളത്തിന്റെ കലാ-സാംസ്കാരിക പൈതൃകം അമേരിക്കൻ മലയാളി സമൂഹത്തിൽ നിലനിർത്താനുള്ള ശ്രമത്തിലാണ് അദ്ദേഹം.



യു.എസ്. പോസ്റ്റൽ സർവീസിൽ 32 വർഷത്തെ സേവനത്തിനുശേഷം ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ച അപ്പുക്കുട്ടൻ പിള്ള, തുടർന്നും സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി തുടരുകയാണ്.

സംഘടനാ പ്രവർത്തനങ്ങളിലെ ദീർഘകാല പരിചയം, കലാ-സാംസ്കാരിക രംഗത്തെ സംഭാവനകൾ, വിവിധ പ്രവാസി സംഘടനകളുമായുള്ള ബന്ധം എന്നിവയാണ് അപ്പുക്കുട്ടൻ പിള്ളയുടെ പ്രവർത്തനങ്ങളുടെ പ്രധാന സവിശേഷതകൾ. അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും സംഘടനാ വളർച്ചയും സാംസ്കാരിക പൈതൃക സംരക്ഷണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അദ്ദേഹം, ഫൊക്കാനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള മത്സരത്തിലൂടെ സംഘടനാ രംഗത്ത് കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ശ്രമത്തിലാണ്.

ഫൊക്കാനയുടെ നാളിതു വരെയുള്ള പ്രവർത്തനങ്ങളിൽ സജീവ പ്രവർത്തകനായി തുടരുന്ന അപ്പു പിള്ള ഫൊക്കാന ടുഡേ, ഫൊക്കാന സുവനീർ എന്നിവയുടെ പരസ്യ വിഭാഗങ്ങളിൽ മികച്ച സേവനം കാഴ്ച വെച്ചിട്ടുണ്ട്.

ഒരു ഒരു സംഘടനയുടെ വളർച്ചയ്ക്ക് ഒപ്പം തനിക്കാവുന്ന സഹായങ്ങൾ ചെയ്യുകയും ആ സംഘടനയെ വളർത്തുകയും ചെയ്യുകയാണ് തന്റെ ലക്ഷ്യമെന്ന് അപ്പു പിള്ള പറഞ്ഞു. 2026 - 2028 കാലയളവിൽ അസ്സോസിയേറ്റ് ട്രഷറർ ആയി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം കേരളാ കൺവൻഷന്റെ വിജയത്തിനായുള്ള പ്രവർത്തനത്തിലാണിപ്പോൾ.

ബാജി ഓടംവേലിയുടെ പുസ്തക പരിചയം 50 ലക്കം പിന്നിട്ടു



ഇമലയാളി ഓൺലൈൻ പത്രത്തിലും, ഇമലയാളി വീക്കിലിയിലും തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പുസ്തക പരിചയം എന്ന സ്ഥിരം പക്തി അൻപത് ലക്കം പിന്നിട്ടിരിക്കുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയുമാണ് ഈ പക്തിയിലൂടെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

അമേരിക്കയിലെ മുഴുവൻ എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയും പരിചയപ്പെടുത്തുക എന്ന ശ്രമകരമായ ചരിത്ര ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ബാജി ഓടംവേലിയെ അക്ഷരവേദി

പ്രവർത്തകർ അനുമോദിച്ചു.

ഈ പക്തിയിലൂടെ പുസ്തകം പരിചയപ്പെടുത്താൻ താത്പര്യപ്പെടുന്നവർ Baji Odamveli, 9913 Moccasin Creek Ln, McKinney, Texas, 75071, Tel : 915 613 6566 എന്ന വിലാസത്തിലേക്ക് പുസ്തകത്തിന്റെ ഓരോ കോപ്പി അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആദ്യം പ്രസിദ്ധീകരിച്ച മുപ്പതെണ്ണം ചേർത്ത് 'അമേരിക്കൻ മലയാളി എഴുത്തിനെ എഴുത്തുകാരെ അറിയാം' എന്ന ഒന്നാം ഭാഗം പുസ്തക രൂപത്തിലും പ്രസിദ്ധീകരിച്ചു. പത്തനംതിട്ടയിൽ നിന്നുള്ള സാഹിതി പബ്ളിക്കേഷൻസാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

1. അബ്ദുൾ പുന്നയൂർക്കുളം - പറക്കുംപക്ഷിയെ പ്രണയിക്കുന്നവർ (നോവൽ), 2. അഭിനാഷ് തുണ്ടുമണ്ണിൽ - പരന്ത്രീസ് കുഴൽ (നോവൽ), 3. ആമ്പഴയ്ക്കാട്ട് ശങ്കരൻ - കൊടുക്കാക്കടം (കഥാസമാഹാരം), 4. എബ്രഹാം തോമസ് - അമേരിക്കൻ നേർക്കാഴ്ചകൾ (ലേഖനസമാഹാരം), 5. എസ്. അനിലാൽ - ഫിത്ർ സകാത്ത് (കഥാസമാഹാരം), 6. എ. സി. ജോർജ്ജ് - പാളങ്ങൾ (നോവൽ), 7. മാടശ്ശേരി നീലകണ്ഠൻ - പ്രപഞ്ചലോട്ടറി (കവിതാസമാഹാരം), 8. കെ. വി. പ്രവീൺ - ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല (കഥാസമാഹാരം), 9. ജെ. മാത്യൂസ് - മുൻപേ നടന്നവർ (അവതാരിക, കഥ, കവിത, ലേഖനം), 10. ജേ സി ജെ (ജേക്കബ് ജോൺ) - സഹ്യപുത്രി (കവിതാസമാഹാരം),

11. ജോസ് ഓച്ചാലിൽ - പറുദീസയിലെ ചക്രവാകപ്പക്ഷികൾ (കഥാസമാഹാരം), 12. ജോസഫ് നമ്പിമഠം - നടക്കാനിറങ്ങിയ കവിത (കവിതാസമാഹാരം), 13. ജോൺ ഇളമത - ജീവിക്കാൻ മറന്നുപോയവർ (നോവൽ), 14. ജോൺ മാത്യു - കളിപ്പാട്ടം (കഥാസമാഹാരം), 15. ജോർജ് വർഗീസ് (ജയൻ) - വചനം ധ്യാനം ഗാനം (ലേഖനങ്ങൾ/ഗാനം), 16. തമ്പി ആന്റണി - ഡോഗ് വാക്കർ (കഥാസമാഹാരം), 17. തെക്കന്മാർ (രാജേഷ് തെക്കന്മാർ) - പാപം ചെയ്യാത്തവർ കല്ലെറിയട്ടെ (കഥാസമാഹാരം), 18. ബാബു പാറയ്ക്കൽ - റെയിൽ ചക്രങ്ങൾ (കഥാസമാഹാരം), 19. ബിജോ ജോസ് ചെമ്മാന്ത്ര - ബോൺസായി മരത്തണലിലെ ഗിനിപ്പന്നികൾ (കഥാസമാഹാരം), 20. ബെന്നി കുര്യൻ - അമേരിക്കൻ കഥക്കൂട്ടം (കഥാസമാഹാരം - എഡിറ്റർ),

21. മനോ ജേക്കബ് - ഒരു പിരിയൻ ഗോവണി (ആത്മകഥ), 22. മനോഹർ തോമസ് - കിളിമഞ്ജാരോയിൽ മഴ പെയ്യുമ്പോൾ (കഥാസമാഹാരം), 23. മാലിനി (നിർമ്മല ജോസഫ്) - നൈജൽ (കഥാസമാഹാരം), 24. രാജു തരകൻ - ഇടയകന്യക - (ലേഖനസമാഹാരം), 25. രാജു മൈലപ്രാ - അറുപതിൽ അറുപത്. (ലേഖനം/കഥ), 26. വേണുഗോപാലൻ കോക്കോടൻ - കൂത്താണ്ടവർ (നോവൽ), 27. ഷാജു ജോൺ - കോർമ്പൽ (കവിതാസമാഹാരം), 28. സന്തോഷ് പാല - കാറ്റു വീശുന്നിടം (കവിതാസമാഹാരം), 29. സാംജീവ് (സാമുവേൽ ഗീവർഗീസ്) - നിധി (കഥാസമാഹാരം), 30. സാംസി കൊടുമൺ - വെനീസിലെ പെൺകുട്ടി (കഥാസമാഹാരം)

31. സാംജീവ് - കഥ പറയുന്ന കല്ലുകൾ (സഞ്ചാരസാഹിത്യം), 33. ഉഷ നായർ - ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ (കവിതാസമാഹാരം), 34. സോയ നായർ - 100 പോസിറ്റീവ് ടാബ്ലറ്റ്സ് (കുറിപ്പുകൾ), 35. ബിന്ദു ടിജി - നിശ്ശബ്ദ ദൂരങ്ങൾ (കവിതാസമാഹാരം), 36. റഹിമാബി മൊയ്തീൻ - വെയിൽ ചായും നേരം (ഓർമ്മക്കുറിപ്പുകൾ), 37. ജോസ് ചെരിപ്പുറം - അളിയന്റെ പടവലങ്ങ (ഹാസ്യസാഹിത്യം), 38. നസ്രേത്തിൽ ജോസ് വർഗ്ഗീസ് - സീതാചക്രം (കവിതാസമാഹാരം), 39. ഫിലിപ്പ് തോമസ് - രാമഴവില്ല് (കഥാസമാഹാരം), 40. ഉമ - ഡാഫോഡിൽസ് പൂക്കും കാലം (കഥാസമാഹാരം),

41. തെരേസാ ടോം - തെരേസാ ടോമിന്റെ കവിതകൾ (കവിതാസമാഹാരം), 42. ജയൻ കെ. സി. - പച്ചയ്ക്ക് (കവിതാസമാഹാരം), 43. സിനി പണിക്കർ - യാനം സീതായനം (നോവൽ), 44. സജി മാടപ്പാട്ട് - ചിറക്കൽ പെരുങ്കളിയാട്ടം (പഠനഗവേഷണ ഗ്രന്ഥം), 45. എം. പി. ഷീല - മൂന്നാമൂഴം (നോവൽ), 46. ജേക്കബ് തോമസ് വിളയിൽ - പത്രോസിന്റെ വാൾ (നാടകം), 47. രതീദേവി - അടിമവംശം (കഥാസമാഹാരം), 48. കോരസൺ - പ്രവാസിയുടെ നേരും നോവും (ലേഖനസമാഹാരം), 49. ഡോ. സുകുമാർ കാനഡ - ഞാനതിൽ രസികനേകൻ (കവിതകൾ), 50. ഡോണ മയൂര - നീല മൂങ്ങ (കവിതകൾ), എന്നീ അൻപത് അമേരിക്കൻ മലയാളി എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയുമാണ് പരിചയപ്പെടുത്തിയിരിക്കുന്നത്.

ബാജി ഓടംവേലി, ഡാളസ് കേരള ലിറ്ററി സൊസൈറ്റിയുടെ സെക്രട്ടറിയായും, അക്ഷരവേദിയുടെ രക്ഷാധികാരിയായും പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾ ബാജി ഓടംവേലിയിൽ 915 613 6566 നിന്നും ലഭിക്കും. email :- bajikzy@yahoo.com

emalayalee.com

GREAT NEWS!

Now You Can INSTANTLY PLACE YOUR ADVT or BOOK YOUR AD SPACE on eMalayalee.com

Just Click

eMalayalee.com/Advertise

പുസ്തക പരിചയം 50

നീല മൂങ്ങ

(കവിതകൾ)



പുസ്തക പരിചയം
തയ്യാറാക്കിയത് :
ബാജി ഓടംവേലി, ഡാലസ്



മലയാളത്തിലും ഇംഗ്ലീഷിലും ഒരു പോലെ എഴുതുന്ന പ്രമുഖയായ ഒരു കവയിത്രിയും എഴുത്തുകാരിയും ചിത്രകാരിയും കാലിഗ്രാഫിസ്റ്റുമാണ് ഡോണ മയൂര. ഡോണയുടെ കവിതകൾ മാത്രമല്ല, ദൃശ്യകവിതകളും (Visual poetry) പരീക്ഷണാത്മക കവിതകളും ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഈ കവിതകൾ വിവിധ സർവ്വകലാശാലകളിൽ പഠനവിഷയമായിട്ടുണ്ട്. പ്രസിദ്ധീകരിച്ച് ഒന്നരമാസത്തിനുള്ളിൽ രണ്ടാം പതിപ്പിലേക്കെത്തിയ കവിതാസമാഹാരമാണ് നീല മൂങ്ങ.

പ്രകൃതിയിലുള്ള മൂങ്ങകൾ സാധാരണയായി തവിട്ട്, ചാരനിറം, കറുപ്പ്, വെള്ള, ഇളംമഞ്ഞ തുടങ്ങിയ നിറങ്ങളിലാണ് കാണപ്പെടുന്നത്. കാടുകളിലും രാത്രി കാലങ്ങളിലും ശത്രുക്കളിൽ നിന്ന് ഒളിച്ചിരിക്കാൻ ഈ നിറങ്ങളാണ് അവയെ സഹായിക്കുന്നത്. ബിജു മേനോൻ നായകനായി അഭിനയിച്ച 'വെള്ളിമൂങ്ങ' എന്ന സിനിമ ഹിറ്റായപ്പോൾ മുതലാണ് ഭാഗ്യം കൊണ്ടുവരുമെന്ന് വിശ്വസിക്കുന്ന വെള്ളിമൂങ്ങയെ എല്ലാവരും തിരഞ്ഞു തുടങ്ങിയത്. സാധാരണ മൂങ്ങകളെ അമംഗളസൂചകമായി കാണുന്നവരുണ്ടെങ്കിലും, വെള്ളിമൂങ്ങയുമായി ബന്ധപ്പെട്ട് നിരവധി നല്ല വിശ്വാസങ്ങളുണ്ട്.

ഇത് നീല മൂങ്ങയാണ്. യഥാർത്ഥ പ്രകൃതിയിൽ നീല നിറമുള്ള മൂങ്ങകൾ (Blue Owls) ജീവനോടെ നിലവിലില്ല. അപൂർവ്വ ഇനം 'നീല മൂങ്ങ' എന്ന പേരിൽ പല ചിത്രങ്ങളും ഇന്റർനെറ്റിൽ പ്രചരിക്കാറുണ്ട്. എന്നാൽ ഇവയെല്ലാം സാധാരണ മൂങ്ങകളുടെ ചിത്രങ്ങളിൽ എഡിറ്റിംഗ് നടത്തി നീല നിറമാക്കിയതാണ്.

നീല മൂങ്ങ എന്ന പേരിൽ ഒരു കവിതാസമാഹാരവും ആ പേര് പറഞ്ഞാൽ ഓർമ്മ വരുന്ന ഒരു കവിയിത്രിയും ഉണ്ടെന്നുള്ള കാര്യം ഉറപ്പാണ്. ബ്ലോഗുകളുടെ സുവർണ്ണകാലം മുതൽ ബൂലോകത്ത് (Boolokam) മുഴങ്ങിക്കേട്ടു തുടങ്ങിയതാണ് നീലമൂങ്ങയുടെ ശബ്ദം. ഒരു വ്യക്തിയെ ഒരു വാക്ക് പൂർണ്ണമായി റീപ്ലേസ് ചെയ്തോ എന്ന് സംശയിക്കുമാറ് അത് കവിതയായോ കവിയായോ മനസ്സിൽ ഉറച്ചു.

'മൗനത്തിലേക്ക് വാക്കുകൾ കൊത്തിയിടീക്കുന്ന കാകസമനിമിഷങ്ങൾക്കാണ്' ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. ആദ്യ കവിതയായ 'പ്രചോദനം' വാക്കുകളുടെ ശക്തിയേക്കുറിച്ച്, പ്രചോദനാത്മകമായ വാക്കുകളുടെ ശക്തിയേക്കുറിച്ച് അടിവരയിടുന്നു. 'കല്ലെട് തുമ്പീ.., കല്ലെട് തുമ്പി.. എന്നാർത്തു വിളിക്കുന്നതിനു പകരം കന്മദം കണ്ടെട് തുമ്പീ..., എന്ന് തിരുത്തി ചൊല്ലിയപ്പോൾ ഭൂമിയെ പോലും എടുത്തു പൊക്കുന്ന തുമ്പിയെ നമുക്ക് കവിത കാട്ടിത്തരുന്നു.

'ഒരു സ്വപ്നം ഡിലീറ്റ് ചെയ്യുന്നു' എന്ന കവിത സൈബറിടത്തിലെ ക്ഷണികമായ ജീവിതമാണ് പറയുന്നത്.

'വീടിനുപിന്നിൽ തൊടിയില്ലാത്തതിനാൽ
തെരുവുകളിൽ നടക്കാനിറങ്ങുന്ന
വീടിന്റെ ഭാഷയില്ലാത്തതിനാൽ
ദേശമില്ലാതെ അലയുന്ന
വീടിനുള്ളിൽ
വാക്കില്ലാത്തതിനാൽ
അക്ഷരങ്ങൾ
വറ്റിപ്പോയ എന്നോട്
എന്നെഴുതി അയച്ചതിനു
പിന്നാലെ
ഒരു ഈമെയിൽ അക്കൗണ്ട്
ഡിലീറ്റ് ചെയ്യുമ്പോലെ
ആ സങ്കടം ഡിലീറ്റ് ചെയ്തു'

വീടിന്റെ മേൽവിലാസത്തിൽ നിന്നും ഈമെയിൽ വിലാസത്തിലേക്കുള്ള മാറ്റം; ദേശം, വീട്, ഭാഷ എന്നിവയുടെ തിരസ്ക്കാരത്തിലേക്കാണ് വഴിയൊരുക്കിയത്. ജീവിതം എപ്പോൾ വേണമെങ്കിലും ഡിലീറ്റ് ചെയ്യാവുന്ന വ്യവഹാരമാകുന്നു.

'നീല മൂങ്ങ' എന്ന കവിതയിൽ 'മഴയത്ത്, തിളയ്ക്കുന്ന എണ്ണയിൽ പൊട്ടാൻ മടിച്ചു കിടക്കുന്ന കള്ള കടുകുമണികൾ പോലെയാണ് നമ്മളെന്നും, മഴയത്ത് തിളയ്ക്കുന്ന എണ്ണയിലേക്ക് ചീന്തിയിട്ട കാന്താരിമുളകിന്റെ അരികൾ പോലെയാണ് നമ്മളെന്നും' പറയുന്നുണ്ട്. തുടർന്ന് നമ്മളെങ്ങനെ നീല മൂങ്ങയായി എന്നും പറയുന്നു.

'രാത്രി
പുരാതനമായ
ഏതോ കരയിൽ നിന്നും
പെരുങ്കാറ്റും താണ്ടി,
നിലാവ് നീലിപ്പിച്ച
വെള്ളിത്തൂവലുകളും
വീശി വന്ന
നീലമൂങ്ങയെപോലെ നമ്മൾ!'

'ഓറഞ്ചുകാരൻ' എന്ന കവിത വിയറ്റ്നാമിലും ജപ്പാനിലും മറ്റ് ലോകരാജ്യങ്ങളിലും അമേരിക്ക നടത്തിയ ഇടപെടലുകളെക്കുറിച്ചുള്ളതാണ്. ഈ കവിതകളിലെ വാമൊഴി വഴക്കം വാക്കുകളിൽ നിന്നും ഉയർന്നു പൊങ്ങി പക്കാ



രാഷ്ട്രീയവിചാരമായി ഒഴുകുന്നത് കാണാം.

‘നിങ്ങ നിങ്ങടെ ആളോളെ
തല്ല്യേ കൊല്ല്യേ തൊഴിക്ക്യേ
വെടിവെച്ചോ കുഴിച്ചിട്ടോ
തൂക്കികൊല്ല്യേ ഒക്കെ ചെയ്തോ
നുമ്മ ചെർത്തായിട്ട്
വളരെ ചെർത്തായിട്ടേ
(ഏയ് ചെർത്താവ്യേ) എടപെടൂ...’

ഡോണ മയൂരയുടെ അഭിപ്രായത്തിൽ ഓരോ മനുഷ്യരും ഒട്ടനവധി കവിതകളാണ്. അതിൽ ഓരോന്നും സങ്കീർണമായ കവിതകളുമാണ്. സങ്കീർണം എന്ന് പറയുമ്പോൾ മനസിലാവായ്മയല്ല. മനസിലാക്കാൻ പ്രാപ്തമായവർ മനസിലാക്കിയാൽ മതി എന്ന നിലപാടുള്ള കവിതകൾ. വിഷയവും അനുഭവവും ഒന്നായാൽ പോലും, ഓരോ കവിയും എഴുതുന്ന കവിതകൾ മറ്റൊരാൾക്ക് എഴുതാൻ കഴിയാത്തവയാണ്.

വിഷയ സ്വീകരണത്തിലെ വ്യത്യസ്തതയും ഭാവുകത്വവും പുതുമകളും കൊണ്ടാണ് ഡോണ ശ്രദ്ധേയയായി തീരുന്നത്. ലോക സാഹിത്യത്തിലെ പുത്തൻ രീതികളെ പരിചയപ്പെടുത്തുന്നതോടൊപ്പം കവിതകളിൽ അനായാസമായി അത് ചേർത്ത് വയ്ക്കുന്നതിലും ഈ കവി വിജയം കണ്ടിട്ടുണ്ട്.

മറ്റ് ഭാഷകളിലേക്ക് നോക്കുമ്പോൾ ഡ്രോൺ ഉപയോഗിച്ച് സിങ്ക്രനൈസ് ചെയ്ത് എയറിലും, ക്യൂ ആർ കോഡിലുമെല്ലാം കവിതകൾ വരുന്നു. അതു കൂടാതെ സെനോ ടെക്സ്റ്റ് (The Xenotext), ലോകത്തിലെ തന്നെ ആദ്യത്തെ ‘ലിവിങ്ങ് പൊയം’, കവിതയെഴുതുന്ന ബാക്ടീരിയ പേലുള്ള കവിതകൾ ഭാഷയുമായി ഇടപെടുന്നു. കവിത ആരുടെയും നിർവചനങ്ങൾക്കുള്ളിൽ ഒതുക്കി നിർത്താവുന്ന കാലമല്ല ഇതെന്ന് കവി വിശ്വസിക്കുന്നു.



എപ്പോഴും കവിതയെന്നത് അനുഭവം മാത്രമല്ല, സിമ്പതി, എമ്പതി എന്ന തലങ്ങളും അതിനുണ്ട്. അതിനൊരു തോട്ട് പ്രോസസ്സ് ഉണ്ട്, അത് ഐറ്റ് റേറ്റ് ചെയ്തു കൊണ്ട് വരുന്ന വരികളുടെ അടരുകളിൽ മെറ്റഫറുകളായി ഉൾക്കൊള്ളിക്കാനാണ് കവിക്കിഷ്ടം. വിവിധ വീക്ഷണകോണുകളുള്ള കവിതകളിലും ദൃശ്യങ്ങളിലുമാണ് കവിക്ക് താല്പര്യം. അവിടെ ലോജിക്കും സയൻസും ജിയോമെട്രിയും എല്ലാം കടന്നു വരുന്നുണ്ട്. ഡോണയുടെ കവിതകൾ വിവിധരീതികളിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. അതിൽ വാക്കും വരകളുമുണ്ട്. വരയ്ക്കാൻ ടെക്നോളജിയേയും കൂട്ടുപിടിക്കുന്നു. ഏതൊക്കെ സാധ്യതകളിൽ കൂടി കവിതയെഴുതാൻ കഴിയുമെന്ന നിരന്തരമായ അന്വേഷണവും നടത്തുന്നു.

ഒറ്റ കവിതയിൽ ഒതുക്കാൻ കഴിയുന്ന ഒരു ഹൃദയമല്ല തന്റേതെന്ന് കവി തന്നെ

പറയുന്നു. ചില കവിതകളിൽ ഹൃദയത്തിന്റെ എക്സ്റെ, മറ്റ് ചിലതിൽ എം.ആർ.ഐ, ചിലത് ബൈപ്പാസ് സർജറികളോ ട്രാൻ സ്പ്ലാന്റുകളോ ആണ്. ചിലത് കോഡ് ബ്ലൂവിലേക്ക് പോയവ, മറ്റു ചിലത് സി.പി.ആറിൽ, ചി ലത് മിനിറ്റിൽ 60 ൽ താഴെ പോ യത്, മറ്റു ചിലത് 100 നും മുകളി ലേക്ക് കുതിച്ചത് എന്ന് കവി വി ശദീകരിക്കുന്നു.

ഭാഷകൾ തമ്മിലുള്ള അതി രുകൾ എങ്ങനെ ഭേദിക്കാമെന്ന ആലോചനയുടെ തുടർച്ചയായി ടെക്സ്റ്റ് കവിതകളിൽ നിന്നും വിഷ്വൽ കവിതകളിലേക്ക് ആവി ഷ്ക്കാരങ്ങളെ വിപുലപ്പെടുത്താ നുള്ള ശ്രമങ്ങളിൽ കവി വിജ യിക്കുകയും അതിൽ തുടർന്നും റിസർച്ച് ചെയ്യുകയും ചെയ്തു കൊണ്ടേയിരിക്കുന്നു.

'ചെകിളപ്പൂക്കളിലെ അവ സാന ജലശില്പം' എന്ന പേ രിൽ ഡോ. സി. ആർ. പ്രസാദ് എഴുതിയ പഠനത്തിൽ ഈ കവി തകളെ ഓർമ്മകളുടെയും വിഭ്രമ ത്തിന്റെയും വരകളും കുറികളും കൊണ്ട് ജീവിതക്കാഴ്ചയുണ്ടാ ക്കാൻ ശ്രമിക്കുന്ന കാലിഡോ സ്ക്കോപ്പ് കവിതകൾ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഡോ ണയുടെ കവിതയോടൊപ്പം വാ യനക്കാരും സഹസൃഷ്ടാക്കളായി ചേർന്നെങ്കിലേ കവിത പൂർണ്ണമാ വുകയുള്ളൂ.

ഈ പുസ്തകത്തിലെ ക വിതകളെ പറ്റി മേതിൽ പലപ്പോ ഴായി എഴുതിയ കത്തുകളിൽ ചിലതും ഈ സമാഹാരത്തിൽ ആമുഖമായി ചേർത്തിട്ടുണ്ട്. 'ക വിത സംസാരവിഷയമാകുന്നു, പൊതു ഇടത്തിലെ കവി' എന്ന പേരിൽ കരുണാകരന്റെ പഠനക്കു റിപ്പും അനുബന്ധമായി ചേർത്തി ട്ടുണ്ട്. ഇൻസൈറ്റ് പബ്ലിക്കയാണ് 122 പേജുകളുള്ള 67 കവിതകളു ടെ ഈ പുസ്തകം പ്രസിദ്ധീക രിച്ചിരിക്കുന്നത്. വില 150 രൂപ.

ഡോണ മയൂര



തിരുവനന്തപുരം ജില്ലയിലെ ആറാംന്താനത്ത് ജനനം. കമ്പ്യൂട്ടർ സയൻസിൽ ബിരുദം. 1999 മുതൽ അമേരിക്കയിലെ പല നഗരങ്ങളിലായി പ്രവാസം. ഇപ്പോൾ കണക്ടിക്കട്ടിൽ (Connecticut) ആണ് താമസം. 2016 വരെ എഴുതിയ ചില കവിതകൾ മാത്രമേ നീലമൂങ്ങ യിലും ഉൾപ്പെടുത്തിയുള്ളൂ. അതിനു ശേഷം എഴുതിയവ ശേഖരിക്കപ്പെട്ടിട്ടില്ല. അത് ഓൺ ലൈനിലും ആനുകാലികങ്ങളി ലുമായി ചിതറിക്കിടക്കുകയാണ്. 'ഹൃദയം കൊണ്ട് ആപ്പിൾ മുറി ക്കുന്ന പെൺകുട്ടി' എന്ന കവിത കഴിഞ്ഞയാഴ്ച്ച മാധ്യമം ആഴ്ച്ച പ്പതിപ്പിൽ പ്രസിദ്ധീകരിച്ചു വന്നി രുന്നു.

ആദ്യ കവിത 1998 ൽ അച്ച ടിച്ച് വന്നു. ഐസ് ക്യൂബുകൾ (2012), നീലമൂങ്ങ (2019) എന്നി വയാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച മലയാളം കവി താസമാഹാരങ്ങൾ. ഉമ്മപ്പോര്/ Kiss Skulduggery (2021) എന്ന മലയാളത്തിലും ഇംഗ്ലീഷിലു മായി എഴുതിയ കവിതകളും ദൃശ്യകവിതകളും ഉൾപ്പെടുന്ന പ്രത്യേക പതിപ്പ് ചാപ്ബുക്ക് (Chapbook) പ്രസിദ്ധീകരിച്ചു. Listening To Red (2018), Echoes (2019), Language Lines & Poetry (2020) എന്നിവ സ്വീഡനിൽ നിന്നും ടിംഗ്ലാസെറ്റ് എഡിഷൻസ് (Timglaset Editions) പ്രസിദ്ധീക രിച്ചിച്ചു. Ritu | Seaosn (2022) കാനഡയിൽ നിന്നും പ്രസിദ്ധീക രിച്ചു.

വാക്കുകൾക്ക് അപ്പുറമുള്ള ദൃശ്യരൂപങ്ങളിലൂടെയുള്ള ക വിതകളും 'കാലിഗ്രാഫി സ്റ്റോ റീസും' (Calligraphy Stories) രചിക്കുന്നതിൽ ശ്രദ്ധേയയാണ്. സ്വീഡൻ, കാനഡ, ഇറ്റലി, സ്പെ യിൻ, പോർച്ചുഗൽ, പോളണ്ട്, യു.എസ്.എ തുടങ്ങി ഒട്ടനവധി രാജ്യങ്ങളിൽ ഇന്റർനാഷണൽ എക്സിബിഷനുകളിൽ ഇവർ ദൃശ്യകവിതകൾ പ്രദർശിപ്പിച്ചിട്ടു ണ്ട്. ഫ്രഞ്ച്, ജർമ്മൻ ഉൾപ്പെടെ എട്ടു ഭാഷകളിലേക്ക് കവിതകൾ പരിഭാഷപ്പെട്ടിട്ടുണ്ട്. നിരവധി അ വാർഡുകൾ തേടിയെത്തിയിട്ടു ണ്ട്.

ഇമെയിൽ :- donamayoora@gmail.com

ഫൊക്കാനയുടെ ഭാഷക്കൊരു ഡോളർ പുരസ്കാരം 2026 കേരളസർവകലാശാല അപേക്ഷകൾ ക്ഷണിക്കുന്നു



ജിജി റ്റോം

ഫൊക്കാന പി. ആർ. ഓ.

ന്യൂയോർക്ക്. കേരള സർവകലാശാലയും അ മേരിക്കൻ മലയാളി സം ഘടനകളുടെ ഫെഡറേ ഷനായ ഫൊക്കാനയും (FOKANA) സംയുക്തമാ യി ഏർപ്പെടുത്തിയിരി ക്കുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തി ന് കേരള സർവകലാശാ ല അപേക്ഷകൾ ക്ഷണി ക്കുന്നതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

മലയാള ഭാഷയിലും സാ ഹിത്യത്തിലും മികച്ച ഗവേഷണം നടത്തിയ ഗവേഷകരെ ആദരിക്കു ന്നതിനായി ഏർപ്പെടു ത്തിയിരിക്കുന്ന ഈ പുര സ്കാരം, മികച്ച പി.എച്ച്. ഡി. പ്രബന്ധത്തിനാണ് നൽകുന്നത്.

പുരസ്കാരങ്ങൾ –

50,000 രൂപയുടെ ക്യാഷ് അവാർഡ്. പ്രശസ്തിപത്രവും ഫലകവും.
പ്രബന്ധത്തിന്റെ ഗവേഷണ മാർഗദർശിക്ക് 5,000 രൂപ.

പുരസ്കാരത്തിന് അർഹമാകുന്ന ഗവേഷണ പ്രബന്ധം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും.

അപേക്ഷിക്കാനുള്ള യോഗ്യത – 2024 ഡിസംബർ 1 മുതൽ 2026 നവംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽനിന്ന് മലയാള ഭാഷയിലും സാഹിത്യത്തിലും പി.എച്ച്.ഡി. ബിരുദം നേടിയവർക്ക് അപേക്ഷിക്കാം.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി – 2026 ഡിസംബർ 5, വൈകിട്ട് 5 മണി.

അപേക്ഷ അയക്കേണ്ട വിലാസം –

രജിസ്ട്രാർ,
കേരള സർവകലാശാല,
പാളയം, തിരുവനന്തപുരം
695034.

ഫൊക്കാനയുടെ ആരംഭകാലം മുതൽ തന്നെ ആരംഭിച്ച ഭാഷക്കൊരു ഡോളർ സംരംഭം, മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും, അനേക സാഹിത്യകാരന്മാരെ ആദരിക്കുന്നതിനും മുഖാന്തിരമായിട്ടുണ്ട്.

ഫൊക്കാനയുടെ കേരള കൺവെൻഷൻ ചെയർമാൻ കൂടിയായ ജോർജി വർഗീസ് ആണ് ഭാഷക്കൊരു ഡോളർ ഏകോപന സമിതിയുടെ കൺവീനർ ആയി പ്രവർത്തിക്കുന്നത്.

ഫൊക്കാനയുടെ എക്സിക്യൂട്ടീവ്, നാഷണൽ കമ്മിറ്റിയും ബോർഡ് ഓഫ് ട്രസ്റ്റീസും സംയുക്തമായി സംരംഭം ഏകോപിപ്പിക്കുന്നു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കും ഗവേഷണ മികവിനും അംഗീകാരം നേടാനുള്ള ഈ സുവർണാവസരം അർഹരായ ഗവേഷകർ പരമാവധി പ്രയോജനപ്പെടുത്തണമെന്നു ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രെട്ടറി സന്തോഷ് നായർ, ട്രെഷറർ ആൻറ്റോ വർക്കി, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സജിമോൻ ആന്റണി, ഭാഷക്കൊരു ഡോളർ ഏകോപന സമിതിയുടെ കൺവീനർ ജോർജി വർഗീസ് എന്നിവർ അഭിപ്രായപ്പെട്ടു.



NEW CAR KEYS

ARE KEY TO SAVING ON CAR INSURANCE

Call me today to see
How much you can save with
Allstate's New Car Discount



Allstate®
You're in good hands.

CALL

718 831 6500

Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

We Offer 6 Hours Defensive Driving Course in NY/NJ

ക്നാനായ കാത്തലിക് കോൺഗ്രസ് വെസ്റ്റേൺ ഒന്റാറിയോയ്ക്ക് പുതിയ നേതൃത്വം;

മനു കോറപ്പിള്ളിൽ പ്രസിഡന്റ്, ആഷ്‌ലി ആഴക്കുളം സെക്രട്ടറി



അനിൽ മറ്റത്തിക്കുന്നേൽ

ലണ്ടൻ (ഒന്റാറിയോ): കാനഡയിലെ ഒന്റാറിയോ പ്രവിശ്യയിലെ ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് വെസ്റ്റേൺ ഒന്റാറിയോ (KCCWO) യുടെ വാർഷിക പൊതുയോഗവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നവംബർ 7 ശനിയാഴ്ച ലണ്ടനിലെ ക്നായി തൊമ്മൻ പാരിഷ് ഹാളിൽ നടന്നു. 2024-2026 കാലയളവിലെ പ്രസിഡന്റ് ഫെബി തൈക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ 2026-2028 പ്രവർത്തനകാലയളവിലേക്കുള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

കഴിഞ്ഞ രണ്ടു വർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിലയിരുത്തിയ പൊതുയോഗത്തിൽ മുൻ ഭരണസമിതിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങളും അഭി

പ്രായങ്ങളും പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ പൊതുയോഗത്തിന് പരിചയപ്പെടുത്തി.

പുതിയ ഭാരവാഹികളായി മനു കോറപ്പിള്ളിൽ (പ്രസിഡന്റ്), മെൽവിൻ കൊച്ചനയിൽ (വൈസ് പ്രസിഡന്റ്), ആഷ്‌ലി ആഴക്കുളം (സെക്രട്ടറി), അരുൺ പ്രാലയിൽ പുത്തൻപുരയ്ക്കൽ (ജോയിന്റ് സെക്രട്ടറി), ജിതിൻ ചേരോലിക്കൽ (ട്രഷറർ), ഷിന്റോ സ്റ്റീഫൻ ഉള്ളാട്ടിൽ (ജോയിന്റ് ട്രഷറർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ദേശീയ കൗൺസിൽ അംഗങ്ങളായി ജോജോ നെടിയകാലായിൽ, ജെബിൻ ചെറുകാട്ടൂർ എന്നിവരെയും കമ്മിറ്റി അംഗങ്ങളായി അജോ കുര്യൻ, നിഖിൽ പുലിവേലിൽ എന്നിവരെയും തിരഞ്ഞെടുത്തു.

പുതിയ ഭരണസമിതിയുടെ നയപ്രഖ്യാപനത്തിൽ സംഘടനയുടെ ഉന്നമനത്തിനും ക്നാനായ സമുദായത്തിന്റെ ഐക്യത്തിനും മുൻഗണന നൽകുമെന്ന് പ്രസിഡന്റ് മനു കോറപ്പിള്ളിൽ വ്യക്തമാക്കി. കാനഡയിലെ ലണ്ടനും സമീപപ്രദേശങ്ങളിലും താമസിക്കുന്ന ക്നാനായ കുടുംബങ്ങളുടെ സമുദായ താൽപര്യങ്ങൾ സംരക്ഷിക്കാനും അവരെ പരസ്പരസ്നേഹത്തിലും ഐക്യത്തിലും ഒരുമിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനും പുതിയ ഭരണസമിതി പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം അറിയിച്ചു.

തലമുറകളിലൂടെ കൈമാറിവരുന്ന ക്നാനായ സമുദായത്തിന്റെ സാംസ്കാരികവും വിശ്വാസപരവുമായ പൈതൃകം സംരക്ഷിക്കുന്നതിൽ പ്രാദേശിക സംഘടനകൾക്ക് നിർണായക പങ്കാണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രത്യേകിച്ച് പ്രവാസലോകത്ത് വളർന്നുവരുന്ന പുതിയ തലമുറയ്ക്ക് സമുദായത്തിന്റെ ചരിത്രവും പാരമ്പര്യവും ശരിയായ രീതിയിൽ പരിചയപ്പെടുത്തുന്നതിനും സമുദായബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സംഘടന കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

ക്നാനായ സമുദായാംഗങ്ങളെ യാഥാർത്ഥ്യബോധത്തോടെയും പരസ്പരബഹുമാനത്തോടെയും സമുദായസ്നേഹത്തിലും വിശ്വാസത്തിലും വളർത്തിയെടുക്കുക എന്നതാണ് സംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നെന്ന് സെക്രട്ടറി ആഷ്‌ലി ആഴക്കുളം അറിയിച്ചു. തെറ്റിദ്ധാരണകൾക്കും അടിസ്ഥാനരഹിതമായ പ്രചാരണങ്ങൾക്കും ഇടനൽകാതെ സമുദായത്തിന്റെ യഥാർത്ഥ ചരിത്രവും പാരമ്പര്യവും പുതിയ തലമുറയ്ക്ക് പകർന്നുനൽകേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കത്തോലിക്കാ വിശ്വാസത്തിലും ക്നാനായ പാരമ്പര്യത്തിലും അധിഷ്ഠിതമായ വിശ്വാസപരിശീലനത്തിനും കുടുംബബന്ധങ്ങൾക്കും യുവജനങ്ങളുടെ പങ്കാളിത്തത്തിനും കൂടുതൽ പ്രാധാന്യം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. ലണ്ടനിലെ ക്നാനായ കുടുംബങ്ങളെ ലോകമെമ്പാടുമുള്ള ക്നാനായ സമൂഹവുമായി കൂടുതൽ അടുപ്പിക്കാനും ആഗോള ക്നാനായ ഐക്യത്തിന് ശക്തിപകരാനുമുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ഭരണസമിതി നേതൃത്വം നൽകുമെന്നും സെക്രട്ടറി അറിയിച്ചു.

കാനഡയിലെ പ്രവാസജീവിതത്തിന്റെ തിരക്കുകൾക്കിടയിലും സമുദായത്തിന്റെ തനിമയും വിശ്വാസപാരമ്പര്യവും കാത്തുസൂക്ഷിക്കാനും വരുംതലമുറകൾക്ക് അഭിമാനത്തോടെ കൈമാറാനും കഴിയുന്ന കൂട്ടായ്മയായി KCCWOയെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ഭരണസമിതി പ്രവർത്തനമാരംഭിക്കുന്നത്.

കഴിഞ്ഞ രണ്ടു വർഷക്കാലം സംഘടനയെ നയിച്ച പ്രസിഡന്റ് ഫെബി തൈക്കാട്ട്, വൈസ് പ്രസിഡന്റ് സിബി ജോൺ മുളയിങ്കൽ, സെക്രട്ടറി മജീഷ് മാത്യു കീഴേടത്തുമലയിൽ, ട്രഷറർ ഷിജോ തോമസ് മങ്ങാട്ട്, ജോയിന്റ് സെക്രട്ടറി ജോസ്മോൻ ലൂക്കോസ് തെക്കിലക്കാട്ടിൽ, ജോയിന്റ് ട്രഷറർ ജിബിൻ എബ്രഹാം പുരത്തേച്ചിറ എന്നിവർ വാർഷിക പൊതുയോഗത്തിന്റെയും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്റെയും നടത്തിപ്പിന് നേതൃത്വം നൽകി.

ദേശീയ കൗൺസിൽ അംഗങ്ങളായ ഷെല്ലി ജോയ് പുത്തൻപുരയിൽ, റിജോ ജോൺ മങ്ങാട്ട്, കമ്മിറ്റി അംഗങ്ങളായ വിനു ജോസ് വടക്കേമണിയംകുന്നേൽ, അജോ കുര്യൻ കൈതക്കൽ നിരപ്പേൽ എന്നിവരും സംഘടനയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു.


2024-2026 കാലയളവിൽ സംഘടനയുടെ വളർച്ചയ്ക്കും സമുദായത്തിന്റെ ഐക്യത്തിനും വിവിധ സാമൂഹിക, സാംസ്കാരിക, വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും മുൻ ഭരണസമിതിയിലെ എല്ലാ ഭാരവാഹികളും നൽകിയ നേതൃത്വത്തിനും നിസ്വാർത്ഥ സേവനങ്ങൾക്കും പിന്തുണയ്ക്കും പൊതുയോഗത്തിൽ പങ്കെടുത്ത സംഘടനാംഗങ്ങൾ ഹൃദയപൂർവം നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചു.

മുൻ ഭരണസമിതിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച പൊതുയോഗം പുതിയ ഭരണസമിതിക്ക് എല്ലാവിധ പിന്തുണയും ആശംസകളും നേർന്നു. ക്നാനായ സമുദായത്തിന്റെ ഐക്യവും പാരമ്പര്യവും വിശ്വാസവും സംരക്ഷിക്കുന്നതിനൊപ്പം പുതിയ തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആകർഷിക്കാനുള്ള പ്രതീക്ഷകളോടെയാണ് പുതിയ നേതൃത്വം ചുമതലയേൽക്കുന്നത്.

em The Weekly
emalayalee.com

ഇന്ത്യൻ ഹൃദയത്തിലിടം പിടിച്ച ഇറ്റാലിയൻ താരകം





സിൽജി ജെ ടോം

അധികാരത്തിന്റെ ഭാരങ്ങളൊന്നുമില്ലാതെയാണ് ഇറ്റലിയിലെ ലൂസിയാനയിൽ ഒരു സാധാരണ ക്രിസ്ത്യൻ കുടുംബത്തിൽ ജനിച്ച എഡ്വിജ് ആന്റോണിയ ആൽബിന മെയ്നോ എന്ന സോണിയ മെയ്നോ 1968ൽ ഇന്ത്യയിൽ വന്നിറങ്ങിയത്. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ നാളിതുവരെ അധികാരത്തിനൊപ്പം സഞ്ചരിച്ച ചരിത്ര പ്രശസ്തമായ നെഹ്റു കുടുംബത്തിലേക്കായിരുന്നു അവരുടെ വരവ്- ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ മരുമകളായി, രാജീവ് ഗാന്ധിയുടെ ഭാര്യയായി.

ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ തന്നെ എടുത്തുപറയത്തക്ക സ്ഥാനമുള്ള നെഹ്റു കുടുംബത്തിന്റെ


ഭാഗമായെങ്കിലും അധികാരത്തിന്റെ ഇടനാഴികളിൽ നിന്ന് വിട്ടു നിൽക്കാനായിരുന്നു എന്നും സോണിയ ശ്രദ്ധിച്ചത്. താൻ പ്രണയിച്ച തന്റെ പ്രിയപ്പെട്ടവൻ രാജീവ് ഗാന്ധിക്കൊപ്പം സമാധാനത്തിൽ ജീവിതം കഴിക്കുക എന്ന ചിന്ത മാത്രമേ ആ പെൺകുട്ടിക്കുണ്ടായിരുന്നുള്ളു. പക്ഷേ ഇന്ത്യൻ മണ്ണിലെത്തിയതോടെ ഏറെ ആഗ്രഹിച്ച സ്വകാര്യജീവിതം പോലും അവൾക്ക് നഷ്ടമായി എന്നതാണ് ശരി. ഒടുവിൽ ഏറെ സ്നേഹിച്ച പ്രിയപ്പെട്ടവനെയും.

ഒരുകാലത്ത് രാഷ്ട്രീയത്തെ ജീവിതത്തിൽ നിന്ന് അകറ്റിനിർത്തിയിരുന്ന ഒരു സാധാരണ സ്ത്രീ, കുടുംബത്തോടും ഈ രാജ്യത്തോടുമുള്ള സ്നേഹത്താലും, മനോധൈര്യത്താലും ഇന്ത്യയുടെ ഏറ്റവും സ്വാധീനമുള്ള രാഷ്ട്രീയ നേതാക്കളിൽ ഒരാളായി മാറിയതിന്റെ ഹൃദയസ്പർശിയായ കഥയാണ് സോണിയ ഗാന്ധിയുടെ ഇന്ന് നവംബർ 10-ന് പുറത്തിറങ്ങുന്ന ' ബിലോംഗിങ് : എ ജേർണി ഓഫ് ലവ്' (Belonging: A Journey of Love) പറയുന്നത്. രാഷ്ട്രീയം കേവലം ഒരു പശ്ചാത്തലമായി മാത്രം നിൽക്കുന്ന ഈ പുസ്തകം ഹാർപ്പർ കോളിൻസ് ഇന്ത്യയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് അപ്രതീക്ഷിതമായി കടന്നുവന്ന്, രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൊന്നിന്റെ അമരത്തിരുന്ന് ദീർഘകാലം അതിനെ നയിച്ച സോണിയ ഗാന്ധി ഇന്ത്യൻ രാഷ്ട്രീയം കണ്ട ഏറ്റവും കരുത്തുറ്റ വനിതാ നേതാക്കളിലൊരാളായി ഇന്ന് എഴുതപ്പെടുമ്പോൾ അതിന് പിന്നിൽ സഹനങ്ങളുടേതായ വഴികളും ഏറെയുണ്ട് .

തന്റെ ഭർത്താവിന്റെ ഘാതകരോട് ക്ഷമിക്കാൻ മനസ് കാട്ടിയതിലൂടെ സോണിയയുടെ മഹത്വം ലോകമറിഞ്ഞതാണ്.

ഇംഗ്ലണ്ടിൽ കേംബ്രിഡ്ജിലെ പഠനകാലത്ത് ഇന്ദിരാ ഗാന്ധിയുടെ മൂത്ത മകനായ രാജീവ് ഗാന്ധിയെ കണ്ടുമുട്ടിയതോടെയാണ് ഇന്ത്യയുമായുള്ള സോണിയയുടെ ബന്ധം ആരംഭിക്കുന്നത്. കേംബ്രിഡ്ജിലെ ഒരു ഗ്രീക്ക് റസ്റ്റോറന്റിൽ വെച്ച് ആദ്യ കാഴ്ചയിൽത്തന്നെ സോണിയയിൽ ആകൃഷ്ടനായ രാജീവ്, റസ്റ്റോറന്റ് ഉടമയായ ചാൾസ് ആന്റണിയുടെ സഹായത്തോടെ തന്റെ ടേബിൾ സോണിയയുടെ അടുത്തേക്ക് നീക്കിയിടുകയായിരുന്നു. തുടർന്ന് ഒരു ടിഷ്യൂ പേപ്പറിൽ മനോഹരമായ ഒരു കവിതയെഴുതി, ഒരു കുപ്പി വൈനിനൊപ്പം സോണിയയുടെ മേശയിലേക്ക് കൊടുത്തയച്ചതോടെ ആ പ്രണയകഥയ്ക്ക് തുടക്കമായി. 1968-ൽ ഇരുവരും വിവാഹിതരാവുകയും സോണിയ ഭർത്താവിനൊപ്പം ഇന്ത്യയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു.



ന്യൂഡൽഹിയിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വെച്ചായിരുന്നു വിവാഹം. അന്നത്തെ പ്രധാനമന്ത്രിയും രാജീവിന്റെ മാതാവുമായ ഇന്ദിരാഗാന്ധി തന്നെയാണ് വിവാഹ ക്രമീകരണങ്ങൾക്ക് നേരിട്ട് മേൽനോട്ടം വഹിച്ചതും .സോണിയ അവർക്ക് ഏറെ പ്രിയപ്പെട്ടവളായിരുന്നു.

ഇന്ത്യൻ എയർലൈൻസിൽ പൈലറ്റായി ജോലി ചെയ്തു വന്ന രാജീവ് ഗാന്ധിക്ക് 1980-ൽ ഒരു വിമാന അപകടത്തിൽ അദ്ദേഹത്തിന്റെ സഹോദരൻ സഞ്ജയ് മരിച്ചതോടെ, മനസില്ലാമനസോടെ രാഷ്ട്രീയത്തിൽ ഇറങ്ങേണ്ടി വന്നു. രാജീവിന്റെയും സോണിയയുടെയും ജീവിതം മാറിമറിഞ്ഞു. തീർത്തും സ്വകാര്യമായൊരു ജീവിതം നയിക്കാനാഗ്രഹിച്ച സോണിയ പിന്നീട് ഈ രാജ്യത്തെ പൊതുസമൂഹത്താൽ നിരന്തരം നിരീക്ഷിക്കപ്പെടുന്ന വ്യക്തിയായി മാറി. രാഷ്ട്രീയത്തിൽ താല്പര്യം ഇല്ലാതിരുന്നതുകൊണ്ടു തന്നെ ഈ തീരുമാനം സോണിയയുടെ മനസ് തകർത്തു; "For the first time, there was tension between Rajiv and me. I fought like a tigress - for him, for us and our children, above all, for our freedom."

(ആദ്യമായി രാജീവും ഞാനും തമ്മിൽ അസ്വാരസ്യങ്ങൾ ഉണ്ടായി. എന്റെ ഭർത്താവിനും ഞങ്ങൾക്കും ഞങ്ങളുടെ കുട്ടികൾക്കും വേണ്ടി, എല്ലാറ്റിനുമുപരിയായി ഞങ്ങളുടെ സ്വാതന്ത്ര്യത്തിന് വേണ്ടി ഞാൻ ഒരു പെൺകടുവയെപ്പോലെ പോരാടി

എന്ന് അവർ രേഖപ്പെടുത്തിയിട്ടുണ്ട്.

'ബിലോംഗിങ്: എ ജേർണി ഓഫ് ലവ്' എന്ന ആത്മകഥയുടെ പ്രകാശനത്തിന് മുന്നോടിയായി നൽകിയ അഭിമുഖങ്ങളിൽ, രാജീവുമായുള്ള ആദ്യ കൂടിക്കാഴ്ച, ഇന്ദിര ഗാന്ധിയുമായുള്ള ബന്ധം, ജീവിതത്തെ മാറ്റിമറിച്ച വ്യക്തിപരമായ ദുരന്തങ്ങൾ, ഒടുവിൽ കോൺഗ്രസ് നേതൃത്വത്തിലേക്ക് എത്തിയ സാഹചര്യം എന്നിവയെക്കുറിച്ച് 79-കാരിയായ സോണിയ തുറന്നു പറയുന്നുണ്ട് .

താൻ കടന്നുപോയ രാഷ്ട്രീയ കൊടുങ്കാറ്റുകൾക്കിടയിലും എതിരാളികളുടെ 'ഇറ്റാലിയൻ വംശജ ' എന്ന വിളികൾക്കിടയിലും സ്നേഹവും കടമയും മുറുകെപ്പിടിച്ച്, ഇന്ത്യ എന്ന രാജ്യത്തെ സ്വന്തം വീടായികാണാൻ ധൈര്യം കാട്ടിയ ഒരു സ്ത്രീയുടെ അതിജീവനത്തിന്റെയും ധർമ്മബോധത്തിന്റെയും കഥയാണ് സോണിയ ഗാന്ധിയുടെ 'ബിലോംഗിങ്' പങ്ക് വെക്കുന്നത് എന്നാണറിയുന്നത്.

ഇവിടെയെത്തിയ നാളുകളിൽ മുഖത്ത് സദാ വിരിഞ്ഞുനിന്ന മനോഹരമായ ആ പുഞ്ചിരി കാലത്തിന്റെ തിരക്കുകളിലും നേരിട്ട വേദനകളുടെ കാഠിന്യത്തിലും ശോഭ മങ്ങിയെങ്കിലും, ആ ആത്മാർത്ഥതയും നിഷ്കളങ്കതയും ഇന്നും അവർക്കുള്ളിൽ മായാതെ കിടപ്പുണ്ട്.

ഇന്ത്യയിലെത്തി ആദ്യ കാലങ്ങളിൽ സോണിയ ഗാന്ധി പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടിരുന്നത് വളരെ അപൂർവമായായിരുന്നു ; വളരെ ശാന്തവും സ്വകാര്യവുമായ ഒരു ജീവിതം നയിക്കാനായിരുന്നു അവർ ഇഷ്ടപ്പെട്ടത്. 1984-ൽ രാജീവ് ഗാന്ധിയുടെ അമ്മയും ഇന്ത്യൻ പ്രധാനമന്ത്രിയുമായിരുന്ന ഇന്ദിരാ ഗാന്ധി വധിക്കപ്പെട്ടപ്പോഴും സോണിയ പൊതുരംഗത്തേക്ക് ഇറങ്ങിയില്ല. പിന്നാലെ രാജീവ് പ്രധാനമന്ത്രിയായി. എന്നാൽ വൈകാതെ ദുരന്തം വീണ്ടുമെത്തി.1991-ൽ രാജ്യത്തെ തന്നെ ഞെട്ടിച്ച് സോണിയയുടെ ഭർത്താവും പ്രധാനമന്ത്രിയുമായിരുന്ന രാജീവ് ഗാന്ധി വധിക്കപ്പെട്ടത് സോണിയ ഗാന്ധിയുടെ ജീവിതത്തെ മാറ്റിമറിച്ചു.



മറ്റൊരു നാട്ടിൽ, സംസ്കാരത്തിൽ, ഈ രാജ്യത്തെ തന്നെ ഏറ്റവും പ്രശസ്തമായ കുടുംബത്തിൽ പ്രിയപ്പെട്ടവൻ ഒപ്പമില്ലാതെ ജീവിക്കുക അവർക്ക് ചിന്തിക്കാൻ പോലുമാകുമായിരുന്നില്ല. സ്വന്തം ഭാവി ഇരുട്ടിലാകുന്നതറിഞ്ഞ് ഒന്ന് പൊട്ടിക്കരയാൻ പോലുമാകാതെ അവൾ നിന്നപ്പോൾ ഈ രാജ്യം ഒന്നടങ്കം സാകൂതം അവരെ വീക്ഷിക്കുന്നുണ്ടായിരുന്നു. പൊതുജനത്തിന് അത് ഒരു രാഷ്ട്രീയകുടുംബത്തിന്റെ ദുരന്തമായിരുന്നിരിക്കാം. എന്നാൽ ഭർത്താവിനെ നഷ്ടപ്പെട്ട ഒരു ഭാര്യയുടെയും പിതാവിനെ നഷ്ടപ്പെട്ട രണ്ടു മക്കളുടെയും ജീവിതം അവിടെ വേദനയുടെ തുരുത്തിൽ നീറുകയായിരുന്നു. ആ സമയം പിറന്ന നാടിന്റെ സാന്ത്വനത്തിലേക്ക് മടങ്ങിപ്പോകണോ എന്ന് പോലും അവർ ചിന്തിച്ചിരിക്കാം...ശാന്തമായി മുന്നോട്ട് നീങ്ങിയിരുന്ന ജീവിതം അപ്രതീക്ഷിതമായി പാതിവഴിയിൽ തകർന്നുവീണപ്പോൾ അവർ വല്ലാതെ അസ്വസ്ഥയായി.

''ജീവിതം ശൂന്യമായതുപോലെയായി, ഉറക്കമില്ലാതായി. ചുറ്റുമുള്ളതെല്ലാം തന്റെ നഷ്ടത്തെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. പൊതുവേദികളിൽ പ്രത്യക്ഷപ്പെടുമ്പോഴൊക്കെ കണ്ണീരണിയുമോ എന്ന ഭയവും മാനസിക സംഘർഷവും വേട്ടയാടി. ഇന്ദിരാ ഗാന്ധി ദേശീയ സ്മാരക ട്രസ്റ്റിന്റെയും മറ്റു സംഘടനകളുടെയും ചുമതലകൾ വഹിക്കേണ്ടി വരുമ്പോൾ പൊതുവേദികളിൽ പ്രസംഗിക്കേണ്ടതിനാൽ കണ്ണുനീരടക്കാൻ പാടുപെട്ടുകൊണ്ടിരുന്നുവെന്ന് അവർ പങ്കുവെക്കുന്നു

ഒരിക്കൽ ദലൈലാമ സന്ദർശിച്ചപ്പോൾ, 'രാജീവിനെ കൊന്നവരോട് പകയോ വിദ്വേഷമോ തോന്നുന്നുണ്ടോ? 'എന്ന് ചോദിച്ചതിന് 'ഇല്ല' എന്ന് മറുപടി നൽകിയെങ്കിലും പിന്നാലെ പൊട്ടിക്കരഞ്ഞു പോയെന്ന് അവർ പങ്കുവെക്കുന്നുണ്ട്. കാലം മുന്നോട്ട് പോയതോടെ രാജീവ് തന്റെ മനസ്സിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന ഒരു സാന്നിധ്യമായി മാറുകയും ചെയ്തുവെന്ന് അവർ അനുസ്മരിക്കുന്നു..

മനസ് വിഷമിച്ചു നടന്ന ആ നാളുകളിൽ ഇറ്റലിയിലേക്ക് തിരിച്ചുചെല്ലാൻ വീട്ടുകാർ നിർബന്ധിച്ചെങ്കിലും ഇന്ത്യയിൽ തുടരാൻ തന്നെ സോണിയ തീരുമാനിച്ചു.

മക്കളായ രാഹുലിന്റെയും പ്രിയങ്കയുടെയും ബിരുദദാനച്ചടങ്ങുകൾ, മകളുടെ വിവാഹം, കൊച്ചുമക്കളുടെ ജനനം തുടങ്ങിയ പ്രധാനപ്പെട്ട നിമിഷങ്ങളിലെല്ലാം രാജീവ് കൂടെയുണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോകാറുണ്ട് , ഈ വിശേഷ ഘട്ടങ്ങളിൽ മനസിലെ

വേദന ശക്തമാകുന്നു, അവർ പങ്കുവെക്കുന്നു.

രാജീവിന്റെ മരണശേഷവും രാഷ്ട്രീയ വഴികളിൽ നിന്നകന്ന് ഒരു വീട്ടമ്മ എന്ന ചുമതലയിൽ ഒതുങ്ങാനാണ് സോണിയ ആഗ്രഹിച്ചത് .

'തന്റെ മക്കൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ ചതിക്കുഴികളിൽ അകപ്പെടുന്നതിനേക്കാൾ അവർ ഭിക്ഷ യാചിക്കുന്നത് കാണാനാണ്' സോണിയ ആഗ്രഹിച്ചതെന്നാണ് രാഷ്ട്രീയത്തോടുള്ള അവരുടെ താല്പര്യമില്ലായ്മയെക്കുറിച്ച് 'An Indian Dynasty: The Story of the Nehru-Gandhi Family' എന്ന പുസ്തകത്തിൽ പ്രശസ്ത എഴുത്തുകാരൻ താരീഖ് അലി എഴുതിയത്.

പാർട്ടിയിൽ നിന്ന് സമ്മർദ്ദമേറിയിട്ടും വർഷങ്ങളോളം രാഷ്ട്രീയത്തിൽ നിന്ന് അവർ വിട്ടുനിന്നു. എന്നാൽ രാജീവിന്റെയും ഇന്ദിരാഗാന്ധിയുടെയും ചിത്രങ്ങൾക്ക് മുന്നിലൂടെ കടന്നുപോകുമ്പോഴെല്ലാം അവയിലേക്ക് നോക്കാൻ പോലുമാകാത്ത വിധത്തിൽ തന്റെ ഉള്ളിൽ കുറ്റബോധവും വേദനയും നിറഞ്ഞു. അധികാരത്തോടും രാഷ്ട്രീയവഴികളോടും മുഖം തിരിച്ചുനിന്നിട്ടും ഒടുവിൽ രാഷ്ട്രീയത്തിലേക്ക് അവർക്ക് മനസ് സമർപ്പിക്കേണ്ടിവന്നു.



1990-കളുടെ അവസാനത്തിൽ കോൺഗ്രസ് പാർട്ടി വലിയ പ്രതിസന്ധികളെയും പിളർപ്പുകളെയും നേരിട്ട കാലത്ത് സോണിയ ഗാന്ധിക്ക് മേൽ നേതൃത്വം ഏറ്റെടുക്കാനുള്ള സമ്മർദ്ദം ഏറിവന്നു. അർജുൻ സിംഗ്, എൻ.ഡി. തിവാരി, പി. ചിദംബരം, മമത ബാനർജി തുടങ്ങി നിരവധി മുതിർന്ന നേതാക്കൾ പാർട്ടി വിട്ട് പോയതും മാധ്യമങ്ങളിൽ പാർട്ടിയുടെ ഭാവിയെക്കുറിച്ച് വന്ന മോശം വാർത്തകളും അവരെ അലട്ടി. രാജീവും ഇന്ദിരാഗാന്ധിയും പോരാടിയ കാര്യങ്ങൾ തന്നിലൂടെ തുടരേണ്ടതുണ്ടെന്ന് അവർക്ക് തോന്നിത്തുടങ്ങി.

എന്നാൽ രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയാൽ അമ്മയെയും നഷ്ടപ്പെടുമോ എന്ന് ഭയന്ന് മക്കളായ രാഹുലും പ്രിയങ്കയും അവരുമായി കടുത്ത തർക്കത്തിലേർപ്പെട്ടിരുന്നു. ഈ മാനസിക പ്രതിസന്ധിക്കൊടുവിലാണ് ഭഗവദ്ഗീതയിൽ നിന്ന് അവർ പ്രചോദനം സ്വീകരിച്ചത്.

സംസ്കൃത പണ്ഡിതനായ പ്രൊഫസർ വാചസ്പതി ഉപാധ്യായയിൽ (ശാസ്ത്രിജി) നിന്ന് ഭഗവദ്ഗീതയുടെ തത്ത്വചിന്തകളിലേക്ക് മനസിനെ കടത്തിവിട്ടതായി അവർ പറയുന്നു. ഒടുവിൽ ഗീതയിലെ സന്ദേശം ഉള്ളിൽ പതിഞ്ഞു: ''ഫലത്തെക്കുറിച്ച് ചിന്തിക്കാതെ സ്വന്തം ധർമ്മം ചെയ്യുക.'' എന്ന് ഞാൻ ഉറപ്പിച്ചു. സോണിയ പറയുന്നു.

അങ്ങനെ 1990-കളുടെ അവസാനത്തിൽ പാർട്ടി നേതൃത്വം ഏറ്റെടുക്കാൻ അവർക്ക് സമ്മതിച്ചു .1997ൽ കോൺഗ്രസ് പാർട്ടിയിൽ അംഗത്വമെടുത്ത അവർ 1998ൽ കോൺഗ്രസ് അധ്യക്ഷയായി ചുമതലയേറ്റു.1999ൽ തിരഞ്ഞെടുപ്പിൽ വിജയിച്ച് പാർലമെന്റിലെത്തി. വൈകാതെ ഒരു രാഷ്ട്രീയക്കാരി എന്ന നിലയിൽ സോണിയ തന്ത്രങ്ങൾ പഠിച്ചെടുത്തു.

സോണിയ ഗാന്ധിയുടെ നേതൃത്വത്തിലാണ് ചിതറിപ്പോയ കോൺഗ്രസ് പാർട്ടിയെ ഏകോപിപ്പിക്കുകയും മറ്റ് പ്രാദേശിക കക്ഷികളെ കൂട്ടിയിണക്കി 'ഐക്യ പുരോഗമന സഖ്യം' (UPA) രൂപീകരിക്കുകയും ചെയ്തത്.108-ൽ പരം വർഷത്തെ ചരിത്രമുള്ള കോൺഗ്രസ് പാർട്ടിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അധ്യക്ഷയായിരുന്ന വ്യക്തി എന്ന ബഹുമതി സോണിയ ഗാന്ധിക്കാണ്. 2004-ലെ പൊതുതിരഞ്ഞെടുപ്പിൽ ബി.ജെ.പി നയിച്ച എൻ.ഡി.എ സഖ്യത്തെ അട്ടിമറിച്ച് യു.പി.എ വൻ വിജയം നേടിയത് സോണിയയുടെ തന്ത്രപരമായ മികവിലായിരുന്നു. യു.പി.എ വൻ വിജയം നേടിയപ്പോൾ, സോണിയ ഗാന്ധി ഇന്ത്യയുടെ അടുത്ത പ്രധാനമന്ത്രിയാകുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. എന്നാൽ സോണിയയ്ക്കെതിരെ 'വിദേശി' വിളികളാൽ പ്രധാന പ്രതിപക്ഷമായ ബി.ജെ.പിയും സഖ്യകക്ഷികളും കടുത്ത പ്രതിഷേധമുയർത്തികൊണ്ടിരുന്നത് അവരെ അസ്വസ്ഥയാക്കിയിരുന്നു.

സോണിയ പ്രധാനമന്ത്രിയാകുമെന്ന് എല്ലാവരും കരുതിയിരിക്കെ പാർലമെന്ററി പാർട്ടി യോഗത്തിൽ എല്ലാവരെയും ഞെട്ടിച്ച് സോണിയ പ്രധാനമന്ത്രി പദവി വേണ്ടെന്നു പ്രഖ്യാപിക്കുകയായിരുന്നു.

'പ്രധാനമന്ത്രി പദം എന്റെ

ലക്ഷ്യമായിരുന്നിട്ടില്ല. ഈയൊരു സാഹചര്യത്തിൽ എത്തിച്ചേരുകയാണെങ്കിൽ എന്റെ അന്തരാത്മാവിന്റെ ശബ്ദം കേട്ട് തീരുമാനമെടുക്കുമെന്ന് ഞാൻ ഉറപ്പിച്ചിരുന്നു. ഞാൻ താഴ്മയോടെ ഈ പദവി നിരസിക്കുന്നു.' സോണിയ ഗാന്ധിയുടെ തീരുമാനം എല്ലാവരെയും അമ്പരപ്പിച്ചു .

കോൺഗ്രസ് പാർട്ടിയെ 10 വർഷം തുടർച്ചയായി (20042014) കേന്ദ്രത്തിൽ അധികാരത്തിൽ നിലനിർത്താൻ സഹായിച്ച ഏറ്റവും പ്രായോഗികവും തന്ത്രപരവുമായ രാഷ്ട്രീയ തീരുമാനങ്ങളിലൊന്നായി 2004-ലെ സോണിയയുടെ തീരുമാനം വിലയിരുത്തപ്പെടുന്നു.

പ്രധാനമന്ത്രി പദം തേടിയെത്തിയിട്ടും അത് നിരസിച്ചതും, വിദേശിയെന്ന വിമർശനങ്ങളെ നേരിട്ടതും സോണിയാഗാന്ധിയുടെ രാഷ്ട്രീയ ജീവിതത്തിലെ നിർണ്ണായക അധ്യായങ്ങളാണ്.

മക്കൾ പ്രിയങ്ക ഗാന്ധിയും രാഹുൽ ഗാന്ധിയും അമ്മയുടെ സുരക്ഷയെക്കുറിച്ചുള്ള ആകുലതകൾ കാരണം പ്രധാനമന്ത്രിയാകുന്നതിനോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നുവെന്നും പിന്നീട് റിപ്പോർട്ടുകൾ പുറത്തുവന്നു

പ്രധാനമന്ത്രി പദം നിരസിച്ചതിന് തൊട്ടുപിന്നാലെ, ലോകമറിയുന്ന പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ ധനമന്ത്രിയുമായിരുന്ന ഡോ. മൻമോഹൻ സിംഗിനെ സോണിയ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായി നിർദ്ദേശിച്ചു. രാഷ്ട്രീയ അതികായരായ നേതാക്കൾക്കിടയിൽ തികച്ചും ശാന്തനായ, വിവാദരഹിതനായ മൻമോഹൻ സിംഗിനെ തിരഞ്ഞെടുത്തത് സർക്കാരിന് കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായ വലിയൊരു പ്രതിച്ഛായയും സാമ്പത്തിക നയങ്ങളിൽ രാജ്യത്തിന് സുസ്ഥിരതയും നൽകി. സോണിയയുടെ തീരുമാനത്തോടെ ബി.ജെ.പിയും മറ്റ് എതിരാളികളും ഉയർത്തിക്കൊണ്ടുവന്ന 'വിദേശി' വിവാദത്തിന്റെ മൂർച്ച നഷ്ടപ്പെട്ടു. ഇത് യു.പി.എ സർക്കാരിന് ജനങ്ങളുടെയും അന്താരാഷ്ട്ര സമൂഹത്തിന്റെയും വലിയ പിന്തുണ നേടിക്കൊടുത്തു.

പ്രധാനമന്ത്രിയായില്ലെങ്കിലും യു.പി.എ അധ്യക്ഷ എന്ന നിലയിലും നാഷണൽ അഡ്വൈസറി കൗൺസിൽ (NAC) അധ്യക്ഷ എന്ന നിലയിലും ഭരണത്തിലും പാർട്ടിയിലും നിർണ്ണായക സ്വാധീനം ചെലുത്താൻ സോണിയ ഗാന്ധിക്ക് കഴിഞ്ഞു. കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളെ ഒന്നിച്ചുനിർത്താനുള്ള ശ്രമങ്ങളും സഖ്യരാഷ്ട്രീയത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ അവരുടെ പങ്കും രാഷ്ട്രീയ ഇന്ത്യ കണ്ടതാണ്. വൈകാതെ സ്വന്തം പ്രവർത്തനങ്ങളിലൂടെയും സഹിഷ്ണുതയാർന്ന തീരുമാനങ്ങളിലൂടെയും ഇന്ത്യൻ ജനതയുടെ അംഗീകാരം നേടിയെടുക്കാൻ അവർക്കായി.

ഇതേസമയം തന്നെ കോൺഗ്രസിന്റെ സംഘടനാപരമായ ദൗർബല്യങ്ങളും കുടുംബാധിപത്യത്തെക്കുറിച്ചുള്ള ചർച്ചകളും വിമർശനങ്ങൾക്ക് അതീതമല്ല.

ജന്മദേശത്തിന്റെ പുത്രി ആയിരിക്കുമ്പോഴും താൻ എത്തിച്ചേർന്ന പുതിയ ദേശത്തെ ജീവിതത്തിൽ വേരുകളാഴ്ത്താൻ കഴിഞ്ഞു സോണിയയ്ക്ക്. ഇറ്റാലിയൻ വംശജ എന്ന എതിരാളികളുടെ ആക്ഷേപങ്ങൾക്കിടയിലും പ്രിയപ്പെട്ടവരുടെ വേർപാടുകൾക്കിടയിലും ഇന്ത്യൻ സംസ്കാരത്തെ സ്നേഹത്തോടെ ആശ്ലേഷിക്കാൻ കഴിഞ്ഞു എന്നത് തന്നെയാണ് അവരുടെ മഹത്വം.

1983-ൽ സോണിയ ഇന്ത്യൻ പൗരത്വം നേടിയെങ്കിലും, പൗരത്വം സ്വീകരിക്കാൻ 1968 ന് ശേഷം ഇത്രയും കാത്തിരുന്നത് എന്തുകൊണ്ടെന്ന് അവിടെയും വിമർശനങ്ങൾ ഉയർന്നു.

എല്ലാം തകർന്നശേഷവും സ്വന്തം ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാൻ സോണിയ നടത്തിയ ശ്രമം വിലമതിക്കപ്പെടേണ്ടതാണ്. രാഷ്ട്രീയ വഴികളിൽ നിർദയം എതിരാളികൾ ഇപ്പോഴും അവർക്കെതിരെയും അവരുടെ പ്രിയപ്പെട്ടവർക്കെതിരെയും വിമർശന മുയർത്തിക്കൊണ്ടിരിക്കുന്നു.

രാഷ്ട്രീയ വിമർശനമെന്ന പേരിൽ ഒരു സ്ത്രീയുടെ ജന്മനാടിനെയും ജീവിതത്തെയും അവരുടെ പ്രിയപ്പെട്ടവരെയും നിരന്തരം വേട്ടയാടുന്നത് എത്രത്തോളം ന്യായമാണെന്നറിയില്ല. ജനിച്ച നാടിന്റെ പേരിൽ താൻ എത്തിപ്പെട്ട നാടിനോടുള്ള സ്നേഹത്തെ വിമർശനാത്മകമായി വിലയിരുത്തുന്നതിൽ എന്ത് ന്യായമാണുള്ളത്...

ഇന്ത്യൻ സമൂഹം പതിറ്റാണ്ടുകളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വനിതക്ക് സ്വന്തം ജീവിതത്തെ സ്വന്തം വാക്കുകളിൽ അവതരിപ്പിക്കാനുള്ള അവസരം എന്ന നിലയിൽ സോണിയയുടെ ' ബിലോംഗിങ് : എ ജേർണി ഓഫ് ലവ്' (Belonging: A Journey of Love) എന്ന പുസ്തകത്തിന് ഏറെ പ്രാധാന്യമുണ്ട്.

ജനിച്ച മണ്ണിന്റെ അതിരുകൾ കടന്ന്, മറ്റൊരു ദേശത്ത് വേദനയുടെ തുരുത്തുകളും നഷ്ടങ്ങളും പിന്നിട്ട് അവൾ തിരഞ്ഞെടുത്ത അതിജീവനത്തിന്റെ വഴികൾ പറയുന്ന ഈ പുസ്തകം ഇതിനകം തന്നെ ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും വലിയ ശ്രദ്ധ ഉണർത്തിയിട്ടുണ്ട്.

'അന്ന് കേംബ്രിഡ്ജിൽ വെച്ച് രാജീവിനെ കണ്ടുമുട്ടിയ ആ 19-കാരിയുടെ ലാളിത്യം ഇപ്പോഴും എന്നിലുണ്ട്, കുട്ടിക്കാലത്ത് ഞാൻ പഠിച്ച മൂല്യങ്ങളും ... പക്ഷേ അന്ന് ഞാൻ ഇപ്പോൾ ചിരിക്കുന്നതിനേക്കാൾ കൂടുതൽ ചിരിക്കുമായിരുന്നു!', സോണിയ പുസ്തകത്തിൽ കുറിക്കുന്നു.

ആ ചിരിയുടെ ശോഭ മങ്ങിയത് നമ്മുടെ മണ്ണിൽ വച്ചായതാണ് ചിന്തിപ്പിക്കേണ്ടത് .



Save $894.* Combine Home & Auto.

Michael Tharian, Agent

1855 Victory Blvd
Staten Island, NY 10314

Toll Free:
888-644-7222

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

We Serve These States
NY, NJ, PA, & CT.

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489



നിറം മാറുന്ന അമേരിക്ക

(The Browning of America)



ജെയിംസ് കുരീക്കാട്ടിൽ

"The Browning of America" എന്നത് അമേരിക്കയുടെ ജനസംഖ്യയിലും സാംസ്കാരിക സ്വഭാവത്തിലും രാഷ്ട്രീയ അധികാരഘടനയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ മാറ്റത്തെ സൂചിപ്പിക്കുന്ന സാമൂഹിക രാഷ്ട്രീയ പ്രയോഗമാണ്. അതായത് പരമ്പരാഗതമായി വെള്ളക്കാരായ അമേരിക്കക്കാർക്ക് ജനസംഖ്യയിലും രാഷ്ട്രീയ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന ആധിപത്യം ക്രമേണ കുറയുകയും ലാറ്റിനോ, ആഫ്രിക്കൻ അമേരിക്കൻ, ഏഷ്യൻ, ബഹുവംശീയ വിഭാഗങ്ങളുടെ ജനസംഖ്യയും സാമൂഹിക രാഷ്ട്രീയ പ്രാതിനിധ്യവും വർധിക്കുകയും ചെയ്യുന്നതാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇതിൽ എത്രമാത്രം യാഥാർഥ്യമുണ്ട്. അമേരിക്ക എത്ര മാത്രം മാറിയിരിക്കുന്നു എന്ന് നോക്കാം.

1970 ൽ അമേരിക്കയിലെ ഏകദേശം 84 ശതമാനം ജനങ്ങളും വെള്ളക്കാരായിരുന്നു. 2024 ൽ അത് 56 ശതമാനമായാണ് കുറഞ്ഞിരിക്കുന്നത്. അതേസമയം Hispanic ജനസംഖ്യയുടെ വിഹിതം ഇക്കാലയളവിൽ ഏകദേശം 4 ശതമാനത്തിൽനിന്ന് 20 ശതമാനത്തിലേക്കാണ് വർദ്ധിച്ചത്. കറുത്ത വർഗ്ഗക്കാർ 1970 ൽ 10 ശതമാനമായിരുന്നത് വെറും 1 ശതമാനം മാത്രം വർദ്ധിച്ച് 11 ശതമാനമായപ്പോൾ വെറും ഒരു ശതമാനത്തിൽ താഴെയായിരുന്ന ഏഷ്യൻ ജനസംഖ്യ ഏകദേശം 6 ശതമാനത്തിലേക്കും ഉയർന്നു. അമേരിക്കൻ Census Bureau യുടെ 2023 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് 2045 ൽ വെള്ളക്കാർ ഇപ്പോഴുള്ള 56 ശതമാനത്തിൽ നിന്ന് 48% മായി കുറയും. 2060 ഓടെ 44.9 ശതമാനമായി തീരും. അപ്പോഴേക്കും Hispanic വിഭാഗത്തിന്റെ വിഹിതം 26.9 ശതമാനത്തിലെക്ക് വർദ്ധിക്കുമെന്നും കണക്കാക്കുന്നു. ഈ കണക്കുകൾ യാഥാർത്ഥ്യമായാൽ, 2045ൽ അമേരിക്കയിലെ വെള്ളക്കാർ ആകെ ജനസംഖ്യയുടെ പകുതിയിൽ താഴെയാകും. കഴിഞ്ഞ കാലഘട്ടങ്ങളിലെ അനിയന്ത്രിതമായ കുടിയേറ്റം തന്നെയാണ് ഇതിന്റെ പ്രധാന കാരണമെങ്കിലും അതോടൊപ്പം വെള്ളക്കാരുടെ ജനനനിരക്കുകളിൽ വന്ന കുറവുകൾ, തലമുറകളിലെ മാറ്റങ്ങൾ, മിശ്ര വിവാഹങ്ങൾ തുടങ്ങിയ ഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു.

2026 സെപ്റ്റംബറിൽ ജലം Research Center പ്രസിദ്ധീകരിച്ച പഠനമനുസരിച്ച് 2022 മുതൽ 2026 വരെയുള്ള കാലയളവിൽ അമേരിക്കയിലെ ഏഷ്യൻ വിഭാഗത്തിൽ വോട്ടുചെയ്യാൻ യോഗ്യരായവരുടെ എണ്ണം ഏകദേശം 23 ലക്ഷം വർദ്ധിച്ചു. അതേസമയം വെള്ളക്കാരായ വോട്ടർമാരുടെ എണ്ണം ഏകദേശം

അമേരിക്കയെ വിശേഷിപ്പിക്കാൻ ദീർഘകാലമായി ഉപയോഗിക്കുന്നൊരു പ്രയോഗമാണ് Melting Pot. വ്യത്യസ്ത രാജ്യങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും ഭാഷകളിൽനിന്നും മതങ്ങളിൽനിന്നും വന്ന മനുഷ്യർ ഒരുമിച്ച് ലയിച്ച് ഒരു പുതിയ അമേരിക്കൻ സ്വത്വം സൃഷ്ടിക്കുന്നു എന്നതാണ് ഈ ആശയം.

26 ലക്ഷം ഈ കാലയളവിൽ കുറയുകയാണ് ചെയ്തത്. ഇത് അമേരിക്കൻ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സംഭവിക്കുന്ന ഘടനാപരമായ മാറ്റത്തിന്റെ സൂചനയാണ്. കാരണം ഈ മാറ്റങ്ങൾക്ക് ഒരു വലിയ സാമൂഹ്യ രാഷ്ട്രീയ പ്രാധാന്യമുണ്ട്. അത് എന്തൊക്കെയാണെന്ന് നോക്കാം.

ആദ്യത്തേത് അമേരിക്കൻ രാഷ്ട്രീയത്തിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളാണ്. മുൻകാലങ്ങളിൽ പ്രധാനമായും വെള്ളക്കാരായിരുന്ന രാഷ്ട്രീയ നേതൃത്വത്തിലേക്ക് വിവിധ മത വംശീയ പശ്ചാത്തലങ്ങളിലുള്ളവർ കൂടുതലായി കടന്നുവരാൻ തുടങ്ങി. അമേരിക്കൻ സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്കും യൂറോപ്യൻ പാരമ്പര്യങ്ങൾക്കും ക്രിസ്ത്യൻ സംസ്കാരത്തിനും ചരിത്രപരമായി വലിയ സ്വാധീനമുണ്ടായിരുന്നതിൽ മാറ്റങ്ങൾ ഇപ്പോൾ തന്നെ ദൃശ്യമായി തുടങ്ങി.

അത് പോലെ വോട്ടർമാരുടെ സ്വാധീനത്തിലും മാറ്റങ്ങൾ പ്രകടമായി തുടങ്ങി. Hispanic, Asian തുടങ്ങിയ വിഭാഗങ്ങളുടെ ജനസംഖ്യയും വോട്ടർമാരുടെ എണ്ണവും വർധിക്കുന്നത് സ്ഥാനാർഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും പുതിയ രാഷ്ട്രീയ വിഷയങ്ങൾ പരിഗണിക്കേണ്ട സാഹചര്യം സൃഷ്ടിക്കും. മറ്റൊന്ന് സാമ്പത്തിക ആശങ്കയാണ്. തൊഴിൽമത്സരം, വേതനം, പാർപ്പിടച്ചെലവ്, പൊതുസേവനങ്ങളുടെ ലഭ്യത തുടങ്ങിയ പ്രശ്നങ്ങൾ കുടിയേറ്റം വർദ്ധിച്ചതോടെ സങ്കീർണമായി. അത് പോലെ തന്നെ അമേരിക്കൻ എന്ന ദേശീയ സ്വത്വം വലിയ മാറ്റത്തിന് വിധേയമാകും. വെള്ളക്കാരുടെ എണ്ണം കുറയുമ്പോൾ വിത്യസ്ത വംശങ്ങളും സംസ്കാരങ്ങളും കൂടി ചേർന്ന് പുതിയ ഒരു അമേരിക്കൻ സ്വത്വം രൂപപ്പെടും. ശരിക്കും പറഞ്ഞാൽ രൂപപ്പെട്ട് തുടങ്ങി.

അമേരിക്കയെ വിശേഷിപ്പിക്കാൻ ദീർഘകാലമായി ഉപയോഗിക്കുന്നൊരു പ്രയോഗമാണ് Melting Pot. വ്യത്യസ്ത രാജ്യങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും ഭാഷകളിൽനിന്നും മതങ്ങളിൽനിന്നും വന്ന മനുഷ്യർ ഒരുമിച്ച് ലയിച്ച് ഒരു പുതിയ അമേരിക്കൻ സ്വത്വം സൃഷ്ടിക്കുന്നു എന്നതാണ് ഈ ആശയം. ഉരുക്കുചൂളയിൽ വ്യത്യസ്ത ലോഹങ്ങൾ ഉരുകിച്ചേർന്ന് പുതിയൊരു ലോഹസങ്കരം രൂപപ്പെടുന്നതുപോലെ, കുടിയേറ്റക്കാരുടെ വൈവിധ്യമാർന്ന സംസ്കാരങ്ങൾ അമേരിക്കൻ സമൂഹത്തിൽ ലയിക്കുന്നു.

എന്നാൽ 1990 ഏപ്രിൽ 9 ന് TIME മാസികയിൽ William Henry എഴുതിയ Beyond the Melting Pot എന്ന ലേഖനം ഈ പരമ്പരാഗത ധാരണയ്ക്കപ്പുറമുള്ള അമേരിക്കയെക്കുറിച്ചായിരുന്നു. വെള്ളക്കാരായ യൂറോപ്യൻ വംശജരെ സാധാരണ അമേരിക്കക്കാരുടെ മാതൃകയായി കണക്കാക്കുന്ന കാലം മാറുകയാണെന്നും, അമേരിക്കയുടെ ഭാവി ജനസംഖ്യയും സംസ്കാരവും രാഷ്ട്രീയവും കൂടുതൽ വൈവിധ്യമുള്ളതാകുമെന്നും ആ ലേഖനം ചൂണ്ടിക്കാട്ടി.

വെള്ളക്കാരായ അമേരിക്കക്കാരിൽ ഒരു വിഭാഗം ഈ മാറ്റത്തെ സ്വാഭാവികമായ സാമൂഹിക പരിണാമമായി കാണുന്നതെങ്കിലും, വലിയൊരു വിഭാഗം വെള്ളക്കാർ ഈ മാറ്റങ്ങളെ സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ ആശങ്കകളോടെയാണ് സമീപിക്കുന്നത്.

കാരണം പുതിയ കുടിയേറ്റക്കാരുടെ ഭാഷകളും ആചാരങ്ങളും മതങ്ങളും വർധിക്കുമ്പോൾ തങ്ങൾക്ക് പരിചിതമായ സാമൂഹിക അന്തരീക്ഷമാണ് അവരെ സംബന്ധിച്ചിടത്തോളം മാറുന്നത്. ചില സാമൂഹിക ശാസ്ത്ര പഠനങ്ങൾ വെള്ളക്കാർ നേരിടുന്ന ഈ സാഹചര്യത്തെ Status Threat എന്നാണ് വിശേഷിപ്പിക്കുന്നത്. അതായത് ചരിത്രപരമായി കൂടുതൽ സാമൂഹിക സ്വാധീനം അനുഭവിച്ചിരുന്ന മനുഷ്യർക്ക് തങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതായി കരുതുന്ന മനസികാവസ്ഥയാണിത്.

കൂനിന്മേൽ കുരു എന്ന പറഞ്ഞപോലെ ഈ മാനസിക അവസ്ഥ അനുഭവിക്കുന്നവരുടെ ഇടയിലേക്കാണ് ഇപ്പോൾ Great Replacement എന്ന രാഷ്ട്രീയ വിവാദം കൂടി ഉടലെടുത്തിരിക്കുന്നത്. അമേരിക്കയിലെ ജനസംഖ്യാമാറ്റത്തെക്കുറിച്ചുള്ള ചർച്ചയിൽ ചൂട് പിടിച്ചുകൊണ്ടിരിക്കുന്ന ഒരു ആശയമാണ് Great Replacement Theory. വെള്ളക്കാരെ അവരുടെ സ്വന്തം രാജ്യങ്ങളിൽ ആസൂത്രിതമായി ന്യൂനപക്ഷമാക്കാൻ കുടിയേറ്റവും ജനസംഖ്യാ മാറ്റങ്ങളും ഉപയോഗിക്കുന്നു എന്ന വാദമാണിത്. ഒരു കാര്യം സത്യമാണ്. വെള്ളക്കാരുടെ എണ്ണത്തിൽ ക്രമാതീതമായ കുറവുണ്ടാകുന്നുണ്ട്.

മറ്റ് വിഭാഗക്കാർ അതിവേഗം വർദ്ധിക്കുന്നുമുണ്ട്. പക്ഷെ ഈ മാറ്റങ്ങൾ ആരെങ്കിലും ആസൂത്രിതമായി നടപ്പാക്കുന്നതാണോ എന്ന കാര്യത്തിൽ ഉറപ്പില്ല.

എന്നാൽ ഒരു കാര്യം ഉറപ്പാണ്. മനുഷ്യരുടെ വംശീയവും സാംസ്കാരികവുമായ സ്വത്വങ്ങൾ കൂടുതൽ സങ്കീർണമാകുന്ന ഒരു സമൂഹത്തിലേക്കാണ് അമേരിക്ക നീങ്ങുന്നത്.


സെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാ. എബി പൗലോസിന് ഹൃദയസ്പർശിയായ യാത്രയയപ്പ്

ഓറഞ്ച്ബർഗ്, ന്യൂയോർക്ക് ‘ നവംബർ 8, 2026

ന്യൂയോർക്കിലെ ഓറഞ്ച്ബർഗ് സെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിൽ ദീർഘകാലം വികാരിയായി സേവനമനുഷ്ഠിച്ച റവ. ഫാ. എബി പൗലോസിനും കുടുംബത്തിനും ഇടവകാംഗങ്ങൾ സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി. നവംബർ 8-ന് പരുമല പെരുന്നാളിനോടനുബന്ധിച്ചായിരുന്നു സമ്മേളനം.

2020 ഡിസംബർ 1 മുതൽ 2026 സെപ്റ്റംബർ 28 വരെ സെന്റ് ജോൺസ് ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ച ഫാ. എബി പൗലോസ് ഇപ്പോൾ പെൻസിൽവേനിയയിലെ ബെൻസേലം സെന്റ് ഗ്രിഗോറിയോസ് ദേവാലയത്തിന്റെ വികാരിയായി ചുമതലയേറ്റിരിക്കുകയാണ്.

ഇടവക സെക്രട്ടറി ബിജോ തോമസ് സ്വാഗതപ്രസംഗം നടത്തി. നല്ല ഇടയനെക്കുറിച്ചുള്ള സുവിശേഷസന്ദേശവുമായി അച്ചന്റെ ശുശ്രൂഷാകാലത്തെ ബന്ധപ്പെടുത്തി സംസാരിച്ച അദ്ദേഹം, ഇടയന്റെ ശബ്ദം ആടുകൾ തിരിച്ചറിയുന്നതുപോലെ ഫാ. എബി പൗലോസിന്റെ ആത്മീയനേതൃത്വവും സ്നേഹപൂർവമായ സമീപനവും ഇടവകാംഗങ്ങൾക്ക്



സുപരിചിതമായിരുന്നുവെന്ന് അനുസ്മരിച്ചു.

പ്രാർത്ഥനയിലും ഉപവാസത്തിലുമുള്ള വിശ്വാസം, ചെറിയ കാര്യങ്ങളിൽപ്പോലും പുലർത്തിയ വിശ്വസ്തത, മനുഷ്യപ്രയത്നത്തോടൊപ്പം ദൈവാനുഗ്രഹത്തിലുള്ള ആശ്രയം എന്നിവ അച്ചന്റെ ജീവിതത്തിലും ശുശ്രൂഷയിലും പ്രകടമായിരുന്ന പ്രധാന മൂല്യങ്ങളാണെന്ന് ബിജോ തോമസ് പറഞ്ഞു. അച്ചന്റെ ശുശ്രൂഷയിൽ പിന്തുണയായി നിന്ന ഭാര്യ അനിത പൗലോസിനും മക്കളായ എലിസബത്ത്, ജോഷ്വ, റെബേക്ക എന്നിവർക്കും അദ്ദേഹം നന്ദി അറിയിച്ചു. സെന്റ് ജോൺസ് ദേവാലയം എന്നും അവരുടെ സ്വന്തം ഭവനമായിരിക്കുമെന്നും കൂട്ടിച്ചേർത്തു.

പുതിയ വികാരി റവ. ഫാ. ബേസിൽ മണ്ണാത്തിക്കുളം അധ്യക്ഷത വഹിച്ചു. സൺഡേ സ്കൂൾ പ്രിൻസിപ്പലായി രണ്ടുവർഷം സേവനമനുഷ്ഠിക്കുകയും വെക്കേഷൻ ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മികച്ച നേതൃത്വം നൽകുകയും ചെയ്ത അനിത പൗലോസിനെ സൺഡേ സ്കൂൾ പ്രതിനിധികളായ നിജി വർഗീസ്, ഷിജി വിനോദ്, സ്നേഹ സോജി എന്നിവർ ആദരിച്ചു.

മർത്തമറിയം വനിതാസമാജം സെക്രട്ടറി സൂര്യ വെട്ടത്ത്, ഭദ്രാസന വനിതാസമാജം വൈസ് പ്രസിഡന്റായി ഒമ്പതു വർഷം പ്രവർത്തിച്ച ഫാ. എബി പൗലോസിന്റെ സേവനങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ജീവകാരുണ്യപ്രവർത്തനങ്ങളും അനുസ്മരിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം സക്കറിയ വർഗീസ് അച്ചന്റെ ഭരണനൈപുണ്യത്തെയും സമർപ്പിതമായ പ്രവർത്തനശൈലിയെയും പ്രശംസിച്ചു.

ഇടവകയുടെ സോഷ്യൽ മീഡിയ ടീം തയ്യാറാക്കിയ 'A Journey of Grace' എന്ന വീഡിയോ അച്ചന്റെ ശുശ്രൂഷാകാലത്തെ ഓർമകൾ പുതുക്കി. മദ്ബഹാ ശുശ്രൂഷകരെ പ്രതിനിധീകരിച്ച് സംസാരിച്ച ജോഷ്വ ജോർജ്, ആരാധനാ ശുശ്രൂഷയ്ക്കിടയിലെ ചെറിയ തെറ്റുകൾപോലും അച്ചൻ സ്നേഹത്തോടെയും ക്ഷമയോടെയും തിരുത്തിനൽകിയിരുന്നതായി അനുസ്മരിച്ചു. എം.ജി.ഒ.സി.എസ്.എം. പ്രതിനിധിയായി ക്രിസ് മാത്യൂസും സഭാ മാനേജിംഗ് കമ്മിറ്റി പ്രതിനിധിയായി കെ. ജി. ഉമ്മനും ആശംസകളും അനുസ്മരണങ്ങളും പങ്കുവച്ചു. യാത്രയയപ്പ് സന്ദേശത്തിൽ അനിത പൗലോസ്, 2020-ൽ കോവിഡ് മഹാമാരിക്കാലത്ത് ചെറിയ കുട്ടികളുമായി ദൂരെയുള്ള അപരിചിതമായ ഇടവകയിലെത്തിയപ്പോൾ



തങ്ങൾ ഒരു പുതിയ ശുശ്രൂഷാജീവിതം തുടങ്ങുകയായിരുന്നുവെന്ന് പറഞ്ഞു. ആറു വർഷത്തിനുശേഷം സെന്റ് ജോൺസിലേക്കുള്ള വരവ് ദൈവം നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നായി കാണുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

വൈദികപത്നി എന്ന നിലയിലെ ഉത്തരവാദിത്വങ്ങൾക്കിടയിലും ഇടവകാംഗങ്ങൾ തനിക്ക് ഭാരമോ പ്രത്യേക പ്രതീക്ഷകളോ നൽകിയില്ലെന്നും, സ്വന്തം മകളെയോ സഹോദരിയെയോ പോലെ ചേർത്തുപിടിച്ചെന്നും അനിത പൗലോസ് പറഞ്ഞു. കുടുംബത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടപ്പോഴും ആരോഗ്യസംബന്ധമായ പ്രതിസന്ധിഘട്ടത്തിലും ഇടവകാംഗങ്ങൾ ഒപ്പമുണ്ടായിരുന്നു. കുട്ടികളുടെ കാര്യങ്ങൾ ഉൾപ്പെടെ കുടുംബത്തെ സ്വന്തം കുടുംബത്തെപ്പോലെ പരിചരിച്ച അവരുടെ കരുതലിനും സ്നേഹത്തിനും നന്ദി പറഞ്ഞ അവർ, ഏറ്റവും ഇളയ മകൾ റെബേക്ക ജനിച്ചത് സെന്റ് ജോൺസിലാണെന്നും അവൾക്ക് അറിയാവുന്ന ഏക ദേവാലയം അതാണെന്നും ഓർമിപ്പിച്ചു. കുട്ടികൾ വളർന്നുവരുമ്പോൾ ഈ ഇടവകകുടുംബത്തെ തങ്ങളുടെ ബാല്യത്തിന്റെ വിലപ്പെട്ട ഭാഗമായി ഓർക്കുമെന്നും അവർ പറഞ്ഞു.

ക്രിസ്തുവിനെ ഹൃദയത്തിന്റെ കേന്ദ്രത്തിൽ നിലനിർത്താനും പരസ്പരം പിന്തുണച്ചും പ്രാർത്ഥിച്ചും സെന്റ് ജോൺസ് ഇടവകയുടെ ഒരുമയുടെ മനോഭാവം കാത്തുസൂക്ഷിക്കാനും അനിത പൗലോസ് ആഹ്വാനം ചെയ്തു. ''ദൈവം ഞങ്ങളെ എവിടേക്കു നയിച്ചാലും നിങ്ങൾ ഞങ്ങളുടെ ഹൃദയത്തിലുണ്ടാകും,'' എന്ന സന്ദേശത്തോടെയാണ് അവർ പ്രസംഗം അവസാനിപ്പിച്ചത്.

ഫാ. എബി പൗലോസ്, ഹൃദയപൂർവം ശുശ്രൂഷിച്ച ഇടം വിട്ടുപോകുന്നതും ഹൃദയം തുറന്ന് സ്നേഹം നൽകിയവരിൽനിന്ന് പിരിയുന്നതും വേദനയുള്ള അനുഭവമാണെന്ന് പറഞ്ഞു. കഴിഞ്ഞ ഫെബ്രുവരി മുതൽ കുടുംബത്തിന് ജീവിതം എളുപ്പമായിരുന്നില്ലെന്നും ആ കാലയളവിൽ സ്വന്തം കുടുംബത്തെപ്പോലെ ചേർത്തുപിടിച്ച ഇടവകാംഗങ്ങളോട് എത്ര നന്ദി പറഞ്ഞാലും മതിയാവില്ലെന്നും അദ്ദേഹം പറഞ്ഞു.

പുതിയ വികാരി ഫാ. ബേസിൽ മണ്ണാത്തിക്കുളത്തിന് എല്ലാ ഭാവുകങ്ങളും നേർന്ന ഫാ. എബി പൗലോസ്, ഇടവകാംഗങ്ങൾ തനിക്കു നൽകിയ സ്നേഹവും കരുതലും സഹകരണവും പുതിയ അച്ചനും നൽകണമെന്ന് അഭ്യർഥിച്ചു.

പ്രായഭേദമില്ലാതെ എല്ലാവരെയും ഉൾക്കൊള്ളുന്ന ഇടവകയുടെ സംസ്കാരം ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നുവെന്നും അത് തുടർന്നുകൊണ്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് കാലത്ത് എത്തിയപ്പോൾ ആഴത്തിലുള്ള ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയാതിരുന്ന തങ്ങൾ ആറു വർഷത്തിനുശേഷം എല്ലാവരെയും ഹൃദയത്തോടു ചേർത്തറിയുന്ന സാഹചര്യത്തിലാണ് വിടപറയുന്നതെന്നും അദ്ദേഹം അനുസ്മരിച്ചു. തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ഇടവകയോടൊപ്പം തങ്ങളുടെ സാന്നിധ്യം തുടരുമെന്നും പറഞ്ഞ് അദ്ദേഹം സന്ദേശം അവസാനിപ്പിച്ചു.

ഇടവക ട്രഷറർ ഫിലിപ്പ് പി. ഈശോ, ജോയിന്റ് ട്രഷറർ സാജൻ രാജു, ജോയിന്റ് സെക്രട്ടറി ഉമ്മൻ ഡാനിയേൽ എന്നിവർ ചേർന്ന് ഫാ. എബി പൗലോസിന് സ്മരണികയും ഉപഹാരവും സമർപ്പിച്ചു.

ആറുവർഷത്തോളമായി ഇടവകയുടെ ആത്മീയവും സംഘടനാപരവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വൈദികനോടും കുടുംബത്തോടുമുള്ള സ്നേഹവും നന്ദിയും പങ്കുവെച്ച അവസരമായി യാത്രയയപ്പ് സമ്മേളനം മാറി.

വാർത്തയ്ക്ക് ആധാരം: ഇടവക സെക്രട്ടറി ബിജോ തോമസ് നൽകിയ റിപ്പോർട്ട്.

emalayalee.com

Great News!



NOW YOU CAN

INSTANTLY

PLACE YOUR ADVT

or

BOOK YOUR AD SPACE

ON

eMalayalee.com

TARGET MALAYALEE AUDIENCE

THOUSANDS OF DAILY VISITORS

BOOST YOUR BRAND VISIBILITY

EASY, FAST & EFFECTIVE





WIDE ONLINE REACH

PREMIUM AD SPACES AVAILABLE

TRUSTED MEDIA PLATFORM

Just Click eMalayalee.com/Advertise

ഫ്രണ്ട്സ് ഓഫ് ഡാളസ് (FOD) ക്രിക്കറ്റ് ക്ലബ് 2027 ലെ ഭാരവാഹികളെ തിരഞ്ഞെടുത്തു.



ബിനോയ് ആര്യപ്പള്ളിൽ
ഡാളസ്

ഡാളസ്: അമേരിക്കയിലെ ടെക്സാസിൽ പ്രവാസി മലയാളികളുടെ പ്രമുഖ ക്രിക്കറ്റ് ക്ലബ്ബായ 'ഫ്രണ്ട്സ് ഓഫ് ഡാളസ്' (Friends of Dallas - FOD) 2027 വർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. നവംബർ 6 മുതൽ 8 വരെ ഒക്ലഹോമയിൽ വച്ച് നടന്ന വാർഷിക സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയായത്.

പുതിയ ഭാരവാഹികൾ (2027): മാനേജർ: ഡോ. ഷിബു സാമുവൽ, അസിസ്റ്റന്റ് മാനേജർ: ജോഷ് ഷാജി, സെക്രട്ടറി: റെനി മാത്യു, ട്രഷറർ: ബിനു വർഗീസ്, ടീം ക്യാപ്റ്റൻ: ബാബു സൈമൺ, വൈസ് ക്യാപ്റ്റൻ: ബിനു വർഗീസ്, ടീം കോർഡിനേറ്റർ: അജു മാത്യു, മീഡിയ കോർഡിനേറ്റർമാർ: എബിൻ വർഗീസ്, ബിനോയ് സാമുവൽ

ഉപദേശക സമിതി (അഡ്വൈസറി കമ്മിറ്റി): സന്തോഷ് വടക്കേകുറ്റി, ബിജു തോമസ്, ജസ്റ്റിൻ വർഗീസ്, ടോണി അലക്സാണ്ടർ, അലൻ ജെയിംസ്, പ്രിൻസ് ജോസഫ്, മാത്യു സെബാസ്റ്റ്യൻ എന്നിവരും ക്ലബ്ബിന്റെ ഔദ്യോഗിക ഭരണസമിതി അംഗങ്ങളുമാണ് ഉപദേശക സമിതിയിൽ ഉൾപ്പെടുന്നത്.

കേവലം ഒരു സ്പോർട്സ് ക്ലബ് എന്നതിലുപരി, ഡാലസിലെ പ്രവാസി മലയാളികൾക്കിടയിൽ സൗഹൃദവും സഹകരണവും കൂട്ടായ്മയും വളർത്തുന്ന ഒരു പ്രധാന വേദിയാണ് ഫ്രണ്ട്സ് ഓഫ് ഡാളസ്. ജയപരാജയങ്ങൾക്കപ്പുറം



കായികരംഗത്തെ നല്ല മൂല്യങ്ങളും പരസ്പര ബഹുമാനവും പങ്കുവെക്കുന്നതിനാണ് FOD എപ്പോഴും മുൻഗണന നൽകുന്നത്.

ഡാലസിലും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ മലയാളി, സൗത്ത് ഏഷ്യൻ ക്രിക്കറ്റ് ടൂർണമെന്റുകളിൽ FOD സജീവമായി പങ്കെടുക്കുകയും പുതിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

കൃത്യമായ ഇടവേളകളിൽ എക്സിക്യൂട്ടീവ് ടീമിനെയും അഡ്വൈസറി കമ്മിറ്റിയെയും ജനാധിപത്യപരമായി തിരഞ്ഞെടുത്താണ് ക്ലബ്ബിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ.

വരും വർഷങ്ങളിൽ മത്സരങ്ങൾക്കും മറ്റ് ക്ലബ്ബ് പ്രവർത്തനങ്ങൾക്കും പുറമെ സൗഹൃദവും സഹകരണവും കായിക മനോഭാവവും കൂടുതൽ ശക്തിപ്പെടുത്താൻ എല്ലാ അംഗങ്ങളും സജീവമായി പങ്കാളികളാകണമെന്ന് പുതിയ നേതൃത്വം അഭ്യർത്ഥിച്ചു.

തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിക്ക് സംഘടനയുടെ എല്ലാ അംഗങ്ങളും ആശംസകൾ നേർന്നു.



emalayalee.com The Weekly

ഡോ. സി. ടി. ഫ്രാൻസിസിന് കെ.എച്ച്.എൻ.എയുടെ പ്രഥമ സനാതനധർമ സാഹിത്യ ഗുരുശ്രേഷ്ഠ പുരസ്കാരം



ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം സ്വാമി ചിദാനന്ദപുരി സമർപ്പിച്ചു

കെ.എച്ച്.എൻ.എ
കേരള ന്യൂസ് ഡെസ്ക്

ആലപ്പുഴ: സനാതനധർമ സാഹിത്യരംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) ഏർപ്പെടുത്തിയ പ്രഥമ സനാതനധർമ സാഹിത്യ ഗുരുശ്രേഷ്ഠ പുരസ്കാരം പ്രമുഖ പണ്ഡിതനും അധ്യാപകനുമായ ഡോ. സി. ടി. ഫ്രാൻസിസിന് സമ്മാനിച്ചു. ആലപ്പുഴയിൽ നടന്ന കെ.എച്ച്.എൻ.എ കേരള കൺവെൻഷനിൽ സ്വാമി ചിദാനന്ദപുരിയാണ് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം സമർപ്പിച്ചത്.

ഭാരതീയ സനാതന സാഹിത്യത്തിലുള്ള അഗാധമായ പാണ്ഡിത്യം, സംസ്കൃത ഭാഷയിലുള്ള പ്രാവീണ്യം, നാലു പതിറ്റാണ്ടിലേറെയായി തുടരുന്ന അധ്യാപന പ്രവർത്തനങ്ങൾ, സനാതനധർമ സാഹിത്യത്തിന്റെ പഠനത്തിനും പ്രചാരണത്തിനും നൽകിയ ശ്രദ്ധേയമായ സംഭാവനകൾ എന്നിവ പരിഗണിച്ചാണ് ഡോ. ഫ്രാൻസിസിനെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

കെ.എച്ച്.എൻ.എയുടെ ആധ്യാത്മിക സമിതിയിലൂടെ സനാതനധർമ സാഹിത്യഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുകയും അവയുടെ ദാർശനിക ആശയങ്ങൾ വിശദീകരിക്കുകയും ചെയ്യുന്ന ഡോ. ഫ്രാൻസിസ്, ഭാരതീയ വിജ്ഞാന പാരമ്പര്യം പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിലും സജീവമായി പ്രവർത്തിച്ചുവരുന്നു.

സനാതനധർമ സാഹിത്യത്തിന്റെ പഠനത്തിനും പ്രചാരണത്തിനുമായി ജീവിതം സമർപ്പിച്ച ആചാര്യ

ന്മാരെ ആദരിക്കുന്നതിനാണ് കെ.എച്ച്.എൻ.എ ഈ പുരസ്കാരം ഏർപ്പെടുത്തിയത്. തുടർന്നും രണ്ടുവർഷത്തിലൊരിക്കൽ കേരളത്തിൽ നടക്കുന്ന കെ.എച്ച്.എൻ.എ കേരള കൺവെൻഷനിൽ അർഹനായ ആചാര്യനെ ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും നൽകി ആദരിക്കും.

ശാന്തഗോപിനാഥ പിള്ള കുടുംബമാണ് പുരസ്കാരത്തിനാവശ്യമായ തുക സംഭാവനയായി നൽകിയത്. വരും വർഷങ്ങളിലും പുരസ്കാരം മുടങ്ങാതെ നൽകുന്നതിനുള്ള സാമ്പത്തിക പിന്തുണ ഉറപ്പാക്കാനുള്ള നടപടികളും കുടുംബം സ്വീകരിച്ചുവരുന്നു. സനാതനധർമ സാഹിത്യപഠനത്തിനും ആചാര്യപരമ്പരയുടെ ആദരവിനുമായി കുടുംബം നൽകുന്ന ഈ പിന്തുണ കെ.എച്ച്.എൻ.എയുടെ സാംസ്കാരിക, ആധ്യാത്മിക പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നതാണ്.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ച പുരസ്കാരസമർപ്പണച്ചടങ്ങിൽ ഡോ. എം. ജി. ശശിഭൂഷൺ, അഭിഭാഷകനും പ്രഭാഷകനും അവതാരകനും എഡിറ്ററുമായ അഡ്വ. എ. ജയശങ്കർ, ആശാ മേനോൻ, ഡോ. ജെ. പ്രമീളാദേവി തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

മലയാള സാഹിത്യത്തിലെ സർഗാത്മക സംഭാവനകളെ ആദരിക്കുന്ന ആർഷദർശന പുരസ്കാരവും സനാതനധർമ സാഹിത്യരംഗത്തെ പാണ്ഡിത്യത്തെയും അധ്യാപനമികവിനെയും അംഗീകരിക്കുന്ന ഗുരുശ്രേഷ്ഠ പുരസ്കാരവും ഒരേ വേദിയിൽ സമ്മാനിച്ചത് കേരള കൺവെൻഷന്റെ സാംസ്കാരിക പ്രാധാന്യം വർധിപ്പിച്ചു.

സാഹിത്യവും ദാർശനിക ചിന്തയും ആത്മീയ വിജ്ഞാനവും സമൂഹത്തിന്റെ മൂല്യബോധം രൂപപ്പെടുത്തുന്നതിൽ വഹിക്കുന്ന പങ്ക് ഉയർത്തിക്കാട്ടിയ ചടങ്ങ്, അറിവിനെയും ആചാര്യപരമ്പരയെയും ഭാരതീയ സാംസ്കാരിക പൈതൃകത്തെയും ആദരിക്കുന്ന കെ.എച്ച്.എൻ.എയുടെ പ്രവർത്തനങ്ങളിൽ പുതിയൊരു അധ്യായമായി മാറി.



ഫൊക്കാന സ്പോർട്സ് കമ്മിറ്റി രൂപീകരിച്ചു;

യുവജന പങ്കാളിത്തം ശക്തിപ്പെടുത്താൻ വിപുലമായ കായിക പദ്ധതികൾ

ജിജി റ്റോം.
ഫൊക്കാന പി. ആർ. ഓ.



ന്യൂയോർക്. ഫൊക്കാനയുടെ അടുത്ത രണ്ട് വർഷത്തേക്കുള്ള (2026-2028) സ്പോർട്സ് കമ്മിറ്റി രൂപീകരിച്ചു. അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിൽ കായികരംഗത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും കായികപ്രവർത്തനങ്ങളിലൂടെ യുവതലമുറയെ ഫൊക്കാനയുമായി കൂടുതൽ അടുപ്പിക്കുന്നതിനുമാണ് പുതിയ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളിയെ സ്പോർട്സ് ഡയറക്ടറായും, ജിൻസ് ജോസഫിനെ സ്പോർട്സ് കോർഡിനേറ്ററായും നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു. പ്രവീൺ തോമസ് സ്പോർട്സ് ചെയർമാനായും വിപിൻ രാജ് കോ-ചെയർമാനായും പ്രവർത്തിക്കും.

വർഷങ്ങളായി കായികരംഗത്തും പ്രത്യേകിച്ച് ക്രിക്കറ്റ് ഉൾപ്പെടെയുള്ള വിവിധ കായികമേഖലകളിലും സംഘാടനമികവും

പ്രവർത്തനപരിചയവും തെളിയിച്ചിട്ടുള്ള ലിൻഡോ ജോളിയുടെയും ജിൻസ് ജോസഫിന്റെയും നേതൃത്വം ഫൊക്കാനയുടെ കായികപ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് ഫൊക്കാന സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അഭിപ്രായപ്പെട്ടു. കായിക രംഗത്തെ ഇവരുടെ അനുഭവസമ്പത്തും സംഘടനാപാടവവും പുതിയ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് സഹായകമാകുമെന്നും അവർ പ്രത്യാശ പ്രകടിപ്പിച്ചു.

നാലാം ക്ലാസിൽ ക്രിക്കറ്റ് കളിച്ചു തുടങ്ങിയ ലിൻഡോ ജോളി, പിന്നീട് കോട്ടയം ജില്ലയെയും കേരള അണ്ടർ-16, അണ്ടർ-19 ക്രിക്കറ്റ് ടീമുകളെയും പ്രതിനിധീകരിച്ചു. അമേരിക്കയിലെ ഡേടോണ ഡോട്ട്സ് ക്രിക്കറ്റ് ക്ലബ്ബിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം, അമേരിക്കയിലും കാനഡയിലുമായി നിരവധി ക്രിക്കറ്റ് ടൂർണമെന്റുകളിലും ലീഗുകളിലും സജീവമാണ്. ഫുട്ബോൾ, ബാഡ്മിന്റൺ എന്നീ കായിക ഇനങ്ങളിലും താൽപര്യമുള്ള ലിൻഡോയുടെ അനുഭവസമ്പത്തും നേതൃത്വപാടവവും ഫൊക്കാനയുടെ കായിക പ്രവർത്തനങ്ങൾക്ക് വലിയൊരു മുതൽക്കൂട്ടാകും.

വർഷങ്ങളായി അമേരിക്കൻ ക്രിക്കറ്റ് രംഗത്ത് സജീവ സാന്നിധ്യമായ ജിൻസ് ജോസഫ്, നിരവധി ക്രിക്കറ്റ് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിലും വിജയകരമായി നടത്തുന്നതിലും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കേരള ക്രിക്കറ്റ് ലീഗ് യുഎസ്എയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം കായികരംഗത്തെ സംഘാടന മികവുകൊണ്ടും നേതൃത്വപാടവം കൊണ്ടും ശ്രദ്ധേയനാണ്. ഫൊക്കാന സ്പോർട്സ് കോർഡിനേറ്ററെന്ന നിലയിൽ അദ്ദേഹത്തിന്റെ അനുഭവസമ്പത്തും സംഘാടന മികവും ഫൊക്കാനയുടെ കായിക പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും യുവതലമുറയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും വലിയ മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കായികരംഗത്തിലൂടെ പുതിയ തലമുറയെ ഫൊക്കാനയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് സ്പോർട്സ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം. അമേരിക്കയിലെയും കാനഡയിലെയും വിവിധ സംസ്ഥാനങ്ങളിലായി വിവിധ കായിക ഇനങ്ങളിൽ പരിശീലന ക്യാമ്പുകൾ, സ്പോർട്സ് അക്കാദമികൾ, യുവജന കായികമേളകൾ, അന്തർസംസ്ഥാന ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കാനാണ് കമ്മിറ്റി ലക്ഷ്യമിടുന്നതെന്ന് സ്പോർട്സ് കോർഡിനേറ്റർ ജിൻസ് ജോസഫ് അറിയിച്ചു.

പ്രശസ്ത ഇന്ത്യൻ ഫുട്ബോൾ താരവും ഇന്ത്യൻ ഫുട്ബോളിന്റെ അഭിമാനവുമായ ഐ. എം. വിജയൻ ഫൊക്കാന സ്പോർട്സ് വിങ്ങിന്റെ ബ്രാൻഡ് അംബാസഡറായി ചുമതലയേറ്റതായി ലിൻഡോ ജോളി അറിയിച്ചു. ഇന്ത്യൻ കായികരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഐ. എം. വിജയന്റെ സാന്നിധ്യം ഫൊക്കാനയുടെ കായികസംരംഭങ്ങൾക്ക് കൂടുതൽ പ്രചോദനവും അംഗീകാരവും നൽകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കായികരംഗത്ത് കഴിവുള്ള യുവപ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ പ്രോത്സാഹനവും മാർഗനിർദേശവും നൽകുന്നതിനും പ്രമുഖ കായികതാരങ്ങളുടെയും പരിശീലകരുടെയും സഹകരണം ഉറപ്പാക്കുന്നതിനും കമ്മിറ്റി ശ്രമിക്കും. കായികമത്സരങ്ങൾ സംഘടിപ്പിക്കുക എന്നതിനപ്പുറം, കായികരംഗത്തെ ഒരു സാംസ്കാരികവും സാമൂഹികവുമായ കൂട്ടായ്മയുടെ വേദിയാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും ലിൻഡോ ജോളി കൂട്ടിച്ചേർത്തു.

''കായികം ഒരു മത്സരം മാത്രമല്ല, തലമുറകളെ ഒന്നിപ്പിക്കുന്ന ശക്തമായ ഒരു ബന്ധം കൂടിയാണ്.'' ഈ ആശയത്തെ മുൻനിർത്തി, കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള എല്ലാ പ്രായവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന കായികപ്രവർത്തനങ്ങളിലൂടെ ഫൊക്കാനയുടെ കായികവിഭാഗത്തെ കൂടുതൽ സജീവമാക്കാനും, കായികരംഗത്തിലൂടെ യുവതലമുറയെ സംഘടനയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുമാണ് പുതിയ നേതൃത്വത്തിന്റെ ലക്ഷ്യമെന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു

അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിന്റെ കായികസ്വപ്നങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിനൊപ്പം, യുവതലമുറയുടെ കഴിവുകളും നേതൃത്വവും വളർത്തിയെടുത്ത് അവരെ ഫൊക്കാനയുടെ ഭാവി നേതൃത്വത്തിലേക്ക് കൈപിടിച്ചുയർത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് സ്പോർട്സ് കമ്മിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

സ്പോർട്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രെഷറർ ആൻറ്റോ വർക്കി എന്നിവർ ഭാവുകങ്ങൾ നേർന്നു.



ട്രംപിനെ അമേരിക്കൻ ജനത തിരസ്കരിച്ചത് എന്തുകൊണ്ട്?

അശോകൻ വേങ്ങശ്ശേരി

ഇക്കഴിഞ്ഞ നവംബർ 2 ലോകം ആകാംക്ഷയോടെ, ഉദ്വേഗത്തോടെ, ഉറ്റുനോക്കിയ ദിനമായിരുന്നു. അമേരിക്കൻ കോൺഗ്രസ്സിന്റെ രാഷ്ട്രീയഘടന നിശ്ചയിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിനെ ഇത്ര താല്പര്യപൂർവ്വം ലോകമാകവെ വീക്ഷിച്ച ചരിത്രം വളരെ അപൂർവ്വം. അമേരിക്കയുടെ രാഷ്ട്രീയ ദിശാമാറ്റത്തിൽ നിർണ്ണായകമായി മാറിയ ആ ജനവിധിയിൽ ഭാഗഭാക്കായ ലക്ഷോപലക്ഷം വോട്ടർമാരിൽ ഒരാളാകുവാൻ കഴിഞ്ഞു എന്നതിൽ എനിക്കും അഭിമാനിക്കാൻ വകയുണ്ട്.

2028 നവംബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിനുശേഷം പുതിയ പ്രസിഡന്റ് 2029 ജനുവരി 20-നു അധികാരമേൽക്കുംവരെയും അധികാരക്കസേരയിൽ ട്രമ്പുതന്നെ ആയിരിക്കുമെങ്കിലും കോൺഗ്രസ്സിന്റെ ഉപരിസഭയായ സെനറ്റും അധോസഭയായ ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സും എതിരാളികളായ ഡെമോക്രറ്റുകൾ പിടിച്ചെടുത്തതോടെ ട്രംപിന്റെ ഏകപക്ഷീയമായ അധികാരത്തിനു സാരമായ ക്ഷതം സംഭവിച്ചുകഴിഞ്ഞു,

ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിയെ അവരുടെ പരമ്പരാഗത തട്ടകങ്ങളിൽ നിന്നുപോലും അമേരിക്കൻ ജനത പരാജയപ്പെടുത്തിയതിനു പിന്നിലുള്ള സങ്കീർണ്ണങ്ങളായ കാരണങ്ങൾ രാഷ്ട്രീയ നിരീക്ഷകരും മാധ്യമങ്ങളും ഇപ്പോഴും വിശകലനം ചെയ്തുകൊണ്ടിരിക്കുന്നു. പല സ്വിങ് സീറ്റുകളിലും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികളുടെ മേൽ ഡെമോക്രറ്റുകൾക്കുള്ള മേൽക്കൈ പ്രവചിക്കപ്പെട്ടിരുന്നു എങ്കിലും പരക്കെ സംഭവിച്ച ഈ തിരിച്ചടി ഇത്ര ഭയാനകമായിരിക്കുമെന്നു പൊതുവെ പ്രതീക്ഷിക്കപ്പെട്ടിരുന്നില്ല എന്നതാണു വാസ്തവം.

2024 നവംബറിൽ ഏറെ പിന്തുണയോടെയും പ്രതീക്ഷയോടെയും ആയിരുന്നു ജനങ്ങൾ ട്രമ്പിനെ അധികാരത്തിലെത്തിയത്. എന്നാൽ രണ്ടു വർഷങ്ങൾ പിന്നിടുമ്പോഴേക്കും ജനങ്ങൾ ആകെ നിരാശാഭരിതരായിരിക്കുന്നു. അതിന്റെ പ്രതിഫലനമായിരുന്നു പോളിംഗ് ബൂത്തിൽ ദൃശ്യമായത്. യുദ്ധങ്ങളുടെയും കാലുഷ്യങ്ങളുടെയും അന്തരീക്ഷത്തിൽനിന്നും ലോകത്തെ വിടുവിക്കുകയാണ് തന്റെ ലക്ഷ്യമെന്നു പറഞ്ഞ ട്രംപ് പുതിയ

യുദ്ധമുഖങ്ങൾ തുറക്കുവാൻ തനിക്കു താല്പര്യമില്ല എന്നും അന്നു പ്രസ്താവിച്ചിരുന്നു. അമേരിക്കയെ പൂർവ്വകാല സൗഭാഗ്യദശയിലേക്കു നയിക്കുക എന്നതാണു തന്റെ ലക്ഷ്യമെന്ന കാഴ്ചപ്പാടിനെ പ്രതീക്ഷാനിർഭരതയോടെ അമേരിക്കക്കാർ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ പ്രതീക്ഷകളെ കാറ്റിൽ പറത്തിയതിനു ജനം നൽകിയ ശിക്ഷ ലോകത്തെവിടെയുമുള്ള രാഷ്ട്രീയ നേതൃത്വങ്ങൾക്കു പാഠമാണ്.

സർവ്വസന്നാഹങ്ങളോടെ നടത്തിയ സായുധയുദ്ധങ്ങളും ഇന്ത്യയും ചൈനയും ഉൾപ്പെടുന്ന നിരവധി രാജ്യങ്ങളുടെമേൽ നടത്തിയ താരിഫ് യുദ്ധങ്ങളും അമേരിക്കയെ ശക്തിപ്പെടുത്തുകയല്ല, പല നിലകളിലും തളർത്തുകയാണു ചെയ്തതെന്നു അനുഭവങ്ങളിലൂടെ ജനത്തിനു മനസ്സിലായി. അമേരിക്കയുടെ എക്കാലത്തെയും ആത്മബന്ധുക്കളായ കാനഡയെപ്പോലും താരിഫ് യുദ്ധത്തിൽ വെറുതെവിടാൻ ട്രംപ് ഒരുക്കമായിരുന്നില്ല.

സർവ്വവ്യാപകമായ വിലക്കയറ്റത്തിൽ അമേരിക്കയിൽ സാധാരണക്കാർ ഞെരുങ്ങുകയാണ്. അമേരിക്കയുടെ ദേശീയ കടം (national debt) ട്രംപ് ഭരണമേറ്റെടുത്തതിനുശേഷം അമിതമായി പെരുകി (35.5 ട്രില്ലനിൽ നിന്നും 40.5 ട്രില്ലനിലേക്കു). മാത്രമല്ല, ചൈനയിൽ സംഭവിക്കുന്നതിനു വിരുദ്ധമായി വ്യാപാരക്കമ്മി (trade deficit) മാസം 100 ബില്യണിൽ അധികമാവുകയും ചെയ്യുന്നു. ഇതെല്ലാം സാമ്പത്തികരംഗം താറുമാറാക്കാൻ കാരണങ്ങളാവുകയും ചെയ്യുന്നു. തൊഴിലില്ലായ്മ ഗുരുതരമാവാതിരിക്കുന്നതു ഭാഗ്യം.

എന്നാൽ സാമ്പത്തിക രംഗത്തു സംഭവിച്ച വീഴ്ചകൾ മാത്രമല്ല ജനങ്ങളുടെ വെറുപ്പ് നേടിയത്. അന്താരാഷ്ട്രരംഗങ്ങളിൽ എന്നപോലെ ആഭ്യന്തര രംഗത്തും ഉല്പാദിപ്പിക്കപ്പെട്ട വെറുപ്പിന്റെയും ഭയത്തിന്റെയും അന്യതാവത്ക്കരണത്തിന്റെയും പരിണിതഫലമായിവേണം ഈ തെരഞ്ഞെടുപ്പുഫലത്തെ കാണേണ്ടത്. ഭയാനകമായ തോൽവിയെ വിനയത്തോടെ ആദ്യം സ്വീകരിച്ച ട്രംപ് അതിനു വിരുദ്ധമായി ഇപ്പോൾ തെരഞ്ഞെടുപ്പ് പ്രക്രിയയെയും വോട്ടിംഗ് മെഷീനെയും കുറ്റം പറയുന്ന നിലയിൽ തരംതാണിരിക്കുന്നു.

ന്യൂയോർക് ടൈംസ് അതിന്റെ മുഖപേജിൽ നവമ്പർ 10, റിപ്പോർട്ടുചെയ്തിരിക്കുന്ന വാർത്ത വായിച്ചപ്പോൾ ഏറെ അത്ഭുതമാണു തോന്നിയത്.

പലതുകൊണ്ടും അമേരിക്കൻ പാരമ്പര്യങ്ങളുടെ ചിട്ടവട്ടങ്ങൾക്കുള്ളിൽ ഒതുങ്ങുന്ന ആളല്ല താനെന്നു മുൻപ് തെളിയിച്ചിട്ടുള്ള ട്രംപിനെ തളക്കാൻ ഡെമോക്രറ്റുകളുടെ വർധിത വീര്യത്തിനു കരുത്തുണ്ടോ എന്നത് കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു



സാമ്പത്തികരംഗത്തു സംഭവിച്ച വീഴ്ചകൾ മാത്രമല്ല ജനങ്ങളുടെ വെറുപ്പ് നേടിയത്. അന്താരാഷ്ട്രരംഗങ്ങളിൽ എന്നപോലെ ആഭ്യന്തര രംഗത്തും ഉല്പാദിപ്പിക്കപ്പെട്ട വെറുപ്പിന്റെയും ഭയത്തിന്റെയും അന്യതാവത്ക്കരണത്തിന്റെയും പരിണിതഫലമായിവേണം ഈ തെരഞ്ഞെടുപ്പുഫലത്തെ കാണേണ്ടത്.




അമേരിക്കയിൽനിന്ന് നേടിയ അറിവും അനുഭവസമ്പത്തും ജന്മനാടിന് സമർപ്പിച്ച് മാതൃകയായ പ്രവാസി; 'റിവേഴ്സ് ബ്രെയിൻ ഡ്രെയിൻ' എന്ന ആശയത്തിന് പ്രചോദനമായി സണ്ണി ലൂക്കിന്റെ ജീവിതയാത്ര

കോട്ടയം: ജീവിതവും സ്നേഹവും സൗഹൃദവും സേവനവും ഒത്തുചേർന്ന ആഘോഷത്തിന് നവംബർ 7-ന് കോട്ടയം ഹോട്ടൽ എയ്ഡ വേദിയായി. പ്രൊഫ. ഡോ. സണ്ണി ലൂക്കിന്റെ 75-ാം ജന്മദിനവും സണ്ണി ലൂക്ക്ഫിലോ ദമ്പതികളുടെ 50-ാം വിവാഹവാർഷികവും കുടുംബാംഗങ്ങളുടെയും പ്രമുഖ വ്യക്തികളുടെയും അക്കാദമിക് രംഗത്തെ സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യത്തിൽ ആഘോഷിച്ചു. അമേരിക്കയിൽനിന്ന് കേരളത്തിലേക്ക് മടങ്ങിയെത്തിയശേഷം വിദ്യാഭ്യാസ, ഗവേഷണ, സാമൂഹിക മേഖലകളിൽ സണ്ണി ലൂക്ക് നടത്തിയ ങ്ങി. അമേരിക്കയിൽ ഏകദേശം 35 വർഷത്തെ പ്രവാസ ജീവിതത്തിനുശേഷം കേരളത്തിൽ തിരിച്ചെത്തിയ സണ്ണി ലൂക്കിന്റെ ജീവിതത്തിലെ നിർണായകമായ അധ്യായമാണ് ഈ പുസ്തകം അടയാളപ്പെടുത്തുന്നത്. ഉന്നതവിദ്യാഭ്യാസം, ഗവേഷണം, അന്താരാഷ്ട്ര അക്കാദമിക് സഹകരണം, സാമൂഹിക സേവനം എന്നിവയിൽ അദ്ദേഹം നടത്തിയ ഇടപെടലുകളാണ് ഗ്രന്ഥത്തിന്റെ പ്രമേയം.

പ്രവാസജീവിതത്തിന്റെ യഥാർഥ വിജയം വിദേശത്ത് നേടിയെടുക്കുന്ന നേട്ടങ്ങളിൽ മാത്രമല്ല, അവയിൽനിന്ന് എന്തെല്ലാം സ്വന്തം നാടിന് തിരികെ നൽകുന്നു എന്നതിലുമാണെന്ന് സണ്ണി ലൂക്കിന്റെ ജീവിതം തെളിയിക്കുന്നു. മെഡിക്കൽ ജനറ്റിക്സ്, മോളിക്യുലാർ പാത്തോളജി, കാൻസർ ബയോളജി, ബയോടെക്നോ

കോട്ടയം സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം ചടങ്ങിന് ആശീർവാദം നൽകി. ഹൂസ്റ്റണിലെ വെരി. റവ. പ്രസാദ് കോവൂർ കോറെപ്പിസ്കോപ്പ സന്നിഹിതനായിരുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. അച്യുത്ശങ്കർ എസ്. നായർ ആശംസാപ്രസംഗം നടത്തി. മാധ്യമപ്രവർത്തകയും ഇമലയാളി എഡിറ്ററുമായ മീട്ടു റഹ്മത്ത് കലാം രചിച്ച 'ദി ഗോൾഡൻ ചാപ്റ്റർ :സയൻസ്, സർവീസ് ആൻഡ് എ സെക്കൻഡ് കോളിംഗ്' എന്ന 153 പേജുള്ള ഗ്രന്ഥം അദ്ദേഹം പ്രകാശനം ചെയ്തു. ആദ്യപ്രതി ബിസിഎം കോളജ് പ്രിൻസിപ്പൽ പ്രൊഫ. തോമസ് കെ.വി. ഏറ്റുവാ





ളജി തുടങ്ങിയ മേഖലകളിൽ അമേരിക്കയിൽ ശ്രദ്ധേയമായ ശാസ്ത്രജീവിതം കെട്ടിപ്പടുത്ത അദ്ദേഹം, അറിവും അനുഭവ സമ്പത്തും അന്താരാഷ്ട്ര അം ഗീകാരങ്ങളും നേടിയശേഷം അവയെ സ്വന്തം നാടിന്റെ പുരോഗതിക്കായി വിനിയോഗി ക്കാനാണ് തീരുമാനിച്ചത്.

അമേരിക്കൻ സർവക ലാശാലകളുമായും ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളു മായും അക്കാദമിക് ബന്ധ ങ്ങൾ സ്ഥാപിക്കുന്നതിനായി അദ്ദേഹം പ്രവർത്തിച്ച ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയന്റിഫിക് ആൻഡ് അക്കാദ മിക് കൊളാബറേഷൻ (IISAC) ഈ ദൗത്യത്തിലെ പ്രധാന വേദിയായി. വിദ്യാർഥി വിനി മയ പരിപാടികൾ, സംയുക്ത ഗവേഷണം, അന്താരാഷ്ട്ര അ ക്കാദമിക് സഹകരണങ്ങൾ എന്നിവയിലൂടെ കേരളത്തിലെ വിദ്യാർഥികൾക്ക് ആഗോള വി ദ്യാഭ്യാസ അവസരങ്ങൾ തുറ ന്നുകൊടുക്കാൻ അദ്ദേഹം പരി ശ്രമിച്ചു.

ബിസിഎം കോളജിലെ പ്രൊഫസർ ഓഫ് പ്രാക്ടീസ് എന്ന നിലയിലുള്ള പ്രവർത്ത നങ്ങളും പാഠ്യപദ്ധതി പരി ഷ്കരണം, സിലബസ് രൂപീ കരണം, അധ്യാപനം എന്നിവ യിലെ ഇടപെടലുകളും അന്താ രാഷ്ട്ര അക്കാദമിക് കാഴ്ചപ്പാ ടുകൾ കേരളത്തിലെ ക്ലാസ് മു റി കളി ലെത്തി ക്കു ന്ന തിൽ നിർണായകമായി. അമേരിക്ക യിൽ നേടിയ അറിവും ഗവേ ഷണ പരിചയവും പുതിയ തലമുറയിലേക്ക് പകർന്നുനൽ കുന്നതിലൂടെ ആഗോളതല ത്തിൽ മത്സരിക്കാൻ വിദ്യാർഥി

കളെ പ്രാപ്തരാക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

സണ്ണി ലൂക്കിന്റെ ആശയത്തിൽ പിറന്ന ശ്രദ്ധേയമായ അക്കാദമിക് സംരംഭമാണ് Introduction to Kerala Studies എന്ന പുസ്തകം. കേരളത്തിന്റെ ചരിത്രം, സംസ്കാരം, സമൂഹം, വിജ്ഞാനപാരമ്പര്യം എന്നിവയെ അക്കാദമിക് പഠനത്തിന്റെ ഭാഗമാക്കി പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന അദ്ദേഹത്തിന്റെ ദർശനമാണ് ഈ സംരംഭത്തിനു പിന്നിൽ. ആഗോള കാഴ്ചപ്പാടുകൾ സ്വീകരിക്കുമ്പോഴും സ്വന്തം വേരുകളെയും സാംസ്കാരിക സ്വത്വത്തെയും മറക്കരുതെന്ന സന്ദേശമാണ് ഇതിലൂടെ അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത്.

വിദ്യാഭ്യാസരംഗത്തിനപ്പുറവും അദ്ദേഹത്തിന്റെ സേവനമനോഭാവം വ്യാപിച്ചുകിടക്കുന്നു. ഏയ്ഞ്ചൽസ് വില്ലേജ് ഉൾപ്പെടെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലെ പങ്കാളിത്തം സമൂഹത്തിലെ അർഹരായവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെ പ്രതിഫലനമാണ്. അറിവും സമ്പത്തും വ്യക്തിപരമായ നേട്ടങ്ങളിൽ ഒതുങ്ങാതെ സമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നയിക്കുന്നത്.

വിദേശത്ത് പോയി പഠിച്ച്, പ്രവർത്തിച്ച്, നേട്ടങ്ങൾ കൈവരിച്ചശേഷം അവയെ ജന്മനാടിന്റെ പുരോഗതിക്കായി തിരിച്ചുനൽകുന്ന ഈ ജീവിതയാത്ര പ്രവാസി സമൂഹത്തിന് 'റിവേഴ്സ് ബ്രെയിൻ ഡ്രെയിൻ' എന്ന ആശയത്തിന്റെ ഉത്തമ മാതൃകയാണ്. വിദേശത്തേക്ക് പോകുന്നതും നേട്ടങ്ങൾ കൈവരിക്കുന്നതും മാത്രമല്ല, ആ നേട്ടങ്ങളുടെ പ്രയോജനം സ്വന്തം നാടിനും സമൂഹത്തിനും ലഭ്യമാക്കുന്നതിലാണ് പ്രവാസജീവിതത്തിന്റെ യഥാർഥ മഹത്വമെന്ന് സണ്ണി ലൂക്ക് ഓർമിപ്പിക്കുന്നു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെ ആഗോള വിജ്ഞാനശൃംഖലകളുമായും ഗവേഷണ സംരംഭങ്ങളുമായും അന്താരാഷ്ട്ര അക്കാദമിക് അവസരങ്ങളുമായും















ബന്ധിപ്പിക്കുക എന്ന അദ്ദേഹത്തിന്റെ ദർശനമാണ് പ്രകാശനം ചെയ്ത പുസ്തകത്തിന്റെ കേന്ദ്രപ്രമേയം.

ആർട്ടിസ്റ്റ് മാത്യൂസാണ് പുസ്തകത്തിന്റെ രൂപകൽപ്പന നിർവഹിച്ചത്. 350 പേജുകളുള്ള സമ്പൂർണ ജീവചരിത്രം 'ഫ്രം ജീൻസ് ടു ജനറേഷൻസ്' ഈ വർഷം അവസാനത്തോടെ പ്രകാശനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബാല്യവും കൗമാരവും വിവാഹജീവിതവും നൈജീരിയയിലെ അധ്യാപനകാലവും അമേരിക്കയിലെ ശാസ്ത്രജീവിതവും കേരളത്തിലേക്കുള്ള മടക്കവും ഉൾപ്പെടെ അദ്ദേഹത്തിന്റെ ജീവിതയാത്രയുടെ സമഗ്രരേഖയായിരിക്കും ഈ പുസ്തകം. മട്ടത്തില്പറമ്പിൽ കുടുംബത്തിന്റെ കുടിയേറ്റചരിത്രവും സണ്ണി ലൂക്കിന്റെ ജീവിതദർശനവും ഇതിൽ ഉൾപ്പെടും. സണ്ണി ലൂക്കിനെക്കുറിച്ചുള്ള 15 പേജുള്ള ആമുഖ പുസ്തകവും ചടങ്ങിൽ അതിഥികൾക്ക് വിതരണം ചെയ്തു.

ദമ്പതികളുടെ മക്കളായ സന്ദീപ് ലൂക്കും സനൂപ് ലൂക്കും യഥാക്രമം അമേരിക്കയിൽനിന്നും ഡെൻമാർക്കിൽനിന്നും എത്തിയതോടെ ആഘോഷത്തിന് കുടുംബസംഗമത്തിന്റെ പ്രത്യേകത കൈവന്നു. പിതാവിനൊപ്പമുള്ള ബാല്യകാല ഓർമകളും വളർന്നുവന്ന കാലത്തെ അനുഭവങ്ങളും ഇരുവരും പങ്കുവച്ചു. ഭാര്യമാരായ ദിയ, കാമില, മക്കളായ ആവ, കയാൻ, ഫെലിക്സ് എന്നിവരുടെ ജന്മദിന, വിവാഹവാർഷിക ആശംസകളും അവർ കൈമാറി. അമേരിക്കയിലുള്ള സണ്ണി ലൂക്കിന്റെ സഹോദരങ്ങൾ സ്നേഹവും ആശംസകളും നിറഞ്ഞ വീഡിയോ സന്ദേശങ്ങൾ അയച്ചു. സുവർണ വിവാഹവാർഷികത്തിന്റെ ഭാഗമായി ലിയോ പതിനാലാമൻ മാർപാപ്പയുടെ ചിത്രം ആലേഖനം ചെയ്ത സ്മാരകോപഹാരവും ദമ്പതികൾക്ക് സമ്മാനിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള കുടുംബാംഗങ്ങളുടെ സാന്നിധ്യവും സന്ദേശങ്ങളും ചടങ്ങിനെ ഹൃദയസ്പർശിയായ കുടുംബസംഗമമാക്കി.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ.

അച്യുത്ശങ്കർ എസ്. നായർ സണ്ണി ലൂക്കിനെ ചുറുചുറുക്കും സൗഹൃദമനോഭാവവും കഠിനാധ്വാനവും ശുഭാപ്തിവിശ്വാസവുമുള്ള വ്യക്തിത്വമായാണ് വിശേഷിപ്പിച്ചത്. കാര്യങ്ങൾ ഏറ്റെടുത്ത് വിജയകരമായി നടപ്പാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവും എപ്പോഴും മുഖത്തുള്ള പുഞ്ചിരിയും അദ്ദേഹത്തെ മികച്ച സഹപ്രവർത്തകനെന്നതിലുപരി പ്രിയപ്പെട്ട സുഹൃത്തുമാക്കിയെന്ന് അദ്ദേഹം അനുസ്മരിച്ചു. കേരളത്തിലെ സർവകലാശാലകളിൽ അന്താരാഷ്ട്ര അക്കാദമിക് വിനിമയ പരിപാടികൾ പുനരാരംഭിക്കുന്നതിന് സണ്ണി ലൂക്കിന്റെ അനുഭവസമ്പത്തും ഊർജവും പ്രയോജനപ്പെടുത്താൻ താൽപര്യമുണ്ടെന്നും അച്യുത് ശങ്കർ പറഞ്ഞു.

ആഘോഷത്തിന് സംഗീതസാന്ദ്രത പകർന്നുകൊണ്ട് അച്യുത്ശങ്കർ സണ്ണി ലൂക്കിന്റെ പ്രിയഗാനങ്ങളിലൊന്നായ 'സ്വർണച്ചാമരം വീശിയെത്തുന്ന' ആലപിച്ചു. ക്രിസ്തുവിനെക്കുറിച്ച് സ്വയംരചിച്ച ഏതാനും വരികളും അദ്ദേഹം അവതരിപ്പിച്ചു.

മാക്ഫാസ്റ്റിന്റെ സ്ഥാപകനും പുഷ്പഗിരി മെഡിക്കൽ കോളജിന്റെ മുൻ പ്രിൻസിപ്പളുമായ റവ. ഫാ. ഡോ. എബ്രഹാം മൂലമറ്റം സണ്ണി ലൂക്കുമായുള്ള കാൽനൂറ്റാണ്ടത്തെ സൗഹൃദം അനുസ്മരിച്ചു. 25 വർഷം മുമ്പ് ന്യൂജേഴ്സിയിലെ സണ്ണിയുടെ വീട്ടിൽ നടത്തിയ സന്ദർശനവും അഡൽഫി സർവകലാശാലയിലെ മെഡിക്കൽ ബയോടെക്നോളജി ക്ലാസിലെ അധ്യാപനവും കൊളംബിയ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷണ പ്രവർത്തനങ്ങളും അമേരിക്കൻ ഉന്നതവിദ്യാഭ്യാസ മേഖലയെ അടുത്തറിയാൻ സഹായിച്ച അനുഭവങ്ങളായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിൽ നൂതന അക്കാദമിക് പരിപാടികൾ അവതരിപ്പിക്കാനുള്ള തന്റെ ശ്രമങ്ങൾക്ക് അമേരിക്കൻ വിദ്യാഭ്യാസരംഗത്തെയും ശാസ്ത്രഗവേഷണത്തെയും കുറിച്ചുള്ള സണ്ണിയുടെ അനുഭവസമ്പത്ത് വലിയ പിന്തുണയായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

IISAC എക്സിക്യൂട്ടീവ് ഡയറക്ടറും വേൾഡ് മലയാളി കൗൺസിൽ(ന്യൂജേഴ്സി)സ്ഥാപകനും മൂന്ന് പതിറ്റാണ്ടിലേറെയായി സണ്ണി ലൂക്കിന്റെ അടുത്ത സഹപ്രവർത്തകനുമായ അലക്സ് കോശി ചടങ്ങിലെ ശ്രദ്ധേയമായൊരു നിമിഷത്തിന് നേതൃത്വം നൽകി. സണ്ണിയെയും ഫിലോയെയും മാലയിട്ട് പരസ്പരം ആദരിക്കാൻ ക്ഷണിച്ചുകൊണ്ട് 75-ാം ജന്മദിനത്തോടൊപ്പം അവരുടെ 50 വർഷത്തെ ദാമ്പത്യജീവിതവും പ്രതീകാത്മകമായി ആഘോഷിച്ചു. സണ്ണി ലൂക്കിന്റെ അക്കാദമിക് സംഭാവനകളെയും Introduction to Kerala Studies എന്ന പുസ്തകമെന്ന ആശയത്തിന്റെ പിന്നിലെ ദർശനത്തെയും അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു. കേരളത്തിന്റെ ചരിത്രവും സംസ്കാരവും സമൂഹവും വിജ്ഞാനപാരമ്പര്യവും അക്കാദമിക് പഠനത്തിന്റെ ഭാഗമാക്കാനുള്ള ഈ സംരംഭം, ആഗോള അറിവിനൊപ്പം സ്വന്തം വേരുകളെയും ചേർത്തു നിർത്തണമെന്ന സണ്ണിയുടെ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം വിലയിരുത്തി. വേൾഡ് മലയാളി കൗൺസിലിനെ (ഡബ്ല്യു.എം.സി.) പ്രതിനിധീകരിച്ച് മിഡിൽ ഈസ്റ്റ് ചാപ്റ്റർ സെക്രട്ടറി ജോണി കുരുവിള പ്രൊഫ. ഡോ. സണ്ണി ലൂക്കിനെ പൊന്നാട അണിയിച്ച് ആദരിച്ചു. വിദ്യാഭ്യാസ, സാമൂഹിക മേഖലകളിലെ അദ്ദേഹത്തിന്റെ സംഭാവനകൾക്കുള്ള ആദരസൂചകമായിരുന്നു ഈ ചടങ്ങ്.

സ്വീകരണം, ഉദ്ഘാടന ചടങ്ങ്, ആശീർവാദം, ആശംസാപ്രസംഗങ്ങൾ, ദമ്പതികളെ ആദരിക്കൽ, കേക്ക് മുറിക്കൽ എന്നിവയോടെയാണ് ആഘോഷങ്ങൾ നടന്നത്. പ്രാർഥന, സംഗീതപരിപാടികൾ, നൃത്താവിഷ്കാരങ്ങൾ, ജീവചരിത്ര പുസ്തകത്തിന്റെ പരിചയപ്പെടുത്തലും പ്രകാശനവും, അത്താഴവിരുന്ന്, കുടുംബചിത്രങ്ങൾ എന്നിവയും പരിപാടിയുടെ ഭാഗമായി.

വിദ്യാഭ്യാസ-ഗവേഷണ മേഖലകളിലെ പ്രമുഖരും അധ്യാപകരും സ്ഥാപന മേധാവികളും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുഹൃത്തുക്കളും ഒത്തുചേർന്ന ചടങ്ങ് ഒരു ജന്മദിന-വിവാഹവാർഷിക ആഘോഷം എന്നതിലുപരി അറിവിന്റെയും സൗഹൃദത്തിന്റെയും കാരുണ്യത്തിന്റെയും കൂട്ടായ്മയായി മാറി. വിദേശത്ത് പോയി സമ്പാദിക്കുന്നതിലല്ല, സ്വന്തം വേരുകൾ നൽകിയ സമൂഹത്തിന് തിരികെ നൽകുന്നതിലാണ് ഒരു പ്രവാസിയുടെ ഏറ്റവും വലിയ പൈതൃകം എന്ന സന്ദേശമാണ് അദ്ദേഹത്തിന്റെ ജീവിതം പകരുന്നത്.


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us